Reg. No. C 101 M 2298

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

ജൂബിലി വിശേഷാൽപ്രതി

| പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു — എറണാകുളം 1124 മീനം 17 | ലക്കം 32 |
|---|---|---|

# പോപ്പുരാജൻ വിജയിപ്പുതാക !!

## മാപ്പാപ്പാമംഗളഗാനം

(സി. വി. കുര്യൻ, കോടിക്കുളം)

(വഞ്ചിപ്പാട്ട്)

1. ജയിക്കട്ടെ പോപ്പുരാജൻ, ജയിക്കട്ടെ സഭാപാലൻ
ജയിക്കട്ടെ മിശിഹാതൻ പ്രതിപുരുഷൻ.
ജയിക്കട്ടെ സമാധാന ദൂതനാം പന്ത്രണ്ടാം പീയൂസ്
ജയിക്കട്ടെ ഭുവനൈക ധാർമ്മിക സമ്രാട്ട്.



ഡോൺ ഫിലിപ്പോ പച്ചേല്ലി
(മാപ്പാപ്പായുടെ പിതാവ്)



ഡോണാ വിർജീനിയാ ഗ്രസിയോസി
(മാപ്പാപ്പായുടെ മാതാവ്)





എവുജേനിയോ
(മാപ്പാപ്പാ—ബാലൻ)



ഫ്രാൻചെസ്കോ
(മാപ്പാപ്പായുടെ സഹോദരൻ)

2. സമൂലമാം വിപ്ലവവും, സമരവും മൂലമെങ്ങും
സമാധാനം സ്ഥാപിക്കുക സാദ്ധ്യമല്ലല്ലോ.
വജ്രവൈരം പുലരാതെ, വിപ്ലവങ്ങൾ വിളയാതെ
സ്വർഗ്ഗതുല്യമായ് തീരട്ടെ! ലോകമെങ്ങുമേ.

3. ലോകനേതാക്കന്മാരെല്ലാം അവിടുത്തെക്കുണ്ടയെന്നാൽ
ലോകമിതു നാകലോക തുല്യമായ്ത്തീരും
പാവനമാം സാഹോദര്യം പാരിലെങ്ങും കളിയാടാൻ
ദൈവമേ, നീ മാപ്പാപ്പായെ കാത്തുകൊള്ളണേ.

4. ഗുണവാനാം നമ്മുടെ പോപ്പുരാജൻ ജയിക്കട്ടെ!
ഗുണഗണം ലോകമാകെ പരന്നിടട്ടെ!
ഈശപരനഗ്രഹത്തിനായ് തുമാരി പൊഴിക്കട്ടെ!
ശാശ്വതമായ് ലോകാപത്തു തടുത്തീടാനായ്.

5. ആയുരാരോഗ്യാദി സമ്പൽ സമൃദ്ധിയിൽ തിരുമേനി
ശ്രേയസ്കരമായി നമ്മെ കാത്തരുളട്ടെ!
ജയിക്കട്ടെ! പോപ്പുരാജൻ, ജയിക്കട്ടെ!! സഭാപാലൻ,
ജയിക്കട്ടെ!! മിശിഹാതൻ പ്രതിപുരുഷൻ.



ഫാദർ എവുജേനിയോ പച്ചേല്ലി
(മാപ്പാപ്പാ—വൈദികൻ)



കർദ്ദിനാൾ പച്ചേല്ലി
(സ്റ്റേറ്റ് സെക്രട്ടറി)

# ലോകൈകസമാധാനദൂതൻ

(ഡോക്ടർ പോൾ കാക്കശേരി പി എച്ച്. ഡി., ഡി. ഡി.)

ലോകമഹായുദ്ധം സമാപ്തമായിട്ടു മൂന്നുവഷത്തിലധികമായി. പക്ഷെ സമാധാനസൂര്യന്റെ പൊൻപുലരികണ്ടാനന്ദിപ്പാനുള്ള ഭാഗ്യം മാനവസമുദായത്തിനു ഇനിയും കരഗതമായിട്ടില്ല. മാത്രമല്ല, സമാധാനസൂര്യനെ ഭൂമുഖത്തുനിന്നു മറച്ചുകളയുന്ന കാർമേഘപടലങ്ങൾ ഒന്നിനുപുറകെ ഒന്നായി ലോകാന്തരീക്ഷത്തിൽ തടിച്ചുകൂടിക്കൊണ്ടിരിക്കയും ചെയ്യുന്നു. ലോകസമാധാനസ്ഥാപനാർത്ഥം രാഷ്ട്രനേതാക്കളും സമുദായപ്രമുഖരും അവിശ്രാന്തം കൂടിയാലോചനകൾ നടത്തിവരികയാണ്; പല പദ്ധതികളും തിരുതകൃതിയായി നിർദ്ദേശിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ അതൊക്കെയും സാമാന്യേന ബാബേൽ കോട്ടയിലെ അനുഭവങ്ങളെയാണു അനുസ്മരിപ്പിക്കുന്നതു്. അന്നൊരിക്കൽ യോഹന്നാൻ മാംദാന സ്വജനങ്ങളെ ശാസിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങളുടെ മദ്ധ്യെ ഒരാൾ നിൽക്കുന്നുണ്ടു്; അദ്ദേഹത്തെ നിങ്ങൾ അറിയുന്നില്ല." പ്രസ്തുത പ്രസ്താവന ആധുനികലോകത്തെ സംബന്ധിച്ചും അന്വർത്ഥമാണ്. യഥാർത്ഥവും സുസ്ഥിരവുമായ സമാധാനം എന്തിലാണ് അടങ്ങിയിരിക്കുന്നതു്; അതിന്റെ ശീതളവും മധുരവുമായ തണൽപ്പാടിൽ ലോകം വിശ്രമംകൊള്ളണമെങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണംഗീകരിക്കേണ്ടതു്; സമാധാനസൂര്യോദയത്തെ വിളംബപ്പെടുത്തുന്ന പ്രതിബന്ധങ്ങളെ എവ്വിധമാണ് ദൂരീകരിക്കേണ്ടതു്; ഉദിച്ചുയന്നാൽ അസ്തമിക്കാതെ നോക്കുവാൻ ഏതുതരം പ്രതിവിധികളാണു പ്രയോഗിക്കേണ്ടതു്— എന്നെല്ലാം പ്രമാദമേശാതെയും പക്ഷപാതശങ്കയേൽക്കാതെയും ജാതിമതചിന്തകൾക്കതീതമായും നിശ്ചയിക്കുവാനും നിർദ്ദേശിക്കുവാനും അധികാരവും അവകാശവും കഴിവുമുള്ള ഒരു സ്ഥാപനവും ഒരു നേതാവും ലോകത്തിലുണ്ടു്—പത്രോസിന്റെ സിംഹാസനവും തദധിനാഥനായ 12-ാം പിയൂസ് മാർപ്പാപ്പായും. പ്രസ്തുതപ്രശ്നങ്ങളുടെ പശ്ചാത്തലവും സ്വഭാവവും യഥാവിധി ഗ്രഹിച്ചിട്ടുള്ള നിഷ്പക്ഷമതികൾ നിസ്സംശയം സമ്മതിക്കും, ലോകസമാധാനത്തെ അഭംഗമായും അക്ഷയമായും പാലിപ്പാൻ പര്യാപ്തമായ വ്യവസ്ഥകൾ വിളംബരം ചെയ്യുവാനും, അനുകൂലസാഹചര്യങ്ങൾ സജ്ജീകരിപ്പാനും പരിശുദ്ധസിംഹാസനത്തെപ്പോലെ ധാർമ്മികമായ അർഹതയും അധികാരവും യോഗ്യതയും തികഞ്ഞ ഇതരസങ്കേതമോ, പ്രസ്തുത സങ്കേതത്തിൽ വാണരുളുന്ന പാപ്പായെപ്പോലെ മനുഷ്യകുലക്ഷേമത്തിൽ ഉത്സുകനായ വേറൊരു മഹാരഥനോ ഭൂമുഖത്തില്ലെന്നു്.

12-ാം പിയൂസ് മാർപ്പാപ്പായുടെ ഗോത്രനാമംതന്നെ സ്വർഗ്ഗീയസമാധാനം എന്നാണല്ലോ. ലോകത്തിനു സ്വർഗ്ഗീയ സമാധാനം സമ്മാനിക്കുവർനാണു അവിടുന്നു സ്വജീവിതം മുഴുവനായും നേർന്നിട്ടുള്ളതു്. അവിടുത്തെ അഭിവന്ദ്യപൂർവ്വഗാമി 11-ാം പിയൂസിന്റെ സമാധാനപരിശ്രമങ്ങളെ പരമാവധി പുരോഗമിപ്പിക്കയാണു ഇക്കാലത്തെ അടിയന്തിരാവശ്യമെന്നും തന്റെ പരിപാവന ധർമ്മമെന്നും അവിടുന്നു കരുതി. യുദ്ധഭീതിയകററുകയും, രാജ്യങ്ങൾ തമ്മിൽ സമാധാനത്തിൽ വത്തിക്കുവാനുതകുന്ന ഉടമ്പടികളും പരസ്പരധാരണകളുമുളവാക്കുകയും ചെയ്യുന്നതിൽപ്പരം ലോകോത്തരമായ സമുദായസേവനം വേറൊന്നില്ലെന്നും അവിടുന്നു മനസ്സിലാക്കി. അവിടുത്തെ ഉദ്യോഗജീവിതത്തിൽ പ്രമുഖസ്ഥാനത്തിനവകാശം സമാധാനസ്ഥാപനത്തിനാണെന്നു അവിടുന്നു സ്ഥാനാരോഹണം ചെയ്തപ്പോളെടുത്ത നാമവും മുദ്രാവാക്യവും കുലമുദ്രയും ലോകസമക്ഷം ഉച്ചത്തിൽ വിളംബരം ചെയ്തു. ക്രിസ്തുവിന്റെ ഭരണത്തിൽ ക്രിസ്തുവിന്റെ സമാധാനം സംസ്ഥാപിതമായിക്കാണുവാൻ ആയുരന്തം അക്ഷീണം പ്രയത്നിച്ച 11-ാം പിയൂസിന്റെ അനുയോജ്യപിൻഗാമിയും പിയൂസെന്ന നാമം സ്വീകരിച്ചുള്ള യാദൃച്ഛികമല്ല. "സമാധാനം നീതിയുടെ പരിണതഫലം" എന്ന മുദ്രാവാക്യത്തിലും അതേ സാധർമ്മ്യം ദൃശ്യമാണ്. അതിനെ തികച്ചും ഉദാഹരിക്കുന്നതാണ് അവിടുത്തെ കുലമുദ്രയും. കൊക്കിൽ ഒരു സൈത്തിൻശിഖരം കൊത്തിപ്പിടിച്ചിരിക്കുന്ന ഒരു പ്രാവു്. രണ്ടും സമാധാന ചിഹ്നങ്ങൾതന്നെ. പ്രളയം അവസാനിച്ചുവോ എന്നറിയുവാൻ നോവ പെട്ടകത്തിൽനിന്നു ഒരു പ്രാവിനെ അഴിച്ചുവിട്ടു. സമാധാനത്തിന്റെ അടയാളമായ സൈത്തിന്റെ ഒരു കൊമ്പു് കൊത്തിപ്പിടിച്ചുകൊണ്ടാണ് അതു സന്ധ്യാസമയത്തു മടങ്ങിയെത്തിയതു്. ഏവംവിധം സമാധാനം നാമവിശേഷണവും, കുലമുദ്രയും, മുദ്രാവാക്യവുമായി സ്വീകരിച്ചിട്ടുള്ള 12-ാം പിയൂസ് പാപ്പായുടെ ജീവിതപരിപാടികളിൽ സമാധാനസ്ഥാപനം ഉന്നംവച്ചുകൊണ്ടുള്ള പ്രാർത്ഥനകൾക്കും പരിശ്രമങ്ങൾക്കും പ്രമുഖസ്ഥാനം നൽകിക്കാണുന്നതിൽ എന്താണത്ഭുതം!

പത്രോസിന്റെ സിംഹാസനത്തിൽ കയറിയിരുന്ന ക്ഷണംമുതൽ ഇന്നോളവും സമാധാനസംരക്ഷണത്തിനായി രാപകലില്ലവില്ലാതെ അവിടുന്നു ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ വിശ്രമമറിയാത്ത പ്രയത്നങ്ങൾ പരക്കെ പരിചയമുള്ള ചെയ്തികളാണു്. നൊബേൽ സമാധാനസമ്മാനത്തിനു അവിടുത്തെ നാമം നിർദ്ദേശിക്കപ്പെട്ടതു തന്നെ ഇപ്പറഞ്ഞതിനു ഉത്തമലക്ഷ്യമാണ്. പ്രസ്തുത പരിശ്രമങ്ങളെ അകംനിറയെ അഭിനന്ദിക്കാത്തവരായി അതിരും എതിരും അററ ദേശീയഭ്രാന്തിനാൽ മദാന്ധരായ നാസികളും, ഈശ്വരവിദ്വേഷംമൂലം പൈശാചികമനോഭാവം ഉടലെടുത്ത സ്റ്റാലിനും കൂട്ടാളികളും മാത്രമേയുണ്ടാകയുള്ളു. മനുഷ്യമാഹാത്മ്യം അല്പമെങ്കിലും അവരിൽ അവശേഷിച്ചിട്ടുണ്ടെങ്കിൽ പരിശുദ്ധ പിതാവിന്റെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ സമാധാനപരിശ്രമങ്ങളെ അവരും ആത്മനാ അഭിനന്ദിക്കുന്നുണ്ടാകണം.

രണ്ടായിരം വർഷത്തെ അനുസ്യൂതമായ പാരമ്പര്യവിശേഷങ്ങളോടും വിപുലമായ പരിചയസമ്പത്തോടും കൂടിയ ഒരു ലോകമഹാ ദിവ്യസംഘടനയുടെ അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്ന വന്ദ്യതിരുമേനി ഒരു വൈദ്യവിദഗ്ദ്ധനെപ്പോലെ മാനവസമുദായത്തെ ആപൽക്കരമാംവിധം ബാധിച്ചിട്ടുള്ള ഉഗ്രമായ രോഗപീഡകളെ സസൂക്ഷ്മം പരിശോധിച്ചറിയുകയും, ഉചിതപ്രതിവിധികൾ സാമർത്ഥ്യപൂർവ്വം നിർദ്ദേശിക്കയും ചെയ്തിട്ടുണ്ടു്. "സുമ്മി പൊന്തിഫിക്കാത്തൂസ്" ആണല്ലോ അവിടുത്തെ പ്രഥമ ചാക്രിക ലേഖനം. ചരിത്രം സൃഷ്ടിച്ച വിലപ്പെട്ട ഒരു രേഖയാണതു്. അതിൽ അവിടുന്നു സമർത്ഥിക്കുന്നതിതാണ്: പിതാവായ ദൈവത്തെ മനുഷ്യൻ പാടെ മറന്നുകളഞ്ഞു. ഈശ്വരഹിതം നിറവേററി, അവിടുത്തെ ആജ്ഞകളെ ശിരസാവഹിച്ചു സത്തുഷ്ടജീവിതം നയിക്കേണ്ട മനുഷ്യൻ ദൈവപ്രമാണങ്ങളെ ചവററുകൊട്ടയിൽ തള്ളി; തന്നിഷ്ടം പ്രമാണമാക്കി ജീവിക്കാൻ തുടങ്ങി. ആകയാൽ ഭൂമുഖം ശാന്തിയുടേയും സമാധാനത്തിന്റെയും കേളീരംഗമായിത്തീരണമെങ്കിൽ, മനുഷ്യൻ ദൈവത്തിലേക്കും തൽപ്രമാണങ്ങളിലേക്കും അനുതാപത്തോടും വിനയത്തോടും കൂടി പിന്തിരിയണം. ആഴമറിയാത്ത ഭൗതികതയത്തിൽ മുങ്ങിക്കുളിക്കുന്ന ആധുനിക തലമുറകൾക്കു തിക്തസമാനം കയ്പേറിയ ഒരു ഔഷധമായിരിക്കും ഇതു്. പക്ഷെ കയ്പുള്ള കഷായം കുടിക്കാതെ മഹാരോഗം മാറുമോ? പരിശുദ്ധപിതാവു അഹോരാത്രം തീവ്രമായി പ്രാർത്ഥിക്കയും, ഉഗ്രമായ തപശ്ചര്യകളനുഷ്ഠിക്കയും, അങ്ങനെ ചെയ്യുന്നതിൽ തന്നെ അനുകരിപ്പാൻ ഏവരേയും ഉൽബോധിപ്പിക്കയും ചെയ്തുകൊണ്ടിരിക്കുന്നതു ദൈവകോപം ശമിച്ചു്, സമരഭയം നീങ്ങി സമാധാനം സ്ഥാപിതമാകുന്നതിനുവേണ്ടി മാത്രമല്ല, മനുഷ്യരുടെ മാനസവിവർത്തനത്തിനുവേണ്ടിയും കൂടിയാണ്. ഈശ്വരവിശ്വാസവും, സദാചാരവിചാരവും സംബന്ധിച്ചിടത്തോളം പലരും ഇന്നു കാടുകയറിയിരിക്കയാണ്. ചിരസ്ഥായിയായ സമാധാനത്തിന്റെ സുസ്ഥിരമായ അടിത്തറയായി പരിലസിക്കുന്ന ദൈവസ്നേഹത്തിലേക്കും സഹോദരസ്നേഹത്തിലേക്കും തജ്ജന്യമായ ക്രിസ്തീയനീതിയിലേക്കും സന്മാർഗ്ഗത്തിലേക്കും അവരും അവരുടെ രാഷ്ട്രങ്ങളും പിന്തിരിഞ്ഞുവരണം.

സങ്കലിതശക്തികളുടെ വീരനേതാക്കളായിരുന്ന ചർച്ചിലും റൂസ്‌വെൽററും 1941-ൽ "അററ്‌ലാൻറിക്ക് ചാർട്ടർ" എന്ന പ്രഖ്യാതമായ പ്രസ്താവന പുറപ്പെടുവിക്കയുണ്ടായി. യുദ്ധാനന്തരം സമാധാനപുനഃസ്ഥാപനാർത്ഥമുള്ള എട്ടു വ്യവസ്ഥകളാണ് അതിലെ പ്രധാനപ്പെട്ട ഉള്ളടക്കം. അതിനും രണ്ടുകൊല്ലം മുമ്പ് 1939-ലെ ക്രിസ്തുമസ് പ്രമാണിച്ചു് 12-ാം പിയൂസ് മാർപ്പാപ്പാ നൽകിയ ലോകസന്ദേശത്തിലും സമാധാനപരിപാടികളിൽ അടിസ്ഥാനപ്രമാണങ്ങളായി അംഗീകരിക്കപ്പെടേണ്ട അഞ്ചു വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുള്ളതായി കാണാം. പോപ്പിന്റെ പഞ്ചവ്യവസ്ഥകൾ എന്നപേരിൽ ഭുവനപ്രസിദ്ധമാണ് ആ പ്രഖ്യാപനം. ബ്രിട്ടീഷ് പാർലിമെണ്ടിലും അമേരിക്കൻ സെനററിലും, പല രാഷ്ട്രീയയോഗങ്ങളിലും തത്സംബന്ധമായുള്ള ചർച്ചകളും വാദപ്രതിവാദങ്ങളും നടന്നിട്ടുണ്ടു്. ഈ ഇരുരേഖകളിലേയും ആശയങ്ങളും ആദർശങ്ങളും തമ്മിലുള്ള പൊരുത്തവും സാദൃശ്യവും അത്ഭുതാവഹമാണ്. രണ്ടിലും ഊന്നിപ്പറയുന്ന വ്യവസ്ഥകൾ ഇങ്ങനെ സംഗ്രഹിക്കാം. വലിയവയായാലും ചെറിയവയായാലും, ശക്തികൂടിയവയായാലും കുറഞ്ഞവയായാലും സകലരാജ്യങ്ങൾക്കും ജീവിക്കാനും സ്വാതന്ത്ര്യമനുഭവിക്കാനും പരിപൂർണ്ണമായ അവകാശമുണ്ടാകണം. ഒന്നിന്റെ ജീവിതാനുവാദം മറെറാന്നിന്റെ കൊലവിധിയാകരുതു്. മനസ്സാക്ഷിസ്വാതന്ത്ര്യം ഏവർക്കും സുഭദ്രമായിരിക്കണം. അവകാശസംരക്ഷണം ആയുധബലം പ്രയോഗിച്ചാകരുതു്. രാഷ്ട്രങ്ങൾ തമ്മിലുളവാകുന്ന അവകാശത്തർക്കങ്ങൾ നീതിപൂർവ്വം പറഞ്ഞുതീർത്തു സമാധാനവും സ്വാരുമ്യവും പുലർത്തുവാൻ ഒരു ധാർമ്മികകേന്ദ്രം അത്യന്താപേക്ഷിതമാണ്.

സമരസന്നാഹങ്ങളെ അശ്രയിച്ചു നില്ക്കുന്ന സമാധാനം ജലത്തിലെ പോളകൾപോലെ അസ്ഥിരമാണ്. ആദ്ധ്യാത്മികവും ധാർമ്മികവുമായ അടിസ്ഥാനത്തിന്മേൽ കെട്ടിപ്പടുക്കുന്ന സമാധാനസൗധംമാത്രമേ ഏതു സമരക്കൊടുങ്കാററിനേയും അതിജീവിക്കയുള്ളു. സന്ധിവ്യവസ്ഥകൾക്കു ഭദ്രത നല്കുവാനും, സമസ്തജനങ്ങളുടെ ന്യായമായ അവകാശങ്ങളെ സമാദരിപ്പാനുള്ള സന്മനോഭാവമുളവാക്കുവാനും ധാർമ്മികവും ആദ്ധ്യാത്മികവുമായ ഒരു നവോത്ഥാനം സർവ്വത്ര സംജാതമാകണം. തദർത്ഥം ഉററു പരിശ്രമിക്കുകയാണ് സമാധാനകുതുകികളായ ഏവരുടേയും അവശ്യകത്തവ്യം. ഇതാണു പാപ്പ സമയത്തും അസമയത്തും പൊതുലോകത്തെ ആവത്തിച്ചുൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്. 1947 നവംബർ 15-ാംനു ഹെയിററിയിലെ നയതന്ത്രപ്രതിനിധിയോടു അവിടുന്നു കല്പിച്ചരുളി: "ഹൃദയങ്ങളുടെ പരമാർത്ഥമായ പരിവത്തനമില്ലാതെ അത്തരം സന്ധികളിലെ വ്യവസ്ഥകളെല്ലാം പരസ്പരം ഒട്ടിച്ചേരാൻ നിവ്വാഹമില്ലാത്ത ഏച്ചുകൂട്ടലുകൾ മാത്രമേ ആയിരിക്കയുള്ളുവെന്നു ഉപര്യുപരി വ്യക്തമായിക്കൊണ്ടിരിക്കയാണ്. മതവുമായുള്ള സജീവബന്ധം കൂടാതെ, നിയമങ്ങളുടേയും കരാറുകളുടേയും പ്രവത്തനഫലമായി മാത്രം താദൃശമൊരു മാനസികപരിണാമം പ്രതീക്ഷിക്കുന്നതു പേക്കിനാവുകാണുകയായിരിക്കും."

സമാധാനപുനരുദ്ധാരണാർത്ഥമുള്ള ഈ ആദ്ധ്യാത്മസമരത്തിൽ ഹൃദയപൂർവ്വം സഹകരിപ്പാൻ സന്മനോഭാവമുള്ള സകലരേയും അവിടുന്നു സാദരം ക്ഷണിക്കുന്നു. തൽവിഷയകമായി 12-ാം പിയൂസും പ്രസിഡണ്ടു ട്രൂമനും തമ്മിൽ നടന്ന കത്തിടപാടുകൾ വിശിഷ്യ ശ്രദ്ധേയമാണ്. ആ എഴുത്തുകൾ കമ്മ്യൂണിസ്റ്റനുഭാവകേന്ദ്രങ്ങളിൽ ക്ഷോഭസങ്കുലമായ ചില കോളിളക്കങ്ങൾതന്നെയുമുണ്ടാക്കി. ഒരു റഷ്യൻ വിരോധനിരയുടെ സൃഷ്ടിയാണു അവയുടെ ആന്തരമെന്നു അവർ വൃഥാ ആശങ്കിച്ചു. അവയ്ക്കു രാഷ്ട്രീയമായ യാതൊരുദ്ദേശ്യവുമുണ്ടായിരുന്നില്ല; പ്രത്യുത സമുദായത്തിന്റെ ധാർമ്മികമായ അടിസ്ഥാനസംരക്ഷണം മാത്രമായിരുന്നു അവയുടെ ഉന്നം.

വത്തിക്കാനിൽ പ്രസിഡണ്ടിന്റെ പ്രത്യേകപ്രതിനിധിയായ മൈറൊൺ ടെയിലർ വഴി അയച്ച സന്ദേശത്തിൽ ട്രൂമൻ ലോകത്തിലെ ധാർമ്മികശക്തികളെ ഏകീഭവിപ്പിക്കേണ്ട ആവശ്യകതയെ സമർത്ഥിക്കുന്നതായി കാണാം. അദ്ദേഹം പറയുന്നു: സർവ്വശക്തനായ ദൈവത്തോടുള്ള ഉത്തരവാദിത്വം അംഗീകരിക്കാത്തവർക്കു സ്വസഹോദരങ്ങളോടുള്ള കടപ്പാടുകൾ പൂർണ്ണമായി നിർവ്വഹിപ്പാൻ കഴിവില്ലായെന്നു പൂർവ്വാധികം ദൃഢതയോടെ ഞാൻ വിശ്വസിക്കുന്നു. ഈ അഭിപ്രായങ്ങൾ തിരുസന്നിധിയിൽ സമർപ്പിക്കാനും, തിരുമനസ്സിലെ മഹത്തായ ഉദ്യമങ്ങളോടും, ലോകത്തിലെ മററെല്ലാ ധാർമ്മികനേതാക്കളുടെ പരിശ്രമങ്ങളോടും സഹകരിക്കാനും ഞാൻ ആഗ്രഹിക്കുന്നു....ക്രൈസ്തവാദർശങ്ങളിന്മേൽ മാത്രമേ ശാശ്വതമായ സമാധാനസൗധം പണുതുയർത്തുവാൻ സാധിക്കയുള്ളു. തദന്ത്യപ്രാപ്തിക്കായി നമ്മുടെ കഴിവുകളത്രയും നാം നേർന്നിരിക്കയാണ്.

മനുഷ്യഹൃദയങ്ങളുടെ ധാർമ്മികമായ നവീകരണത്തിനു ഉപയുക്തങ്ങളായ ഉപാധികൾ പ്രാർത്ഥനയും പ്രായശ്ചിത്തവുമാണു്. അഞ്ചു മാസങ്ങൾക്കുള്ളിൽ തത്സംബന്ധമായി രണ്ടു വിശ്വലേഖനങ്ങൾതന്നെയും അവിടുന്നു പ്രസിദ്ധം ചെയ്തു. 1947 ഡിസംബർ 18-ാംനു വിളംബരം ചെയ്ത "ഒപ്താത്തിസ്സിമ പാക്സ്" എന്ന തിരുവെഴുത്തിലും, 1948 മെയ് 1-ാംനു പരസ്യപ്പെടുത്തിയ "ഓസ്പിച്ചിയ കേപാം" എന്ന ലേഖനത്തിലും സാർവ്വത്രികവും തീവ്രവുമായ ഒരു പ്രാർത്ഥനാസമരത്തിനുള്ള കാഹളധ്വനി മുഴങ്ങിക്കേൾക്കാം. നിഷ്കളങ്കഹൃദയരായ പൈതങ്ങളുടെ പ്രാർത്ഥനകളും പ്രായശ്ചിത്തപ്രവൃത്തികളും 12-ാം പിയൂസ് മാർപ്പാപ്പാ എത്രമാത്രം വിലമതിക്കുന്നുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ.

(ശേഷം 11-ാം പേജിൽ)



കർദ്ദിനാൾ പച്ചേല്ലി—കാമർലെൻകൊ—വത്തിക്കാൻ കാര്യങ്ങൾ ആലോചിക്കുന്നു.

# പാറപ്പുറത്തെ പാവനസൗധം

അന്ധകാരസമുദ്രത്തിൽ അലയടിച്ചുയരുന്ന ഭീകരശക്തികൾ അതിന്റെ പരമഭദ്രതയിൽ ചെന്നടിച്ച് അനുനിമിഷം ശൂന്യതയിലേക്കു പിന്തിരിയുന്നില്ലേ? — ചരിത്രത്തിന്റെ ഏടുകളിൽ നിറഞ്ഞുനില്ക്കുന്ന ഈ യാഥാർത്ഥ്യം ശരിക്കു ഗ്രഹിക്കുവാൻ ലോകം ഇനിയും എത്ര പാതിരാപ്പുറങ്ങളിൽ ഭജനമിരിക്കണം?

(സാഹിത്യവിശാരദ്, ജയിംസ് കെ. സി, മണിമല)

പരിഷ്കാരത്തിന്റെ പാരമ്യത്തിലേക്കു കുതിച്ചുപൊങ്ങുകയാണു ലോകം. നവംനവങ്ങളായ ആശയങ്ങളും, ആദർശങ്ങളും നാഗരികമണ്ഡലങ്ങളിൽ തിരയടിക്കുമ്പോൾ, കഴിഞ്ഞതിനെല്ലാം ഒരു "പഴക്കം ചുവ" തോന്നാറുണ്ട്. ഇന്നലെ ചെയ്ത അബദ്ധങ്ങൾ അടിച്ചുവാരി നിറയ്ക്കുവാൻ ചവററുകുട്ടകൾ ഇന്നു പോരാതെയാണിരിക്കുന്നത്. ആവശ്യങ്ങൾ മാറുന്നതനുസരിച്ച് ആദർശങ്ങളും മാറിക്കൊള്ളണം. ആശയുടെ ഗതിവിഗതികൾക്ക് അലൗകികതത്വങ്ങൾപോലും വഴങ്ങിക്കൊടുക്കണം. അതാണ് ഇന്നത്തെ ലോകത്തിന്റെ "പുരോഗമനവാദ"ത്തിൽ ലയിച്ചുകിടക്കുന്ന പരമാർത്ഥം.

പക്ഷെ അന്നും ഇന്നും ഒരുപോലെ അചഞ്ചലവും അപവാദരഹിതവുമായ തത്വസംഹിതകളാണ് കത്തോലിക്കാസഭ ആവിഷ്കരിക്കുന്നത്. കാലത്തിന്റെ പരിവർത്തനങ്ങൾക്കോ പരിഷ്കാരത്തിന്റെ പ്രലോഭനങ്ങൾക്കോ അവൾ വഴങ്ങിക്കൊടുക്കുകയില്ല. അതിനാൽ പല പുരോഗമനവേഷത്തിലുള്ള പ്രസ്ഥാനങ്ങളോടും അവൾ ഏററുമുട്ടേണ്ടിവരുന്നു. ഇത്തരം ഒരു സംഘട്ടനത്തിന്റെ പ്രതിധ്വനിയാണ് ഹംഗറിയിൽ കാർഡിനൽ മിൻസെന്റിയുടെ നേർക്കുള്ള മർദ്ദനമായി ഇന്നു നാം ശ്രവിക്കുന്നത്.

പ്രതികൂലശക്തികളുടെ മുമ്പിൽ ധീരധീരം പോരാടിയിട്ടുള്ള ഒരു സമരപാരമ്പര്യം തിരുസ്സഭയ്ക്കുണ്ടെന്നുള്ളതു നമുക്കെത്രയോ അഭിമാനകരമാണ്. ധീരയോദ്ധാക്കളുടെ രക്തബിന്ദുക്കളിൽ സഹനത്തിന്റെ തൂലിക മുക്കി എഴുതപ്പെട്ടവയാണ് തിരുസ്സഭാചരിത്രത്തിന്റെ വിശാലപക്ഷങ്ങൾ. നിണപാനേച്ഛുക്കളായ മർദ്ദകവൃന്ദത്തിന്റെ ഭീകരസ്വരൂപം അവിടെയെല്ലാം തെളിഞ്ഞുകാണുന്നുമുണ്ട്. ഇരുൾപ്പരപ്പിന്റെ ഹൃദയതലത്തിൽനിന്നുയരുന്ന ഈയാമ്പാററകൾപോലെ സത്യവെളിച്ചത്തിന്റെ പ്രഭാദീപ്തിയിൽ എരിഞ്ഞു ചാമ്പലായ ആ നിർഭാഗ്യരുടെ സ്ഥിതി പരിഹാസ്യമല്ല; പരിതാപകരമത്രെ. മാന്യവായനക്കാർ അല്പമൊന്നു ഇരുന്നു ചിന്തിക്കാമെങ്കിൽ സഭാചരിത്രപക്ഷങ്ങൾ "സത്യദീപ"ത്തിന്റെ വെളിച്ചത്തിൽ ഞാൻ ഒന്നോടിച്ചു മറിക്കാം.

യൂദാസ് (ക്രി. വ. 33). അശരണരെയും അവശരെയും അധഃസ്ഥിതരെയും തേടിപ്പുറപ്പെട്ട ആ സ്നേഹമൂർത്തിയെ ഗ്രസിക്കുവാൻ വഞ്ചനയും കാപട്യവും ദ്വേഷ്യത്തിന്റെ മൂശയിൽ ഉരുക്കിയൊഴിച്ചുരുപപ്പെട്ടതായിരുന്നു യൂദാസിന്റെ വ്യക്തിത്വം. സഭയ്ക്കെതിരായി ആദ്യത്തെ ഒളിയമ്പെയ്തതും അവൻതന്നെ. പക്ഷെ "സ്നേഹം കാണിച്ചു ദ്രോഹം ചെയ്ത" ആ നീചാഗ്രണിയുടെ പരിണാമമെങ്ങനെയായിരുന്നു? നിയതിയുടെ ത്രാസിൽ വെറും ഒരു മുറിക്കയററിൽ തൂങ്ങിത്തൂചഞ്ഞ അവൻ ലോകത്തിനു എത്രവലിയ ഒരു പാഠമല്ല?

യഹൂദന്മാർ. മർദ്ദനത്തിന്റെ മാരണമേരി മുഴക്കിക്കൊണ്ട്, കാൽവരിക്കുന്നിലെ മരക്കുരിശിൽ ചേർത്തു ബന്ധിച്ചിട്ട് അവർ ദിവ്യനാഥനെ മൃത്യുവിന്റെ കരാളഗഹ്വരത്തിലമർത്തിവയ്ക്കാൻ പണിപ്പെട്ടു. പക്ഷെ മരണത്തെ ചവിട്ടിത്തള്ളിക്കൊണ്ട് പ്രതാപത്തോടെ അവിടുന്നു ഉത്ഥിതനായി. മരണത്തെ വെല്ലുവിളിച്ചുകൊണ്ട് ഇന്നു ആ പാവനനാമം ദിഗന്തങ്ങളിൽ മുഴങ്ങുന്നു. യൂദഗണങ്ങളോ? സ്വന്ത നാടും നഗരിയുമുപേക്ഷിച്ചു ദേശാന്തരങ്ങളിൽ അലഞ്ഞുതിരിയുന്നു.

നീറോ (ക്രി. വ. 68). ക്രൂരനായ ആ സ്വേച്ഛാധിപതി ക്രിസ്ത്യാനികളെ നിഷ്കരുണം വേട്ടയാടി. അപ്പസ്തോലികപ്രമുഖനായ വി. പത്രോസിനെ അയാൾ തലകീഴായി ക്രൂശിച്ചു; വി. പൗലോസിനെ ശിരശ്ഛേദം ചെയ്യിച്ചു. എന്നിട്ടോ? നീറോ മൺമറഞ്ഞു; പക്ഷെ പത്രോസിന്റെ 261-ാമത്തെ പിൻഗാമി ഇന്നും റോമൻ സിംഹാസനത്തിൽ വാണരുളുന്നു.

ഡയക്ലീഷ്യൻ (ക്രി. വ. 303). ആയിരക്കണക്കിനു പുണ്യാത്മാക്കളുടെ ജീവരക്തം കുടിച്ചു വീർപ്പിച്ച കുംഭോദരംപേറി റോമാസാമ്രാജ്യത്തെ അടക്കിഭരിച്ച ആ ഉഗ്രമൂർത്തി—വിശുദ്ധിയിൽനിന്നു വിശുദ്ധിയിലേക്കുയരുന്ന കന്യാമണികളുടെ ചാരിത്രത്തെ ചവിട്ടിമെതിക്കുവാൻ മടിക്കാത്ത പിടപ്രഭു—രക്തമുണങ്ങാത്ത വാളുമായി ക്രൈസ്തവസംസ്കാരത്തെ വെല്ലുവിളിച്ചു. പക്ഷെ നൂററാണ്ടുകൾക്കപ്പുറത്തു ഡയക്ലീഷ്യൻ തകർന്നുവീണു. സ്നേഹസമ്രാട്ടോ നാല്പതുകോടികളുടെ ഹൃദയതലത്തിൽ ഇന്നും ഭരണം നടത്തുന്നു.

ജൂലിയൻ (ക്രി. വ. 361) രക്ഷകനാഥനെ "നസ്രസിലെ ആശാരിക്കിടാത്തൻ" എന്നധിക്ഷേപിച്ച ആ അഹ



മാർപ്പാപ്പാ തിരുമേനി പ്രസംഗം പ്രക്ഷേപണം ചെയ്യുന്നു.

ങ്കാരന്മത്തന്റെ അന്ത്യം എങ്ങനെയായിരുന്നു? മാറിടത്തിൽ തുളഞ്ഞുകയറിയ ഒരസ്ത്രഖണ്ഡത്തിൽ ജീവാർപ്പണംചെയ്തുകൊണ്ട് അയാൾ വിലപിക്കുന്നു: "ഓ ഗലീലിയൻ, നീതന്നെ ലോകം ജയിച്ചടക്കി."

മഹമ്മദ് (622) പാപഭാരത്തെ കീഴടക്കുന്ന ജയക്കൊടിയായി പരിലസിക്കുന്ന വി. കുരിശിനെ ഗ്രസിച്ചുകളയുവാൻ ആ "പുരോഗമനവാദി" കച്ചകെട്ടി ബന്ധം ചെയ്തു. പക്ഷെ അയാൾ മണ്ണടിഞ്ഞു. ക്രൈസ്തവചൈതന്യത്തിന്റെ സജീവസാക്ഷാത്കാരമായ കുരിശോ, വിജയശ്രീലാളിതമായി, വിശ്വവിസ്മാപകമായി ഇന്നു പരിലസിക്കുന്നു.

സുൽത്താൻ സലാഡിൻ, 1460-ൽ രണ്ടാം പിയൂസ് മാർപ്പാപ്പാക്കു നല്കിയ ഒരന്ത്യശാസനം കേട്ടാലും: "സെന്റ് പീറേറഴ്സ് ബസിലിക്കാ, ഒരു മഹമ്മദീയദേവാലയമാക്കുവാൻ ഞാൻ ഇതാ റോമിലേക്കു വരുന്നു." അജയ്യമായ ആ കപ്പൽപ്പട വിശുദ്ധ നഗരത്തിന്റെ നേരെ നീങ്ങി. പക്ഷെ മദ്ധ്യധരണ്യാഴിയിലെ തരംഗപരമ്പരകൾ അവയെ ഒന്നോടെ വിഴുങ്ങിക്കളഞ്ഞു. "പത്രോസിന്റെ പടവ്" മാത്രം കാററും കോളുമില്ലാത്ത സുരക്ഷിതതുറമുഖത്തു നങ്കൂരമിട്ടു വിശ്രമിക്കുന്നു.

മാർട്ടിൻ ലൂഥർ, 1546 ൽ പാപ്പാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ടു രംഗപ്രവേശം ചെയ്തു. തിരുസ്സഭയുടെ സാന്മാർഗ്ഗികനിയമക്കാർക്കശ്യത്തെ ചോദ്യം ചെയ്തുകൊണ്ട് അയാൾ പരിശുദ്ധ പിതാവിനെ ഭീഷണിപ്പെടുത്തി. അബദ്ധസിദ്ധാന്തങ്ങൾ പ്രചരിപ്പിച്ച് തിരുസ്സഭയുടെ ദിവ്യാദർശങ്ങളോട് ഒരു നവീനസമരത്തിനുതന്നെ ലൂഥർ കളമൊരുക്കി. മരണം ആ വിവാദവിചക്ഷണനെയും വിട്ടില്ല; പക്ഷെ പാപ്പാധിപത്യം ഇന്നും നിലനില്ക്കുന്നു.

വോൾട്ടയാർ, 1758 ഏപ്രിൽമാസത്തിൽ പ്രസ്താവിച്ചതിങ്ങനെയാണ്: "20 വർഷങ്ങൾക്കകം ഗലീലേയനും അവന്റെ പഠനങ്ങളും ഭൂമുഖത്തുനിന്നു തിരോധാനം ചെയ്യും." ആ ഇരുപതു വർഷം കഴിഞ്ഞ്, 1778 ഏപ്രിൽമാസത്തിൽത്തന്നെ വോൾട്ടയാർ അന്തരിച്ചു. "ഗലീലേയൻ" ഇതാ പിന്നെയും ജീവിക്കുന്നു.

നെപ്പോളിയൻ (1809). പത്തൊമ്പതാം ശതാബ്ദത്തിന്റെ പൂർവ്വാദ്ധത്തിൽ ലോകത്തെ കിടുകിടെ വിറപ്പിച്ചുകൊണ്ടു രംഗപ്രവേശം ചെയ്ത ആ വീരകേസരി ഏഴാം പീയൂസ് മാർപ്പാപ്പാ തിരുസ്സഭയിൽനിന്നു ബഹിഷ്കരിച്ചു രോഷോന്മത്തനായി, അദ്ദേഹം ചോദിക്കുന്നു: "എന്റെ ആയുധപാണികളായ യോദ്ധാക്കളുടെ ഭുജബലത്തെപ്പററി ചിന്തിച്ചതിനു ശേഷമാണോ പോപ്പ് എനിക്കു ബഹിഷ്കരണാജ്ഞ നല്കിയതു്?" അതെ—വാട്ടർലൂ യുദ്ധവും, സെന്റു് ഹെലീനാദ്വീപുമൊക്കെയാണ് അദ്ദേഹത്തിന്റെ ആ നീണ്ട ചോദ്യത്തിനുത്തരം നൽകിയതു്. ആയുധങ്ങളാൽ അടക്കിഭരിക്കാൻ പാടില്ലാത്ത ഒരു മഹച്ഛക്തിയായി റോമിലെ സിംഹാസനം ഇന്നും നിലകൊള്ളുന്നു.

ഒബ്രിഗോണും കാലസ്സും. ഇതാ സമീപകാലത്തേക്കു നാം വരുന്നു. ശതാബ്ദങ്ങളല്ല, ദശാബ്ദങ്ങൾതന്നെ പലതു കഴിഞ്ഞിട്ടില്ല, മെക്സിക്കോയിൽ ഭയങ്കരമതമർദ്ദനം കൊടുമ്പിരികൊണ്ടിട്ട്. തിരുസ്സഭയെ നശിപ്പിക്കുമെന്നു ദൃഢപ്രതിജ്ഞചെയ്തുകൊണ്ട് ജനറൽ ഒബ്രിഗോൺ അക്ഷീണയത്നം ചെയ്തു. പക്ഷെ 1928-ൽ അയാൾതന്നെ കാലമാകുന്ന മഹാതിരസ്കരണിയിൽ അന്തർദ്ധാനം ചെയ്തു.

ഒബ്രിഗോണിന്റെ അനന്തരഗാമിയായ പ്ളൂട്ടാർക്കു് കാലസ്സ് വാശിയോടെ പൊരുതു "ഫാദർ പ്രോ" തുടങ്ങിയുള്ള വീരചരിതന്മാർ കാലസിന്റെ മർദ്ദനവഹ്നിയിൽ എരിഞ്ഞു പൊരിഞ്ഞു. കത്തോലിക്കരുടെ വിശ്വാസചൈതന്യത്തെ ഉരുക്കിയൊഴിച്ച് രൂപം മാററിയെടുക്കാൻ അയാൾ ഒട്ടേറെ മൂശകൾ കരുപ്പിടിച്ചു. പക്ഷെ എല്ലാം തകർന്നു തരിപ്പണമായി. 1945 ൽ അനേകം കന്യകകളുടെയും സന്യാസികളുടെയും കഴുത്തറുത്ത ആ നിഷ്ഠുരൻ, വിശുദ്ധ വിൻസെന്റു ഡി പോൾ സന്യാസിനികളുടെ സ്നേഹപരിചാലനങ്ങളോടു അന്ത്യശ്വാസം വലിച്ചു.

ഹിററ്ലർ. ആധുനികലോകത്തിന്റെ സ്മൃതിമണ്ഡലത്തിൽനിന്നു് ആ നാമം ഇനിയും മാഞ്ഞിട്ടില്ല. നാസിസത്തിന്റെ പ്രണേതാവായ ആ വിശ്വവിഖ്യാതൻ തിരുസ്സഭയുടെ പ്രബോധനങ്ങളെ എതിർത്തു. "ഞാൻ ശ്രമിക്കുന്നപക്ഷം നാലു വർഷത്തിനകം കത്തോലിക്കാസഭയെ നിത്യമായി നശിപ്പിക്കുവാൻ സാധിക്കും" എന്നാണ് 1945-ൽ അദ്ദേഹം പ്രവചിച്ചതു്. അധികതാമസമെന്യ ഐക്യകക്ഷികൾ ആ വിജിഗീഷുവിനെ തിരിച്ചടിച്ചു. പരാജയത്തിന്റെ പടിവാതില്ക്കൽ തളർന്നുവീണ ഹിററ്ലരുടെ ദയനീയമായ അന്ത്യംകണ്ടു തിരുസ്സഭയും കരയാതിരുന്നില്ല. ആ "നാലു വർഷ"വും ഇതാ കഴിഞ്ഞിരിക്കുന്നു. ലോകത്തിലെ ഒരനിഷേധ്യശക്തിയായി തിരുസ്സഭ ഇന്നും വിരാജിക്കുന്നു. ഹിററ്ലരോ, അയാളുടെ പ്രവചനംപോലെ വെറും ശൂന്യതയിൽ മറഞ്ഞുപോയി.

സ്റ്റാലിൻ. "സഖാക്കളുടെ സഖാവാ"യ ആ സർവ്വാധിപതിയാണ് ഇന്നു നമ്മുടെ ഏററവും വലിയ ശത്രു. ക്രിസ്തീയസന്മാർഗ്ഗവും പരസ്നേഹവുമൊക്കെ പരിഷ്കാരത്തിന്റെ പുരോഗമനമാർഗ്ഗത്തിലെ വിലങ്ങുതടികളാണെന്നാണ് "സഖാക്ക"ളുടെ വാദം. അരിവാളും ചുററികയുംകൊണ്ടു ലോകത്തിൽ ജയക്കൊടിനാട്ടുവാൻ അവർ ജനതമദ്ധ്യത്തിൽ വിലങ്ങുപായുന്നു. ഈശ്വരവിശ്വാസവും സന്മാർഗ്ഗചിന്തയും നരഹൃദയങ്ങളിൽനിന്നു പാടെ വിപാടനം ചെയ്ത്, മനുഷ്യന്റെ മൃഗീയചിന്തകൾക്കു പ്രോത്സാഹനം നൽകി, വിപ്ലവംകൊണ്ടു ലോകത്തെ അടക്കിഭരിക്കാനാണ് കമ്മ്യൂണിസ്റ്റുകാരുടെ ശ്രമം. തിരുസ്സഭയുടെ ഭരണം നിലവിലിരിക്കുന്നിടത്തോളംകാലം ഇതൊന്നും ക്ഷിപ്രസാദ്ധ്യമല്ലെന്നു അവർക്കു നല്ലവണ്ണമറിയാം. അതുകൊണ്ടുതന്നെയാണു സ്റ്റാലിനും കൂട്ടാളികളും ക്രൈസ്തവസാമ്രാജ്യത്തെ എതിർക്കുന്നതും. മോസ്കോയ്ക്കും റോമിനുമിടയ്ക്കു്, കമ്മ്യൂണിസത്തിനും കത്തോലിസിസത്തിനും മദ്ധ്യേ വിസ്തൃതമായ ഒരന്തരാളമുണ്ടു്. ആദർശങ്ങളുടെ സംഘട്ടനകോലാഹലമാണ് ഇപ്പോൾ അവിടെ നടമാടുന്നതു്. ഇനി ആയുധങ്ങൾതന്നെ ആ രംഗത്തണിനിരക്കുകയില്ലെന്നു് എങ്ങനെ നിശ്ചയിക്കാം?

രാഷ്ട്രീയസമുദ്രമണ്ഡലത്തിൽ യഥേഷ്ടം വിഹരിച്ചിരുന്ന ബാൾക്കൻസിലെയും ബാൾട്ടിക്കു് തീരത്തെയും ചെറുരാജ്യങ്ങളെ വെട്ടിവിഴുങ്ങി സോവ്യററു തിമിംഗലം പള്ള വീർപ്പിച്ചിരിക്കുകയാണ്. ഈ അന്ധകാരവലയത്തിൽനിന്നു പുറത്തു ചാടി രക്ഷപെടാൻ സാധിക്കാത്തിടത്തോളം കാലം, അവയുടെ സ്ഥിതി തുലോം ശോചനീയമാണ്. അതിനാൽ കാർഡിനൽ മിൻസെന്റിയുടെ മേൽ അവലംബിച്ചതുപോലെയുള്ള ക്രൂരമായ "നീതിനിർവ്വഹണവും" മർദ്ദനപരിപാടികളും സോവ്യററധീനത്തിലുള്ള മററു പ്രദേശങ്ങളിലും ആവർത്തിക്കപ്പെട്ടേക്കുമെന്നുതന്നെ നമുക്കു സന്ദേഹിക്കാവുന്നതാണ്.

പക്ഷെ, നാം ആശങ്കാകുലരാകേണ്ടാ. ഇരുൾക്കൂമ്പാരത്തിന്റെ മദ്ധ്യത്തിലാണ് ക്രൈസ്തവസംസ്കാരം ജന്മമെടുത്തതു്. അതിവിശാലമായ അന്ധകാരസമുദ്രത്തിൽ ബലിഷ്ഠമായ പാറപ്പുറത്തു പണിയപ്പെട്ടിരിക്കുന്ന ആ പാവനസൗധം എന്നുമെന്നും അചഞ്ചലമായി നിലകൊള്ളുന്നു. അവിടെ അലയടിച്ചുയരുന്ന ഭീകരശക്തികൾ, അതിന്റെ പരമഭദ്രതയിൽ ചെന്നടിച്ച് അനുനിമിഷം ശൂന്യതയിലേക്കു പിന്തിരിയുന്നില്ലേ?—ചരിത്രത്തിന്റെ ഏടുകളിൽ നിറഞ്ഞുനില്ക്കുന്ന ഈ യാഥാർത്ഥ്യം ശരിക്കു ഗ്രഹിക്കുവാൻ ലോകം ഇനിയും എത്ര പാതിരാപ്പുറങ്ങളിൽ ഭജനമിരിക്കണം? കഴുകരും കുറുക്ക

# ക്രൈസ്തവകേരളത്തിന്റെ പുനരൈക്യം

ഈശോമിശിഹാ സ്ഥാപിച്ച ഏക, വിശുദ്ധ, കാതോലിക്കാസഭ പത്രോസിന്റെ ഔദ്യോഗികാനുഗാമികളാൽ ഭരിക്കപ്പെടുന്ന റോമൻ കത്തോലിക്കാസഭതന്നെ ആണെന്നുള്ളത് തങ്ങളുടെ നേർബുദ്ധിയെ വ്യഭിചരിപ്പിക്കാത്ത യാതൊരുത്തർക്കും നിഷേധിക്കുവാൻ പാടില്ലാത്ത ഒരു സംഗതിയാണ്.

(കെ. ഇ. ജോബ് എം. എ., എൽ. ടി.)

### ക്രൈസ്തവകേരളത്തിലെ വിഭിന്നസഭകൾ

വി. തോമ്മാശ്ലീഹായുടെ വിയർപ്പുതുള്ളിയുടെ ഫലമായി ഈ കേരളക്കരയിലുണ്ടായിട്ടുള്ള സുറിയാനിസഭയിൽനിന്നും ആരും പുതുതായ അബദ്ധോപദേശങ്ങളൊന്നും സൃഷ്ടിച്ചിട്ടില്ലെങ്കിലും, നമ്മുടെ പൂർവ്വികന്മാർ മദ്ധ്യപൂർവ്വദേശസഭകളുമായി സമ്പർക്കംപാലിച്ചതിന്റെ ഫലമായി, ഇവിടെയും ശീശ്മയുടേയും പാഷണ്ഡതയുടേയും വിഷബീജങ്ങൾ ആവിർഭവിക്കാനിടയായതു് അത്യന്തം നിർഭാഗ്യകരമായിപ്പോയി. പോർത്തുഗീസു വൈദികരുടെ ഭരണകാലത്തു വഴിതെറ്റിപ്പോയ നമ്മുടെ ചില പിതാക്കന്മാർ കൂനൻകുരിശിൽ തൊട്ടു സത്യം ചെയ്തതും പുത്തൻകൂറും പഴയകൂറും ആയി നാം ചേരിതിരിഞ്ഞതും, പുത്തൻകൂറുകാർക്കു മെത്രാൻപട്ടം ലഭിക്കുന്നതിനുവേണ്ടി അന്ത്യോഖ്യൻ യാക്കോബായ പാത്രിയർക്കീസിനെ ശരണംഗമിച്ചതും, അങ്ങനെ ഇവിടെ യാക്കോബായ ശീശ്മം ഉത്ഭവിച്ചതും, ആ ശീശ്മം പല പല സജാതീയ സന്താനങ്ങളെയും പാഷണ്ഡതകളെയും പ്രസവിച്ചതും, ഈ ശീശ്മസന്തതികളുടെ സാന്നിദ്ധ്യംമൂലം ലോകാവസാനംവരെ ദീർഘിപ്പിക്കുന്ന വ്യവഹാരങ്ങൾക്കിടയായിട്ടുള്ളതും എല്ലാം കഷ്ടാൽ കഷ്ടതരമെന്നല്ലാതെ എന്താണു പറയുക? "സമാധാനബന്ധത്തിൽ ആത്മാവിന്റെ ഐക്യത്തെ കാത്തുകൊള്ളുവാൻ ശ്രമിപ്പിൻ" എന്നുള്ള പൗലോസ് ശ്ലീഹായുടെ ഉൽബോധനത്തെ സദാ സ്മരിച്ചുകൊണ്ടു്, ഈ വിപൽഘട്ടത്തിലെങ്കിലും ഈ നാട്ടിലെ വിഭിന്ന ക്രിസ്ത്യാനികൾ പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ ഏകസത്യസഭയെ ആശ്ലേഷിച്ചു് അതിന്റെ തലവന്റെ കീഴിൽ അണിനിരന്നു് അച്ചടക്കബോധത്തോടുകൂടി ഈ കേരളക്കരയിൽ ധർമ്മസമരം ചെയ്യേണ്ടിയിരിക്കുന്നു. "United we stand and divided we fall" യോജിച്ചാൽ നാം നില്ക്കുമെന്നും ഭിന്നിച്ചാൽ നാം അധഃപതിക്കുമെന്നുമുള്ള പഴമൊഴി ഈ വിപൽഘട്ടത്തിൽ അക്ഷരശഃ അർത്ഥവത്താണ്.

എന്നാൽ ഇന്നു കേരളത്തിൽ നാം കാണുന്നതു് 5-ാം ശതകത്തിലുത്ഭവിച്ച നെസ്തോറിയൻ യാക്കോബായ മതഭിന്നതകളുടെ ഇറക്കുമതികൾ മാത്രമല്ല 16-ാം ശതകത്തിൽ യൂറോപ്പിലുണ്ടായ പ്രോട്ടസ്റ്റൻറു പാഷണ്ഡതകളുടെ ഇറക്കുമതിയും അവയുടെ അനുകരണങ്ങളുംകൂടിയാണ്. ഈ വിഷയത്തിലും കേരളത്തിലെ ക്രൈസ്തവജനതയ്ക്കു് ഒരു മെച്ചമുണ്ടു്. അതായതു് അവർ ഈ പാഷണ്ഡതകളെ നിർഭാഗ്യവശാൽ സ്വീകരിച്ചുപോയി എന്നുള്ള കുററംമാത്രമേ അവർക്കുള്ളു. അവർ അവയെ മനഃപൂർവ്വം വകഞ്ഞുണ്ടാക്കിയതല്ല. ആകയാൽ അവരുടെ പാഷണ്ഡതാപാപത്തിനു വളരെ ലാഘവമുണ്ടു്. പാശ്ചാത്യ പ്രോട്ടസ്റ്റൻറു സഭകളെല്ലാം യോജിപ്പിനായി ഇപ്പോൾ മനഃപൂർവ്വം വെമ്പൽകൊള്ളുന്നുണ്ടെന്നുള്ളതു് തുലോം ചാരിതാർത്ഥ്യജനകമാണ്. ആംസ്റ്റർഡാം കോൺഫറൻസിലെ പ്രധാനപ്രവർത്തകന്മാരും അവർതന്നെയാണ്. അവരുടെ ഈ പരിശ്രമഫലമായിട്ടാണ് ഇപ്പോൾ നമ്മുടെ ദേശത്തിൽ South India United Church എന്നൊരു സംഘടന ആവിർഭവിച്ചിട്ടുള്ളതു്. എന്നാൽ ഈ സംഘടനയെ ഒരു ഇടത്താവളം (Half-way house) മാത്രമായി പരിഗണിച്ചാൽ മതിയാകും. അവർക്കു ഇനിമേലിൽ പാശ്ചാത്യബന്ധംകൊണ്ടുള്ള ധനസഹായവും കൂട്ടബലവും അത്ര പ്രതീക്ഷിക്കേണ്ടതില്ല. കേരളത്തിൽതന്നെയുള്ള സഹോദരങ്ങളുമായുള്ള വിശ്വാസൈക്യവും സംഘടനാബലവുമാണ് അവർക്കു യോജിച്ചതും അത്യാവശ്യകവും. അവർ തങ്ങളുടെ പാഷണ്ഡാഭിപ്രായങ്ങൾ എവിടെനിന്നു സ്വീകരിച്ചുവോ, ആ പാശ്ചാത്യദേശങ്ങളിലെ പ്രോട്ടസ്റ്റൻറുസഭകൾ ഒരിക്കൽ സാക്ഷാൽ റോമൻ കത്തോലിക്കാസഭയുടെ അംഗങ്ങളായിരുന്നു. പ്രസ്തുത പാശ്ചാത്യപാഷണ്ഡതകൾ യൂറോപ്പിലും പ്രത്യേകിച്ചു ബ്രിട്ടണിലും ഉത്ഭവിച്ച സാഹചര്യങ്ങൾ ചരിത്രപ്രസിദ്ധങ്ങളാണ്. ആവക സാഹചര്യങ്ങൾ ഇപ്പോൾ ഊർജ്ജിതത്തിലിരിക്കാത്തതുമൂലം അവർക്കും സാക്ഷാൽ മാതൃസഭയായ കത്തോലിക്കാസഭയുമായി രമ്യപ്പെടുന്നതിനു യാതൊരു പ്രതിബന്ധവുമില്ലാത്തതാകുന്നു. പോരെങ്കിൽ ഇന്നത്തെ കമ്മ്യൂണിസ്റ്റു് വിപത്തിനോടെതിരിടുന്നതിനു് അങ്ങനെയുള്ള ഒരു പുനരൈക്യം അത്യാവശ്യവുമാണ്. ഈദൃശമായ ഒരു പുനരൈക്യപ്രസ്ഥാനം ആസന്നമായ ഐക്യകേരള സംസ്ഥാനത്തിൽ ത്വരിതപ്പെടുകയാണ് നമ്മുടെ ഇന്നത്തെ ആവശ്യം.



കിരീടധാരണം കഴിഞ്ഞ ഉടനെ മാർപ്പാപ്പാ ലോകത്തെ ആശീർവ്വദിക്കുന്നു.

### സഭയുടെ ഏകത്വവും റോമാമാർപ്പാപ്പാമാരും

എന്നാൽ വിഭിന്നസഭകളുടെ പുനരൈക്യം കേവലം സമുദായസംരക്ഷണത്തിനു വേണ്ടിയുള്ള ഒരു പരിപാടിയാണെന്നു് ഇവിടെ വിവക്ഷയില്ല. ഇന്നു ഭൂമുഖത്തു നാം കാണുന്ന 200 കോടി ജനങ്ങളാസകലം ആദിമാതാപിതാക്കളായ ആദാമിന്റേയും ഹാവായുടേയും സന്തതികളാണെന്നു പറയുന്നതുപോലെ, ഭൂലോകത്തിലിപ്പോഴുള്ള 80 കോടി ക്രൈസ്തവജനങ്ങളത്രയും മിശിഹായുടെ നാമത്തിൽ അഭിമാനിക്കുന്നവരും അവിടുത്തെ ഉപദേശങ്ങളെ പൂർണ്ണമായി സ്വീകരിക്കുന്നവരെന്നു ഭാവിക്കുന്നവരുമത്രെ. പക്ഷെ നിർഭാഗ്യവശാൽ അവരുടെയിടയിൽ കാതലായ പല വിശ്വാസസത്യങ്ങളിൽപോലും ഇപ്പോൾ യോജിപ്പില്ല. "വിശ്വസിക്കുന്നവർ രക്ഷപ്രാപിക്കും; വിശ്വസിക്കാത്തവനാകട്ടെ ശിക്ഷിക്കപ്പെടും" (മത്തായി xviii, 17) എന്നുള്ള സുവിശേഷവാക്യങ്ങൾ വിശ്വാസനൈർമ്മല്യത്തിന്റെ അത്യാവശ്യകതയെ സൂചിപ്പിക്കുന്നു. വിശ്വാസവിഷയങ്ങളിൽ ഐക്യമില്ലാതെപോയതും ഭരണവിഷയത്തിൽ ഒരു പരമാധികാരിയെ വിഭിന്നസഭക്കാർ അംഗീകരിക്കാത്തതുകൊണ്ടാണെന്നുള്ളതു സ്പഷ്ടമാണ്. സാക്ഷാൽ ദൈവസുതനും ബോധജ്ഞാനസർവ്വസ്വവുമായ യേശുമിശിഹാ തന്റെ സഭ സ്ഥാപിച്ചതു് താൻ പഠിപ്പിച്ചിട്ടുള്ള വിശ്വാസസത്യങ്ങൾ ദൂഷിതപ്പെടുകയോ കലർപ്പോ കൂടാതെ അഭംഗമായി ലോകാവസാനംവരെയുള്ള തലമുറകളെ പഠിപ്പിച്ചു് അവരുടെ ആത്മരക്ഷ കൈവരുത്തുന്നതിനായിരുന്നു എന്നുള്ളതിനു സംശയമില്ല. ആ സ്ഥിതിക്കു് ആയതിലേക്കുവേണ്ട ഭരണഘടനാവ്യവസ്ഥകളും അവിടുന്നു ദീർഘദൃഷ്ടിയോടുകൂടി ചെയ്തിരിക്കണമെന്നു് ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്. സാക്ഷാൽ സഭയുടെ വിശ്വാസൈക്യത്തിനുവേണ്ടി മിശിഹാ ചെയ്തിട്ടുള്ള ഈ മുൻകരുതലാണ് പത്രോസിന്റെ പ്രധാനാചാര്യത്വവും അതിൽനിന്നുല്പാദിക്കുന്ന ശ്രേഷ്ഠാധിപത്യവും അപ്രമാദിത്വവും. മരവും സന്മാർഗ്ഗവും ഔദ്യോഗികമായി പഠിപ്പിക്കുന്നവിഷയങ്ങളിൽ പത്രോസിനും അദ്ദേഹത്തിന്റെ ഔദ്യോഗിക അനന്തരഗാമികൾക്കും ന്യായമായി ഉണ്ടായിരിക്കേണ്ട ഈ മേലധികാരം മററു ശ്ലീഹന്മാർകൂടി സന്നിഹിതരായിരുന്ന അവസരങ്ങളിലാണ് തന്റെ ശിഷ്യപ്രമുഖനായ പത്രോസിനു്, "യോനായുടെ പുത്രനായ ശെമഓനേ" എന്നു് പേരും ഇരട്ടപ്പേരും വിളിച്ചു്, ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുള്ളതു് (വിശുദ്ധമത്തായി xvi,13 — 19) (വിശുദ്ധ യോഹന്നാൻ xxi, 15—18) ആസ്ഥിതിക്കു് തോമ്മാശ്ലീഹാ ഇൻഡ്യയിലും, പൗലോസ് ശ്ലീഹാ ഏഷ്യാമൈനറിലും ഗ്രീസിലും ഇതരശിഷ്യന്മാർ അവരുടെ മിഷൻരംഗങ്ങളിലും സ്ഥാപിച്ചിട്ടുള്ള ക്രൈസ്തവസഭകളിലെല്ലാം, ഈ പത്രോസിന്റെ പരമാധികാരബോധനം നിലവിലിരുന്നു. പക്ഷെ ഭൂമിശാസ്ത്രപരമായും ചരിത്രപരമായും യാത്രാസൗകര്യപരമായും മററും ഓരോ കാലങ്ങളിലുണ്ടായിരുന്ന പ്രത്യേകസാഹചര്യങ്ങൾമൂലം പത്രോസിന്റെ സിംഹാസനവുമായുള്ള സംസർഗ്ഗം (Communion) ഇന്നത്തെപ്പോലെ പഴയകാലങ്ങളിൽ അത്ര സ്പഷ്ടവും സുകരവുമായി പ്രയോഗിച്ചിരുന്നില്ല എന്നേയുള്ളൂ. പത്രോസിന്റെ പ്രഥമസിംഹാസനം അന്ത്യോഖ്യായിലായിരുന്നതുകൊണ്ടു് ആ സിംഹാസനവുമായുള്ള സംസർഗ്ഗം സഭയുടെ ഐക്യത്തിനു മതിയാകുമെന്നു പറയുന്നതിൽ തെല്ലും അർത്ഥമില്ല. പത്രോസിനാണ് മിശിഹാ പരമാധികാരം കൊടുത്തിട്ടുള്ളതു്; ആ അധികാരം ഔദ്യോഗികമായി അദ്ദേഹം ആർക്കു കൊടുത്തുവോ ആ ആളിനും, അയാളുടെ അനന്തരഗാമികൾക്കും സിദ്ധിക്കും. അല്ലാതെ അവർ ഇരുന്നിട്ടുള്ള കസേരകൾക്കു ലഭിക്കുന്നതല്ല. സാക്ഷാൽ പത്രോസ് തന്റെ അവസാനകാലം കഴിച്ചുകൂട്ടിയതു് റോമ്മായിലായിരുന്നു എന്നും അദ്ദേഹത്തിന്റെ ഔദ്യോഗികപിൻതുടർച്ചക്കാർ റോമ്മായിലെ മാർപ്പാപ്പാമാരായിരുന്നു എന്നും, ഗ്രീക്കു് ശീശ്മക്കാരും നെസ്തോറിയൻ പാഷണ്ഡികളും യാക്കോബായക്കാരും ആയ വിഭിന്നസഭക്കാരുടെ അതിപ്രാചീന ചരിത്രരേഖകൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. പോരെങ്കിൽ ഭൂലോകത്തിന്റെ നാലുഭാഗങ്ങളിൽ, അതായതു് റോമ്മാ, അന്ത്യോഖ്യാ, അലക്സാന്ത്രിയാ, ജെറുസലേം എന്നീ നാലുസ്ഥലങ്ങളിൽ പ്രാചീനകാലം മുതൽ നാലു പാത്രിയർക്കീസന്മാരുണ്ടെന്നും, അവരിൽ തലവനും പ്രധാനനും റോമ്മായിലെ മാർപ്പാപ്പായാണെന്നും അവർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നുണ്ടു് (Vide: Catholic Traditions of the Syrian Church of Antioch By B. Renni). വാദിഭാഗത്തുനിന്നും പ്രതിഭാഗത്തുനിന്നും ഒരേസമയത്തു ലഭിക്കുന്ന ഈദൃശസാക്ഷികളെ അവിശ്വസിക്കുന്ന ജഡ്ജിമാർക്കും വക്കീലന്മാർക്കും ഉള്ള സ്ഥാനം ഭ്രാന്താശുപത്രിയാണെന്നുള്ളതു് നിസ്സന്ദേഹമാണ്. ആകയാൽ ഈശോമിശിഹാ സ്ഥാപിച്ച ഏക വിശുദ്ധ കാതോലിക്കാസഭ പത്രോസിന്റെ ഔദ്യോഗികാനുഗാമികളാൽ ഭരിക്കപ്പെടുന്ന റോമൻ കത്തോലിക്കാസഭതന്നെ ആണെന്നുള്ളതു് തങ്ങളുടെ നേർബുദ്ധിയെ വ്യഭിചരിപ്പിക്കാത്ത യാതൊരുത്തർക്കും നിഷേധിക്കുവാൻ പാടില്ലാത്ത ഒരു സംഗതിയാണ്.

### ഉപസംഹാരം

ക്രൈസ്തവസഭയുടെ അരുണോദയത്തിൽ തന്നെ ഭാവിയിൽ വരുവാനിരുന്ന മതഭിന്നതകളെയും വ്യാജോപദേഷ്ടാക്കളെയുംപററി ശ്ലീഹന്മാരുടെ തലവനും സഭയുടെ പരമാധികാരിയുമായ വിശുദ്ധ പത്രോസ് ലോകത്തിനു മുന്നറിവു നൽകിയിട്ടുണ്ടു്. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം ഉദ്ദേശം 35-ാം സംവത്സരത്തിൽ വിശുദ്ധ ശ്ലീഹാ ക്രൂശിൽ തലകീഴായി തറയ്ക്കപ്പെട്ടു. രക്തസാക്ഷിമകുടം ചൂടുന്നതിനുമുൻപു്, അദ്ദേഹം റോമ്മാനഗരത്തിലുണ്ടായിരുന്ന മമെർററയിൻ കാരാഗൃഹത്തിൽ ബന്ധനസ്ഥനായിരുന്ന അവസരത്തിൽ എഴുതിയ തന്റെ ദ്വിതീയലേഖനത്തിലാണ് ഈ മുന്നറിയിപ്പു് നാം വായിക്കുന്നതു്. പക്ഷെ അദ്ദേഹം ഇതു തന്റെ അന്ത്യശാസനമെന്ന നിലയിലായിരിക്കണം എഴുതിയിട്ടുള്ളതു്. അശ്രുധാരകളോടുകൂടിയല്ലാതെ ഈ ലേഖനം വായിക്കുവാൻ നമുക്കു സാദ്ധ്യമല്ല. വ്യാജോപദേഷ്ടാക്കളുടെ കണികളിൽ പെടാതെ സൂക്ഷിച്ചുകൊള്ളണമെന്നു് ജനങ്ങളെ ഉപദേശിക്കുന്നതോടുകൂടിത്തന്നെ അവർക്കു വന്നുകൂടുവാനിരിക്കുന്ന ഭയങ്കരശിക്ഷാവിധിയെപ്പററിയും അദ്ദേഹം പ്രവചിക്കുന്നുണ്ടു്. വിഭിന്നസഭകളുടെ പുനരൈക്യത്തെ മനഃപൂർവ്വംതടയുന്ന സമുദായനേതാക്കന്മാരുടെ നേരേ തിരിഞ്ഞുകൊണ്ടു് "നോക്കിക്കോ" എന്നു പറയുന്നതുപോലെ തോന്നും, ടി ലേഖനം രണ്ടാമദ്ധ്യായത്തിലെ ചില വാക്യങ്ങൾ. അവയെ ഇവിടെ ഉദ്ധരിക്കാം. "ജനങ്ങളുടെ ഇടയിൽ (സത്യപ്രവാചകന്മാരോടൊപ്പം) വ്യാജപ്രവാചകന്മാരും ഉണ്ടായിരുന്നു. അതുപോലെ തങ്ങളുടെ മേൽ ശീഘ്രനാശംവരുത്തിക്കൊണ്ടു് നാശകരമായ മതഭിന്നത പ്രവേശിപ്പിക്കുകയും, തങ്ങളെ വിലയ്ക്കുവാങ്ങിയവനെ നിഷേധിക്കുകയും ചെയ്യുന്ന വ്യാജോപദേഷ്ടാക്കൾ നിങ്ങളുടെ ഇടയിലും ഉണ്ടാകും. അവരുടെ അശുദ്ധിയുടെ പിന്നാലെ പലരും പോകും. അവർ നിമിത്തം സത്യമാർഗ്ഗം ദൂഷിക്കപ്പെടും. പണ്ടേയുള്ള തങ്ങളുടെ ശിക്ഷാവിധി നീങ്ങിപ്പോകാതെയും തങ്ങളുടെ നാശം മാറാതെയും ഇരിക്കുന്ന അവർ അത്യാഗ്രഹത്തോടുകൂടി വാക്കുകൾകൊണ്ടും പകിട്ടുകൊണ്ടും നിങ്ങളുടെ ഇടയിൽ വ്യാപാരം നടത്തും. പാപം ചെയ്ത മാലാഖാമാരോടു ദൈവം ദയചെയ്തില്ല. മറിച്ചു് അവരെ അന്ധകാരശൃംഖലകൾകൊണ്ടു ബന്ധിക്കപ്പെട്ടവരായി പാതാളത്തിൽ തള്ളിയിടുകയും ശിക്ഷാവിധിക്കായി സൂക്ഷിക്കപ്പെടുവാൻ അവരെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു. പൂർവ്വലോകത്തോടു് അവിടുന്നു ദയകാണിച്ചില്ല. പിന്നെയോ, ദുഷ്ടന്മാരുടെ മേൽ ജലപ്രളയം വരുത്തിയപ്പോൾ എട്ടുപേരിൽ ഒരുവനും നീതിപ്രസംഗകനുമായ നോഹിനെ കാത്തുകൊണ്ടു. സോദോം ഗൊമോറാനഗരങ്ങളെ ദഹിപ്പിക്കുകയും ഉന്മൂലനാശത്താൽ ശിക്ഷിക്കുകയും മേലിൽ ഉണ്ടാകുവാനിരിക്കുന്ന ദുഷ്ടന്മാർക്കു ദൃഷ്ടാന്തമാക്കിവയ്ക്കുകയും ചെയ്തു നിയമം ഇല്ലാതിരുന്നവരുടെ അശുദ്ധിയോടുകൂടിയ നടപടികൾമൂലം വിഷമിച്ചിരുന്ന നീതിമാനായ ലോത്തിനേയും അവിടുന്നു രക്ഷിച്ചു. എന്തെന്നാൽ ആ നീതിമാൻ അവരുടെ ഇടയിൽ പാർത്തുവരവെ, അവരുടെ നിയമംവിട്ടുള്ള പ്രവൃത്തികളാൽ— അവയുടെ കാഴ്ചയാലും കേൾവിയാലും— തന്റെ നീതിയുള്ള ആത്മാവിനെ ദിവസേന വേദനപ്പെടുത്തിയിരുന്നു. കർത്താവു് തന്നെ ഭയപ്പെടുന്നവരെ ഞെരുക്കത്തിൽനിന്നും രക്ഷിക്കുവാൻ അറിയുന്നവനാകുന്നു. ദുഷ്ടന്മാരെയാകട്ടെ—മുഖ്യമായി അശുദ്ധത

റവുംകൊണ്ടു തിരുസ്സഭയെ നശിപ്പിക്കുവാനുള്ള വിഫലയത്നത്തിൽ പ്രതിലോമശക്തികൾ അന്നും ഇന്നും ഒരുപോലെ വ്യാപൃതരായിരിക്കുന്നു. തിരുത്തി തിരുത്തി കൈകഴയുന്ന ഈ പ്രതികാരനാടകത്തിന്റെ അന്ത്യരംഗം അഭിനയിക്കുന്നതാരായിരിക്കുമോ?

# കൊച്ചുപച്ചേല്ലി

## വിദ്യാർത്ഥികൾക്കു മാതൃക

(ഫാദർ ലേത്തൂസ് സി. ഡി.)

എവുജിൻ പച്ചേല്ലിക്കു അന്നു പത്തുവയസ്സു പ്രായം കാണും. ചൊടിയുള്ള ഒരു ബാലൻ. മെലിഞ്ഞു നീണ്ട ശരീരം. വളർന്നു നീണ്ട മുടി വിസ്താരമേറിയ അവൻ്റെ നെററിത്തടത്തിലേക്കു ചാഞ്ഞുകിടക്കുന്നു. കുത്തുവളഞ്ഞ മൂക്കു്. നീണ്ട നീലക്കണ്ണുകൾ. ഇത്രയും പറഞ്ഞാൽ കൊച്ചുപച്ചേല്ലിയുടെ ഒരു കൊച്ചു ചിത്രമായി ക്ലാസിൽ രണ്ടാമത്തെ ബെഞ്ചിൽ രണ്ടാം സ്ഥാനത്താണു് അവൻ ഇരിക്കുക. കൈമുട്ടുകൾ ഡസ്കിലൂന്നി, താടി കൈപ്പത്തിയാൽ താങ്ങിക്കൊണ്ടു അവൻ കുനിഞ്ഞിരുന്നു പാഠം പഠിക്കുന്നതിൻ്റെ സുന്ദരസ്മരണ, പച്ചേല്ലിയെ പാപ്പാസ്ഥാനത്തു കാണുവാൻ ഭാഗ്യം കിട്ടിയ അവൻ്റെ ഗുരുനാഥനു (അൻറാനിയോ നെവിയാനിക്കു) സജീവമായിത്തന്നെ തൻ്റെ കൺമുമ്പിലുണ്ടെന്നു ആ വയോവൃദ്ധൻ പറയുന്നു.

ഒരു ദിവസം മാസ്റ്റർ പറഞ്ഞു ലോകചരിത്രത്തിലെ രണ്ടു മഹാന്മാരെപ്പററി ഓരോ ഖണ്ഡിക എഴുതുവാൻ; ചിലർ അലക്സാണ്ടറിനെപ്പററിയും നെപ്പോളിയനെപ്പററിയും എഴുതി. മററു ചിലർ സീസറിനെപ്പററിയും സിസറോയെപ്പററിയും. അദ്ധ്യാപകൻ നോട്ടുകൾ വായിച്ചുചെന്നപ്പോൾ ഒരു കുട്ടി അഗസ്റ്റിനെയും ബെർണ്ണാർഡിനെയും കുറിച്ചു പ്രതിപാദിച്ചിരിക്കുന്നതായി കണ്ടു. പുച്ഛഭാവത്തിൽ അയാൾ ക്ലാസിനെ സംബോധനം ചെയ്തുകൊണ്ടു ചോദിച്ചു:

"അഗസ്റ്റിനും ബെർണ്ണാർഡും ലോകമഹാന്മാരിൽ പ്രഥമഗണനീയന്മാരാണെന്നു എഴുതിപ്പിടിപ്പിച്ചിരിക്കുന്ന ഇൗ വിഡ്ഢി ആരാണു്?" കൊച്ചുപച്ചേല്ലി ചാടി എണീററു് അവൻ്റെ "പ്ലെയിസിൽ"നിന്നുകൊണ്ടു സഗൗരവം ഉറക്കെ പറഞ്ഞു:

"ഞാനാണു സാർ."

സാർ—ഇവർ ലോകമഹാന്മാരാണെന്നു ആരു പറഞ്ഞു?

എവുജിൻ—ഞാൻ പറയുന്നു സാർ.

സാർ—അല്ല.

എവുജിൻ—സാർ, അതു ശരിയല്ല; അവർ സാക്ഷാൽ മഹാന്മാരാണെന്നു തെളിയിച്ചുതരാൻ എനിക്കു കഴിയും.

ക്ലാസ് നിശ്ശബ്ദതയിൽ ആണ്ടു. എവുജിനെ ക്ലാസിൽനിന്നു പുറത്താക്കുമെന്നു കുട്ടികൾ എല്ലാവരും വിചാരിച്ചു. എന്നാൽ മാസ്റ്റർ ഒന്നും സംഭവിക്കാത്തമട്ടിൽ നോട്ടുപരിശോധന തുടരുകയാണുണ്ടായതു്. എവുജിൻ ഒരു പുഞ്ചിരിയോടെ അവൻ്റെ ബെഞ്ചിൽ ഇരിക്കുകയും ചെയ്തു.

എന്തോ കാരണത്താൽ ഒരു ദിവസം ക്ലാസിൽ പറഞ്ഞുകൊടുത്ത നോട്ടുകൾ എവുജിനു എഴുതിയെടുക്കാൻ സാധിച്ചില്ല. സ്കൂൾ വിട്ടപ്പോൾ അവൻ വീട്ടിലേക്കു മടങ്ങി. പിറേറദിവസം പ്രഭാതത്തിൽ—നേരം വെളുത്തിട്ടില്ല, ഏതാണ്ടു അഞ്ചുമണി ആയിക്കാണും; പച്ചേല്ലികുടുംബത്തിൽ എല്ലാവരും നിദ്രയിലാണു്—എവുജിൻ്റെ ഒരു സഹപാഠിയുടെ പിതാവും കൂർക്കംവലിച്ചു കിടന്നുറങ്ങുകയായിരുന്നു. അധികം ദൂരത്തല്ലാത്ത അയാളുടെ ഭവനത്തിൽ, പൂമുഖവാതിലിൽ ആരോ ശക്തിയായി മുട്ടുന്ന സ്വരംകേട്ടു് അയാൾ ഉറക്കം തെളിഞ്ഞു. ശക്തിയായ ആ മുട്ടൽ തുടർന്നുകൊണ്ടിരുന്നു. ആ വീട്ടിലുള്ളവരെല്ലാം തന്നെ ഉണർന്നുപോയി. ഗൃഹനായകൻ ജനാലയിൽക്കൂടി തല പുറത്തേക്കിട്ടു കട്ടിലിൽ കിടന്നുകൊണ്ടു് ചോദിച്ചു:

"അതാരാണു് അവിടെ മുട്ടുന്നതു്?"

"ഞാൻ."

"ആരു്?"

"ഞാനാണു്; എവുജീനോ പച്ചേല്ലി. ക്ഷമിക്കണേ."

"ഈ അസമയത്തെന്താണു കുഞ്ഞേ നീ വന്നതു്? നിനക്കു എന്തുവേണം?"

"എനിക്കു ജിവുസേപ്പിയുടെ നോട്ടുബുക്കൊന്നു വേണം. അതൊന്നു കടം മേടിക്കുവാൻ വന്നതാണു്. ഇന്നലെ ക്ലാസിൽവച്ചു ചില നോട്ടുകൾ എഴുതിയെടുക്കാതെ ഞാൻ വിട്ടുകളഞ്ഞു. ഇന്നു എനിക്കു അതു പഠിച്ചുകൊണ്ടു പോകാനുള്ളതാണു ക്ലാസിൽ."

"ജിവുസേപ്പി ഉറങ്ങുകയാണു് കുഞ്ഞു വീട്ടിലേക്കു മടങ്ങി, നേരംവെളുത്തിട്ടു വരിക. അവനോടു നോട്ടുബുക്കു വാങ്ങിക്കാം."

പക്ഷേ എവുജിൻ സമ്മതിച്ചില്ല. അവൻ്റെ കൂട്ടുകാരനിൽനിന്നു നോട്ടുവാങ്ങിച്ചുകൊണ്ടേ അവൻ വീട്ടിലേക്കു മടങ്ങിയുള്ളു. എവുജിൻ പച്ചേല്ലിയുടെ പഠനത്തിലുള്ള താല്പര്യാതിരേകം കണ്ടു് ജിവുസേപ്പിയുടെ പിതാവു വിസ്മയിച്ചു.

എവുജിൻ പച്ചേല്ലിയുടെ ധീരതയും സ്ഥിരോത്സാഹവുമാണല്ലോ ഇവിടെ പ്രകാശിച്ചുകണ്ടതു്. "മുളയിലേ അറിയാം വിളക്കരുത്തു്" എന്നുണ്ടല്ലോ. വത്തിക്കാൻ കൊട്ടാരത്തിൽ രാത്രിയുടെ ഭൂരിഭാഗവും വേലയിൽ കഴിച്ചുകൂട്ടുന്നു ഇദ്ദേഹം. 1940 ജൂൺ 13-ാംനു കാലത്തു് മുസ്സോലീനിയുടെ ഭീഷണികളെ തൃണവൽഗണിച്ചുകൊണ്ടു് "നാം ജയിലിലേക്കു പോകുവാൻ ഭയപ്പെടുന്നില്ലെന്നു ബെനിറേറാ മുസ്സോലീനിയോടു പറയൂ" എന്നു കൂസൽകൂടാതെ കല്പിച്ചതും, 1918-ൽ മ്യൂണിച്ചിൽവച്ചു് തന്നെ കൊല്ലുവാൻവന്ന കമ്മ്യൂണിസ്റ്റുകാരുടെ തോക്കിനു കൂസൽകൂടാതെ നെഞ്ചുകാണിച്ചുകൊടുക്കുകയും ചെയ്ത പന്ത്രണ്ടാം പീയൂസ് കുട്ടിക്കാലത്തുതന്നെ മഹാധീരനായിരുന്നു. തിരുമനസ്സിലെ ചങ്കൂറത്തെ വെളിപ്പെടുത്തുന്ന—കമ്മ്യൂണിസത്തോടു ഇന്നു് വീറോടെ പൊരുതു നില്ക്കുന്ന ക്രിസ്തുവിൻ്റെ വീരസേനാനായകനായ പന്ത്രണ്ടാം പീയൂസിൻ്റെ കുട്ടിക്കാലത്തെ ധീരതയെ വെളിപ്പെടുത്തുന്ന—ഒരു സംഭവംകൂടി ഇവിടെ ഉദ്ധരിക്കാം.

എവുജിൻ പച്ചേല്ലിക്കു് അന്നു 16 വയസ്സു തികഞ്ഞിട്ടേയുള്ളു. അവൻ അന്നു ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയാണു്. ഒരു തലതിരിഞ്ഞ വിദ്യാഭ്യാസമന്ത്രിയാണു് അവിടത്തെ വിദ്യാലയങ്ങളുടെ കാര്യങ്ങൾ നടത്തിയിരുന്നതു്. ഒരു എച്ചുംപച്ചും കൂടാതെ ഔദ്ധത്യത്തിനു നിറം കാച്ചുവാൻ വേണ്ടിമാത്രം "ഉത്തരവുകൾ" കോരി ഒഴുക്കുന്ന ചില വിദ്യാഭ്യാസ വകുപ്പദ്ധ്യക്ഷന്മാർ ഇപ്പോഴും ചിലപ്പോൾ പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ കൊച്ചുപച്ചേല്ലിയുടെ കാലത്തുമുണ്ടായിരുന്നു അന്തരം ഒരു വിദ്വാൻ. ഒരു സുപ്രഭാതത്തിൽ അയാൾക്കു തോന്നി ഒരുത്തരവു അയക്കണമെന്നു്. അങ്ങോട്ടോ ഇങ്ങോട്ടോ ഒന്നും നോക്കാതെ ഉടൻ അയാൾ പേനയെടുത്തു ഉത്തരവും ഇട്ടു! ഹൈസ്കൂൾ വിദ്യാർത്ഥികളെല്ലാവരും ഒരു ഉപന്യാസം തയാറാക്കണമെന്നാണു് ഉത്തരവിലെ സാരം. വിഷയവും വിദ്യാഭ്യാസമന്ത്രി തന്നെ നിശ്ചയിച്ചുകൊടുത്തു. "മാർപ്പാപ്പായുടെ രാജ്യം പിടിച്ചെടുത്തുമൂലം ഇററലിക്കുണ്ടായിട്ടുള്ള നാനാതരങ്ങളായ നന്മകളെ വിവരിക്കുക." ഇതായിരുന്നു വിഷയം!! ഒന്നാമതു കാശുരാസ്കളിലും സമ്മാനം!!

എവുജിൻ പച്ചേല്ലി ഉപന്യാസം എഴുതുന്നതിനായി തൂലിക കൈയിലേന്തി. വിസ്താരമേറിയ അവൻ്റെ നെററിത്തടത്തിൽ ഒരു ചുളിവുണ്ടായി. അവൻ്റെ നീണ്ട പുരികക്കൊടികൾ കോടി. കുറേനേരം ഗാഢചിന്തയിൽ നിമഗ്നനായിരുന്നശേഷം അവൻ ആത്മഗതം ചെയ്തു: "ഇതെന്തൊരനാവശ്യം! ഇങ്ങനെ ഒരുപന്യാസം—മാർപ്പാപ്പായോടു ചെയ്ത കടുംകൈകളെ സാധൂകരിച്ചുകൊണ്ടുള്ള ഒരുപന്യാസം—പച്ചേല്ലി പ്രഭുകുലത്തിൻ്റെ ഒരു കുമാരൻ എഴുതുകയെന്നോ.....? ഒരിക്കലും ഇല്ല. ഞാൻ ഈ ഉപന്യാസം എഴുതുകയില്ല............അല്ല; അതു ഭീരുത്വമല്ലേ? അനീതിക്കു കൂട്ടുനിൽക്കുകയല്ലേ? അതു പാടില്ല. ഞാൻ ഉപന്യാസം എഴുതുകതന്നെ ചെയ്യും." ഏതാനും ദിവസത്തേക്കു കുട്ടി ചരിത്രപഠനത്തിൽ ബദ്ധശ്രദ്ധനായി കാണപ്പെട്ടു. അവൻ്റെ പിതാവായ ഫിലിപ്പ് പച്ചേല്ലിയിൽനിന്നുതന്നെ എവുജിൻ പരിശുദ്ധ സിംഹാസനത്തിൻ്റെ രാജ്യം കവർച്ചചെയ്യപ്പെട്ട കഥകളെല്ലാം ശരിയായി പഠനം നടത്തി. ഒടുവിൽ അവൻ ഉപന്യാസമത്സരത്തിനു എഴുതുവാൻ ഇരുന്നു എല്ലാവരുടെയും പ്രതീക്ഷയ്ക്കു വിരുദ്ധമായിട്ടാണു് എവുജിൻ ഉപന്യാസം എഴുതിയതു്. ഇററാലിയൻ ഗവമ്മെണ്ടു പരിശുദ്ധസിംഹാസനത്തിൻ്റെ രാജ്യം പിടിച്ചെടുത്തതു് മഹാ അനീതിയും പരമാപരാധവും ഒരിക്കലും സാധൂകരിക്കാൻ പാടില്ലാത്തതും ആയ നീചകൃത്യമാണെന്നു് സയുക്തികം തെളിയിച്ചുകൊണ്ടു് ഇററാലിയൻ ഗവമ്മെണ്ടിൻ്റെ മതമർദ്ദനനയത്തെ നിശിതമായി വിമർശിക്കുന്ന ഒരുപന്യാസം അവൻ തയാറാക്കി. ഈ ഉപന്യാസംകൊണ്ടുണ്ടാകുന്ന ദുരന്തഫലങ്ങളെപ്പററി ആ കുശാഗ്രബുദ്ധി ചിന്തിക്കാതെയല്ല അങ്ങനെ ചെയ്തതു്. ഇങ്ങനെ ഒരു നില കൈക്കൊണ്ട പച്ചേല്ലി സ്കൂളിൽനിന്നു ബഹിഷ്കൃതനാകേണ്ടതായിരുന്നു. അതും എവുജിൻ അറിയാഞ്ഞിട്ടല്ല. എന്തെല്ലാം വിപത്തുകൾ സംഭവിച്ചാലും ശരി ആദർശത്തെ വിററുതിന്നാൻ അവൻ ആളല്ല. സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളണം. തിരുസഭയെ ആദരിക്കണം. ആത്മാഭിമാനം വെടിഞ്ഞു ഒന്നും പ്രവർത്തിക്കരുതു്. ഇതായിരുന്നു നമ്മുടെ ബാലൻ്റെ ഉറച്ച മനസ്ഥിതി.

ഈ ബാലകനാണല്ലോ ധീരതയോടുകൂടി ഇന്നു തിരുസഭാഭരണം നടത്തുന്ന പരിശുദ്ധനായ പരിശുദ്ധ പിതാവു് 12-ാം പീയൂസ് തിരുമേനി. "യുവാക്കന്മാരേ, നിങ്ങളാണു് എൻ്റെ അഭിമാനം. മതവിശ്വാസത്തിൽ ഉറച്ചു ആത്മാർത്ഥതയോടുകൂടി ലോകായതികത്വത്തിനു എതിരായുള്ള സമരത്തിൽ വിജയം വരിക്കുവിൻ; നീതിക്കും സ്നേഹത്തിനും വേണ്ടി വിജയം വരിക്കുവിൻ!" എന്നു യുവാക്കന്മാരെ വിളിച്ചുകൊണ്ടു കല്പിച്ചരുളിയ തിരുമേനിയുടെ ദൃഷ്ടാന്തത്തെ—"മരിക്കേണ്ടിവന്നാൽ വിശ്വാസത്തിനുവേണ്ടി മരിക്കുവിൻ" എന്നു ഹംഗേറിയൻ മെത്രാന്മാരെ ഇപ്പോൾ ഉൽബോധിപ്പിക്കുന്ന ധീരനായ പാപ്പായുടെ, "നാം മരണത്തെ ഭയപ്പെടുന്നില്ല" എന്നു സോന്മേഷം കല്പിച്ചരുളിയിരിക്കുന്ന പന്ത്രണ്ടാം പീയൂസിൻ്റെ, കുട്ടിക്കാലത്തെ ദൃഷ്ടാന്തത്തെ—വിദ്യാർത്ഥികൾ കണ്ടുപഠിക്കട്ടെ. ഭാവിപൗരന്മാരാകുവാനുള്ള ഇന്നത്തെ യുവലോകത്തിനു് എവുജിൻ പച്ചേല്ലിയുടെ സഭാഭക്തിയും നീതിപ്രതീക്ഷയും ധീരതയും വിളിച്ചറിയിക്കുന്ന ഈ സംഭവം ഒരു മാതൃകയായി നിന്നിരുന്നെങ്കിൽ!!




സെൻറ് പീറേറഴ്സ് ബസലിക്കായും അതിൻ്റെ അങ്കണവും വത്തിക്കാൻ അരമനയും

---

യുടെ ദുരാഗ്രഹങ്ങളാൽ ജഡത്തിൻ്റെ പിന്നാലെ പോകുകയും, തുനിവുകാരും അഹങ്കാരികളുമായി കർതൃത്വത്തെ നിന്ദിക്കുകയും, ദുഷിക്കുമ്പോൾ മഹത്വത്തെ ശങ്കിക്കാതിരിക്കുകയും ചെയ്യുന്നവരെ പീഡിപ്പിക്കപ്പെടുന്നവരായി വിധിയുടെ നാളിലേക്കു് അവിടുന്നു സൂക്ഷിക്കും" (II St Peter II, 1—9)

ആകയാൽ കേരളത്തിലെ വിഭിന്ന സഭാംഗങ്ങളായ ക്രൈസ്തവജനതയോടു എനിക്കു ചെയ്യുവാനുള്ള അഭ്യർത്ഥന ഇതാണു്: വ്യാജപ്രവാചകന്മാരുടേയും അബദ്ധോപദേഷ്ടാക്കളുടേയും ബോധനങ്ങൾക്കു നിങ്ങൾ വിധേയരായിട്ടുണ്ടെങ്കിൽ അതു നിങ്ങളുടെ മനഃപൂർവ്വമായ ദൈവദ്രോഹബുദ്ധികൊണ്ടല്ല; പ്രത്യുത, മനുഷ്യസഹജമായ ബലക്ഷയങ്ങൾകൊണ്ടുമാത്രമാണു്. To err is human but to persist in it is devilish. തെററുപററുക മനുഷ്യസഹജമാണു്; പക്ഷെ അതിൽ നിർബന്ധപൂർവ്വം നിലനില്ക്കുക പൈശാചികമാണു്. മതഭിന്നത കൊലപാതകത്തിനു തുല്യവും പാഷണ്ഡത വ്യഭിചാരത്തിനു തുല്യവുമായ മഹാപാപങ്ങളാണു്. അവ ആദ്ധ്യാത്മികവും സാമുദായികവുമായ നമ്മുടെ പുരോഗതിയെ വളരെ ഗൗരവതരമായ വിധത്തിൽ തടയുന്നതാണു്. ഈ ദുരവസ്ഥയെ തടഞ്ഞുനിർത്തി സാക്ഷാൽ ലോകരക്ഷകനായ മിശിഹാ സ്ഥാപിച്ച കാതോലികവും വിശുദ്ധവും അപ്പസ്തോലികവുമായ ഏകസഭയിൽ ചേർന്നു അതിൻ്റെ സകല അനുശാസനങ്ങളെയും പൂർണ്ണമായി അനുവർത്തിക്കുന്നതിനുള്ള കടമ നിങ്ങൾക്കുണ്ടു്. ആ കടമ നിർവ്വഹിക്കുന്നുവെങ്കിൽ മാത്രമേ, ഓരോരുത്തരുടെയും നിത്യരക്ഷ സുനിശ്ചിതമാക്കുന്നതിനും വിശിഷ്യ ഭൂലോകമാസകലം ചുററിയടിക്കുന്ന കമ്മ്യൂണിസ്റ്റു് കൊള്ളിക്കാററുകളിൽനിന്നു നമ്മുടെ മാതൃദേശത്തേയും മാതൃസഭയേയും സംരക്ഷിക്കുന്നതിനും ഉള്ള കെല്പു് കേരളക്രിസ്ത്യാനികളായ നമുക്കു സിദ്ധിക്കുകയുള്ളു.


## ട്രാവൻകൂർ
## ഫെഡറൽ ബാങ്ക് ക്ലിപ്തം

ആലുവാ, അങ്കമാലി, പെരുമ്പാവൂർ

ഡെപ്പോസിററ് നിരക്ക്

1 കൊല്ലം 4½, 2 കൊല്ലം 5, 3 കൊല്ലം 5½. 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 4% സേവിംഗ്സ് 3% കറൻറ് 1½%.

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ചെയ്തുതരുന്നതാണു്.

ക്യാപ്റ്റൻ ഫ്രാൻസിസ് പാറികുളം B. A., M. B. B. S., D. A. (Eng.) ചെയർമൻ

കെ. പി. ഉറമീസ് B. A., B. L. മാനേജിംഗ് ഡിറക്ടർ

പുസ്തകാഭിപ്രായം

## പ്രേഷിതഭൂഷണം

[പേജ് 325. വില 4 രൂപ. സെൻറ് ജോസഫ്സ് പ്രസ്, മാന്നാനം]

കേരളത്തിലെ വൈദികനഭോമണ്ഡലത്തിൽ ഒരുജ്ജ്വലതാരമായി പ്രശോഭിക്കുന്ന റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട് അവർകളുടെ പൗരോഹിത്യ രജതജൂബിലിയുടെ സ്മാരകമായി പ്രസിദ്ധീകൃതമായിരിക്കുന്ന ഒരു ബൃഹദ്ഗ്രന്ഥമാണ് "പ്രേഷിതഭൂഷണം". ഒരു ഗ്രന്ഥത്തിൻെറ മേന്മ നിശ്ചയിക്കേണ്ടതു അതിൻെറ വലിപ്പം നോക്കിയിട്ടല്ല, ഉള്ളടക്കത്തിൻെറ വൈശിഷ്ട്യം നോക്കിയിട്ടാണ് എന്നതിനു സംശയമില്ല. പ്രസ്തുതമാനദണ്ഡം വച്ചുനോക്കിയാലും ഈ ഗ്രന്ഥത്തിൻെറ മേന്മ അനന്യാദൃശമാണെന്നു സന്തോഷസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു. പ്രേഷിതവൃത്തിയെ അധികരിച്ചു, പേരെടുത്ത സാഹിത്യകാരന്മാർ എഴുതിയിട്ടുള്ള 100-ഓളം ലേഖനങ്ങൾ ഇതിലുണ്ട്. ഇതുപോലെയുള്ള ഒരു ഗ്രന്ഥത്തിൽ വിഷയവൈവിധ്യം പാലിക്കുകയും ചർവ്വിതചർവ്വണം കൂടാതെ കഴിക്കുകയും ചെയ്യുകയെന്നതു ദുഷ്കരമായ ഒരു സംഗതിയാണ്. എന്നാൽ ഇക്കാര്യത്തിലും ഗ്രന്ഥം ഏറെക്കുറെ വിജയം വരിച്ചിട്ടുണ്ട്. ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള ലേഖനങ്ങളിൽവച്ച് മിഷൻവേലയുടെ പ്രായോഗികവശങ്ങളെപ്പററി പ്രതിപാദിക്കുന്ന ലേഖനങ്ങളാണ് അതിൻെറ താത്വികവശങ്ങളെപ്പററി പ്രതിപാദിക്കുന്നവയെക്കാൾ പ്രയോജനപ്രദങ്ങളും വിജ്ഞാനപ്രദങ്ങളുമായിട്ടുള്ളതു്. അവസാനം ചേർത്തിരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ഇൻഡ്യയിലെ വിവിധ മിഷൻരംഗങ്ങളെപ്പററി ജ്ഞാനം ലഭിക്കുന്നതിനു സഹായിക്കുന്നതാണ്.

ഇത്ര വിശിഷ്ടമായ ഒരു ഗ്രന്ഥം കൊണ്ട് ജൂബിലേറിയനായ ഫാദർ വെള്ളരിങ്ങാട്ടിൻെറ സ്മരണയെ നിലനിർത്താൻ തീരുമാനിച്ച ഭാരവാഹികളെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുകയും, കേരളീയ ക്രിസ്ത്യാനികൾക്കു പ്രേഷിതചൈതന്യം പ്രദാനംചെയ്യുന്നതിനു് ഈ സ്മാരകം സഹായകമാകട്ടെ എന്നു പ്രാർത്ഥിക്കയും ചെയ്യുന്നു. "എസ്. എച്ച്. ലീഗ്, ആലുവാ" എന്ന വിലാസത്തിലോ, "മിഷൻ ഹൗസ്, കോട്ടയം" എന്ന വിലാസത്തിലോ എഴുതിച്ചോദിച്ചാൽ "പ്രേഷിതഭൂഷണ"ത്തിൻെറ പ്രതികൾ ലഭിക്കുന്നതാണ്.

P. I. J.

## ത്യാഗിനി

(റവ. ഫാ. ഫെലിക്സ് ടി. ഒ. സി. ഡി., ചെറുപുഷ്പമുദ്രാലയം, മഞ്ഞുമ്മെൽ)

"ക്ലാരസഭ" സ്ഥാപിക്കുന്നതിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ സഹപ്രവർത്തകയായിരുന്ന ഒരു മഹാപുണ്യവതിയാണ് വി. ക്ലാര. ഇവർ 1194-ൽ ഇററലിയിലെ അസ്സീസിയിൽ ഭൂജാതയായി. ആരംഭകാലംമുതൽതന്നെ ക്ലാര വിവിധപുണ്യങ്ങളുടെ വിളനിലമായി പ്രശോഭിച്ചിരുന്നു. വി. ഫ്രാൻസിസിൻെറ ഉപദേശപ്രകാരം അവർ ഒരു സന്യാസിനിയാകാൻ തീരുമാനിക്കയും 1212-ൽ വ്രതവാഗ്ദാനം ചെയ്കയും ചെയ്തു. സാൻ പോളോയിലെ ബനഡിക്ടിൻ സന്യാസിനികളുടെ ആശ്രമത്തിൽ കുറെനാൾ വസിച്ചശേഷം പാൻസൊയിലെ സാൻറ് ആൻജെലോയിലേക്കു താമസം മാററി. പുണ്യവതിയുടെ പിതാവും കുടുംബാംഗങ്ങളും സന്യാസവൃത്തി ഉപേക്ഷിക്കുന്നതിനു പുണ്യവതിയെ നിർബന്ധിച്ചുവന്നതുകൊണ്ടു് അവരിൽനിന്നു രക്ഷപെടുന്നതിനാണ് സാൻറ് ആൻജെലോയിലേക്ക് താമസം മാററിയതു്. കുറെ നാൾ കഴിഞ്ഞു് വി. ഫ്രാൻസിസ് ക്ലാരയേയും, അവരുടെ സഹോദരിയായ ആഗ്നീസിനേയും ഇതരസന്യാസിനികളേയും അസ്സീസിയിൽ കൊണ്ടുചെന്നു വസിപ്പിക്കയും ക്ലാരയെ ആശ്രമാധിപയായി നിയമിക്കയും ചെയ്തു. അതു 1215-ലായിരുന്നു. അവിടെത്തന്നെ വി. ക്ലാര തൻെറ മരണംവരെ (1253) വസിച്ചു. പുണ്യവതിയുടേയും അവരുൾപ്പെട്ട സന്യാസസഭയുടേയും തപോനിഷ്ഠയും ദാരിദ്ര്യാരൂപിയും അനന്യാദൃശമായിരുന്നു. 9-ാം ഗ്രിഗോരിയോസ് മാർപ്പാപ്പാ സഭാനിയമങ്ങൾ ലഘൂകരിപ്പെടുത്താമെന്നു പറഞ്ഞിട്ട് പുണ്യവതി അതിനു വിസമ്മതിച്ചതേയുള്ളു. വിശുദ്ധയുടെ അമ്മയും ഇളയമ്മയും സഹോദരിയും പുതിയ സഭയിലെ അംഗങ്ങളായി ഭവിച്ചെന്നു മാത്രമല്ല കഥാനായിക മരിക്കുന്നതിനു മുമ്പുതന്നെ ക്ലാരസഭ യൂറോപ്പിലെങ്ങും വ്യാപിക്കയും ചെയ്തു.

ഏവംവിധം അഖിലലോകപ്രസിദ്ധയായി ഭവിച്ചിട്ടുള്ള വി. ക്ലാരയുടെ പാവനചരിതമാണ് ഒരു 'അനുഗൃഹീത തൂലികാകാരനായ റവ. ഫാദർ ഫെലിക്സ് ടി. ഒ. സി. ഡി. "ത്യാഗിനി" എന്നപേരിൽ സഹൃദയസമക്ഷം അവതരിപ്പിച്ചിരിക്കുന്നതു്. "വി. കൊച്ചുറോസ്", "മരിയ ഗൊരെററി" എന്നീ ഗ്രന്ഥതല്ലജങ്ങളുടെ കർത്താവെന്ന നിലയിൽ ഫാദർ ഫെലിക്സ്, നേരത്തെതന്നെ പ്രശസ്തി സമാർജ്ജിച്ചിട്ടുള്ളതാണ്. "ത്യാഗിനി" വായിച്ചപ്പോൾ മഹാകവി കുമാരനാശാൻ എഴുതിയിട്ടുള്ള ഒരു പദ്യശകലം ഓർമ്മവരുകയുണ്ടായി.

"തേച്ചു മിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ!
താണുകിടക്കുന്നു നിൻകുക്ഷിയിൽ ചാണ-
കാണാതെയാറേഴുകോടിയിന്നും."

ഏതാണ്ടതുപോലെ, "തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വാച്ചിടും കല്ലുകൾ" ആശ്രമഭിത്തികൾക്കുള്ളിൽ മറഞ്ഞുകിടപ്പുണ്ടെന്നു് ഫാദർ ഫെലിക്സിൻെറ കൃതികൾ തെളിയിക്കുന്നു. ചമൽക്കാരദ്യോതകവും ഭാവനാസമ്പന്നവുമായ ഫാദർ ഫെലിക്സിൻെറ ഗദ്യരീതി സഹൃദയരായ അനുവാചകരുടെ അന്തരംഗത്തിൽ ആനന്ദത്തിൻെറ ഒരു വേലിയേററമുളവാക്കാതിരിക്കയില്ല. "ത്യാഗിനി"യിൽ നിന്നു രണ്ടുമൂന്നു വാചകങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ: "മാതൃഹൃദയം അലിഞ്ഞുചേർന്ന ചുംബനങ്ങൾ ആ കോമളാകാരത്തെ പൊതിഞ്ഞു. പരിപാവനമായ മാതൃത്വം ആനന്ദമേഖലയിൽ നിർവൃതിയടയുന്ന ആ മോഹനരംഗത്തിനു സാക്ഷിനിന്ന വിനാഴികകൾ, വൈമനസ്യത്തോടെ പയ്യെ പയ്യെ അങ്ങു നീങ്ങിമറഞ്ഞു." (പക്ഷം 3). "താരുണ്യം മന്ദം മന്ദം അവളെ സമീപിച്ചു. വസന്തത്തിൻെറ സൗന്ദര്യവും സൗരഭ്യവും കൈവരിച്ചുകൊണ്ടു് അവളിതാ യൗവനത്തിൻെറ പ്രകാശോജ്ജ്വലമായ മണ്ഡലത്തിലേക്കു പ്രവേശിച്ചു. സൽഗുണസമ്പന്നയായ ഒരു യുവതീരത്നം പാംസുകാരം നിറഞ്ഞ ലോകത്തിലെ വെള്ളിനക്ഷത്രമല്ലയോ" (പക്ഷം 7).

ഇങ്ങനെ പോകുന്നു ത്യാഗിനിയിലെ നിസർഗ്ഗസുന്ദരങ്ങളായ വാചകങ്ങൾ. സാഹിത്യരസികനായ റവ. ഫാദർ ജേക്കബ് കല്ലറയ്ക്കൽ അവർകളുടെ "അവതാരിക"യും ഗ്രന്ഥത്തിനു ഒരു ഭൂഷണമായിട്ടുണ്ട്.

അതിശയോക്തികൾ അധികമാകാതെ സൂക്ഷിക്കയും അതിവർണ്ണനങ്ങൾ കൂടാതെ കഴിക്കയും ചെയ്യണമെന്നു മാത്രമേ ഗ്രന്ഥകാരനെ അനുസ്മരിപ്പിക്കേണ്ടതായുള്ളു. വിശുദ്ധപദം പ്രാപിച്ച വ്യക്തികൾക്കും മനുഷ്യസഹജമായ ബലഹീനതകളും ന്യൂനതകളും ഉണ്ടായിരുന്നിരിക്കണം. അവ ഗോപനം ചെയ്യുകയോ പ്രകൃത്യാതന്നെ വിശുദ്ധർ അമാനുഷിക വ്യക്തികളായിരുന്നുവെന്ന ധാരണ നൽകുകയോ ചെയ്യേണ്ടതില്ല.

ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കയും "ത്യാഗിനി"യുടെ ജീവിതാദർശം അനുവാചകരുടെ ഹൃദയവേദികളിൽ പ്രതിഷ്ഠിതമാകട്ടെയെന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

P. I. J.




മാർപ്പാപ്പാതിരുമേനി വി. പത്രോസിൻെറ ബസിലിക്കായിൽ ജപമാലചൊല്ലുന്നു.

## സംഭവകഥകൾ

### സ്നേഹചുംബനം

ആ നീഗ്രോബാലനെ, മഠത്തിൽചെന്നു കുറെ ഓസ്തി വാങ്ങിക്കൊണ്ടുവരുന്നതിനായി ഒരു മിഷനറിവൈദികൻ പറഞ്ഞയച്ചതാണ്.

"അമ്മേ! ഓസ്തി ഞാനൊന്നു കാണട്ടെ." അവൻ കന്യാസ്ത്രീയോടു പറഞ്ഞു.

"നീ അതു കണ്ടുകൊൾക. പക്ഷെ തൊട്ടു വൃത്തികേടാക്കരുതു്." കന്യാസ്ത്രീ പ്രതിവചിച്ചു.

ബാലൻ ആ നിർദ്ദേശം ഗൗനിക്കാതെ കുമ്പിട്ടു് ഓസ്തിമേൽ ഭക്തിപുരസ്സരം ചുംബിച്ചു.

"ഹേയ്! അതിപ്പോൾ അപ്പംമാത്രമാണ്." കന്യാസ്ത്രീ അവനു താക്കീതു കൊടുത്തു.

"അതെനിക്കറിയാം. പക്ഷെ അധികം കഴിയുന്നതിനുമുമ്പ്, കുർബാനയുടെ സമയത്തു, അതു നമ്മുടെ കർത്താവിൻെറ ശരീരമായിപ്പകരും. അവിടുന്നു എഴുന്നള്ളിവരുമ്പോൾ എൻെറ ഈ ചുംബനവും കാണാതിരിക്കയില്ല."

(Mission Crumbs)

### ത്രിവർണ്ണം

വൃദ്ധനായ ഒരു സന്യാസിസഹോദരനു വായിക്കാനറിഞ്ഞുകൂടായിരുന്നെങ്കിലും കുർബാനസമയത്തു വിവിധവർണ്ണങ്ങളോടുകൂടിയ ഒരു പുസ്തകമുപയോഗിക്കുക പതിവായിരുന്നു. അതിൻെറ പ്രയോജനമെന്തെന്നു് ചോദിച്ചതിനു അദ്ദേഹം നല്കിയ മറുപടി ഇതാണ്: "കുർബാനയുടെ ആരംഭത്തിൽ കറുത്ത അക്ഷരത്തിൽ അടിച്ചിട്ടുള്ള ഒരു പക്ഷം ഞാൻ മറിച്ചുനോക്കുന്നു. അപ്പോൾ എൻെറ പാപങ്ങളുടെ കാര്യം ഓർമ്മവരുകയും കാഴ്ചവയ്പുവരെ അവയെപ്പററി ഞാൻ അനുതപിക്കയും ചെയ്യുന്നു. ബലിവസ്തുക്കൾ കൂദാശ ചെയ്യപ്പെടുന്ന സമയത്തു ചുവന്ന അക്ഷരങ്ങളുള്ള ഒരു പേജ് ഞാൻ മറിച്ചുനോക്കും. അതു കർത്താവിൻെറ തിരുരക്തത്തെപ്പററി ധ്യാനിക്കുന്നതിനു എന്നെ സഹായിക്കും. അവസാനം ദിവ്യകാരുണ്യസ്വീകരണത്തിൻെറ സമയമാകുമ്പോൾ തങ്കവർണ്ണത്തിലുള്ള ചില ലിപികളെ നോക്കും. അവ കർത്താവിനെ സ്വീകരിക്കുന്നതിലുള്ള ആനന്ദത്തേയും അവിടുന്നു എനിക്കു പ്രദാനം ചെയ്യുവാനിരിക്കുന്ന സ്വർഗ്ഗീയസൗഭാഗ്യത്തേയും പററിയുള്ള ചിന്ത എൻെറ മനസ്സിൽ കൊണ്ടുവരും."

(Catechism Stories by F. A Drinkwater)

### മരണശയ്യക്കു സമീപംനിന്നു പ്രാർത്ഥിക്കുക

ക്ലാര എസ്. കേതർവുഡ് സ്വമാനസാന്തരചരിത്രം ഇങ്ങനെ വിവരിക്കുന്നു: "54 കൊല്ലം മുമ്പ് ഞാനൊരു ആസ്പത്രിയിൽ നഴ്സിംഗ് പഠിക്കയായിരുന്നു. പലപ്പോഴും മരണാസന്നരുടെ സമീപത്തു നില്ക്കുന്നതിനു് എനിക്കിട വന്നിട്ടുണ്ട്. തദവസരങ്ങളിൽ അവരുടെ ബന്ധുക്കളും മററും ചുററും നിന്നു കരയുന്നതായിട്ടാണ് കണ്ടിട്ടുള്ളതു്. ആരും പ്രാർത്ഥിക്കുന്നതായി കണ്ടിട്ടില്ല. അതിലെനിക്കു് ആശ്ചര്യവും തോന്നിയിരുന്നില്ല. ഒരിക്കൽ ഒരു കത്തോലിക്കൻ മരിക്കുന്നതു കാണാനിടവന്നു. അയാളുടെ കുടുംബാംഗങ്ങളും ഒരു വൈദികനും മരണശയ്യയുടെ അരികിൽനിന്നു പ്രാർത്ഥനകൾ ചൊല്ലുന്നുണ്ടായിരുന്നു. അതു എന്നെ ഹഠാദാകർഷിച്ചു. ഒരു കത്തോലിക്കയാകണമെന്നു് അപ്പോൾത്തന്നെ ഞാൻ നിശ്ചയിച്ചു അതനുസരിച്ചു 1897-ലെ വലിയ നോമ്പുകാലത്തു ഞാൻ മതകാര്യങ്ങൾ പഠിക്കയും, ദുഃഖശനിയാഴ്ച ജ്ഞാനസ്നാനം സ്വീകരിക്കയും, ഉയിർപ്പുതിരുനാളിൽ പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തുകയും ചെയ്തു.

(Catholic Digest)

## വാചകയോഗം

### കടുകുമാങ്ങ

(കുടുംബിനി)

നല്ലമാങ്ങ 25 എണ്ണം തൊലിചെത്തി ചെറുതായി അരിഞ്ഞെടുക്കുക. ഒരു ചീനച്ചട്ടിയിൽ കടുകു വറുത്തു് അതിൽ കൂടി നാലുസ്പൂൺ മുളകുപൊടിയും അരസ്പൂൺ ഉലുവാപ്പൊടിയും ചേർത്തു മൊരിക്കുക. അരിഞ്ഞുവച്ചിരിക്കുന്ന മാങ്ങയും ചീനച്ചട്ടിയിലിട്ടു് പത്തുതുടം തിളപ്പിച്ചാററിയ ഉപ്പുനീരും ഒഴിച്ചു് ഇളക്കി യോജിപ്പിക്കുക. അല്പനേരം അടുപ്പത്തുവച്ചിരുന്നശേഷം ഇറക്കിവച്ചു് വേറൊരുഭരണിയിലേക്കോ മറേറാ പകർന്നു് അടച്ചു സൂക്ഷിക്കാവുന്നതും ആവശ്യംപോലെ എടുത്തുപയോഗിക്കാവുന്നതുമാണ്.

## ഏകാന്തധ്യാനം കുന്നംകുളത്ത്

ഇവിടെ ഏപ്രിൽ 9-ാംനു ഓശാനശനിയാഴ്ച വൈകുന്നേരം മുതൽ അടുത്ത ബുധനാഴ്ച കാലത്തുവരെ സ്ത്രീകൾക്കായി ഒരു ഏകാന്തധ്യാനം നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ശയ്യോപകരണങ്ങൾക്കുപുറമെ താമസച്ചിലവിനു ആളൊന്നുക്കു് 5 രൂപാ മാത്രമേ വേണ്ടു. പ്രവേശനത്തിനു ഉടൻ അപേക്ഷിക്കുക.

റവ. ഫാദർ പോൾ ആലപ്പാട്ട്
കുന്നംകുളം

## ഫിലിപ്പൈൻസിലെ ഡലഗാദപ്പസ്തോലിക്ക

ഇൻഡ്യയിലെ അപ്പസ്തോലിക് നൺഷ്യോയുടെ കൗൺസെലറായ മോൺ. ഇ. വഗ്ഗോസിയെ ഫിലിപ്പൈൻസിലെ പുതിയ ഡലഗാദപ്പസ്തോലിക്കയായി പരിശുദ്ധ പിതാവു നിയമിച്ചിരിക്കുന്നു.

ബാലരംഗം

# ബാലരംഗവികാസം

"ഉള്ളം കുളുപ്പിക്കും ഗീതങ്ങളങ്ങനെ
വെള്ളത്തിരത്തകപ്പൊന്തുകേൾക്കായ്,
ശുദ്ധമാം വാക്കുകൾ ശുദ്ധനാം ദൈവത്തിൻ
ശുദ്ധിപ്രശംസകൾ വിസ്തരിച്ചു.
നാട്യവും നൃത്തവും സുസ്വരരമ്യമായ്
കണ്ടുഞാനാഹ്ലാദവിഹ്വലയായ്"

പ്രിയ കുഞ്ഞുങ്ങളേ,

ഓററ്ററിയിലെ ബാലരംഗം അങ്ങനെ നാൾക്കുനാൾ വികസിച്ചുകൊണ്ടിരിക്കുന്നു. പഴയ സായാഹ്നക്ലാസുകൾ ആകപ്പാടെ പരിഷ്കരിച്ചു. എഴുത്തും വായനയും വേദപാഠങ്ങളും പഠിപ്പിച്ചിരുന്നതിനുപുറമെ, ചരിത്രം, ഭൂമിശാസ്ത്രം, ചിത്രമെഴുത്തു മുതലായവയും അവിടെ പഠിപ്പിച്ചുതുടങ്ങി. ഇങ്ങനെ പഠനത്തിൽ കൂടുതൽ സമർത്ഥന്മാരായി കാണപ്പെട്ടവർക്കു പ്രത്യേകം പരിശീലനം കൊടുത്തു്, അവരെക്കൊണ്ടു മററു കുട്ടികളെ പഠിപ്പിക്കാൻ ആരംഭിച്ചപ്പോൾ, ഓററ്ററി പാഠശാലക്കു നല്ല പുരോഗമനം സിദ്ധിച്ചു ഫാദർ ബോസ്കോയുടെ ഈ അദ്ധ്യയന സമ്പ്രദായം ട്യൂറിൻ പട്ടണത്തിൽ എവിടെയും സംഭാഷണവിഷയമായി. ഗവൺമെൻറുമേധാവികളുടെ ശ്രദ്ധയും ഇതു വിഷയീഭവിക്കുകയും, പ്രതിവർഷം മുന്നൂറു ഫ്രാങ്ക് ഗ്രാൻറു കിട്ടിത്തുടങ്ങുകയും ചെയ്തെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. 1847 ആരംഭത്തോടെ ഓററ്ററിയിലെ നടപടിക്രമങ്ങൾ സംബന്ധിച്ചു അദ്ദേഹം ഒരു നിയമാവലിയും എഴുതിയുണ്ടാക്കി. കുട്ടികളുടെ സംഖ്യ ആകപ്പാടെ എഴുന്നൂറോളമായി വർദ്ധിച്ചിരിക്കുന്നു.

പിന്നാർഡിഭവനത്തിൽ ഇതിനെല്ലാം സ്ഥലം തീരെ മതിയാകാതായെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ 1847-ൽ തന്നെ ട്യൂറിൻപട്ടണത്തിൻെറ പ്രധാനറെയിൽവെസ്റ്റേഷനടുത്തു് വേറൊരു ഓററ്ററികൂടെ സമാരംഭിച്ചു രണ്ടു കൊല്ലം കഴിഞ്ഞു പട്ടണത്തിൻെറ വേറൊരുഭാഗത്തു മറെറാന്നുകൂടെ തുടങ്ങാതെ ഗത്യന്തരമില്ലെന്നായി. ബോർഡേഴ്സും മമ്മാമാർഗരററും വൽഡോക്കോയിൽത്തന്നെ, തറവാട്ടിലെന്നപോലെ കഴിച്ചുകൂട്ടി. മുപ്പതാമത്തെ വയസ്സിൽ മർഗരീത്താമ്മക്കു മൂന്നുകുട്ടികളെക്കൊണ്ടുമേ അദ്ധ്വാനിക്കാനുണ്ടായിരുന്നുള്ളു. എന്നാൽ അറുപത്തഞ്ചാമത്തെ വയസ്സിൽ മുപ്പതോളം സ്ഥിരവാസക്കാരായ യുവാക്കന്മാരുടേയും അനേകശതം ഡേസ്കോളേഴ്സിൻേറയും കാര്യംനോക്കൽ ആ മഹതി അദ്ധ്വാനിക്കേണ്ടതായി വന്നിരിക്കുന്നു. ആനന്ദപ്രദമായ സേവനംതന്നെ. ഓററ്ററിയുടെ പ്രാരംഭംമുതലുള്ള ആ കുടുംബസമ്പ്രദായം ഇന്നും സലേഷ്യൻസഭയിൽ ആ സകലം അനന്യൂനം പാലിക്കപ്പെട്ടുപോരുന്നു എന്നുള്ളതു അതിൻെറ ഒരു വിശിഷ്ടഭൂഷണമത്രെ.

പിന്നാർഡിഭവനം ഫാദർ ബോസ്കോ കൂലിക്കു വാങ്ങിച്ചിരുന്നതാണെന്നു നിങ്ങൾ ഓർമ്മിക്കുമല്ലോ. എന്നാൽ 1851-ൽ അദ്ദേഹം തീറായിട്ടുതന്നെ അതു വാങ്ങിക്കുവാനിടയായി അതും ദൈവപരിപാലനയുടെ ഒരത്ഭുതംപോലെയാണു നടന്നതു്.

ഒരുദിവസം മിസ്റ്റർ പിന്നാർഡി ഫാദർബോസ്കോയെ സമീപിച്ചു പറയുകയാണു്:

"മൂവായിരം പവൻ വിലക്കാണെങ്കിൽ ആ വീടും സ്ഥലവും അച്ചനു തീറുതന്നേക്കാം."

"ഹേ! അതു വളരെ അന്യായവിലയല്ലേ?"

"ആട്ടെ, എന്നാൽ അച്ചനു എന്തു വില തരാൻ സമ്മതമുണ്ടു്?"

"കൂടിയാൽ ആയിരത്തി ഇരുനൂറു പവൻ."

"എൻെറ ഭാര്യക്കു ഒരാഭരണത്തിനു ഇരുപതു പവൻ കൂടെ തരിക."

"അങ്ങനെ സമ്മതിച്ചിരിക്കുന്നു."

"പതിനഞ്ചുദിവസത്തിനകം പണം രൊക്കം കിട്ടണം."

"രൊക്കം തന്നുകൊള്ളാം."

ഉടമ്പടി ഉറപ്പിച്ചുകഴിഞ്ഞു. കൊച്ചുകാശു അന്നു അദ്ദേഹത്തിൻെറ കൈവശമില്ല. അമ്മയും മകനും കുട്ടികളുംകൂടി പ്രാർത്ഥന തുടങ്ങി. അധികം താമസിയാതെ 400 പവൻ ഒരാൾ ദാനമായി അദ്ദേഹത്തെ ഏല്പിച്ചു. വേറൊരാൾ സൂക്ഷിക്കാനായി 800 പവൻ അദ്ദേഹത്തിൻെറപക്കൽ കൊണ്ടുവെച്ചിരിക്കുന്നു. അവധിക്കുമുമ്പുതുകമുഴുവൻ പിന്നാർഡിയെ ഏല്പിച്ചു് വസ്തുവിൻെറ തീറാധാരം എഴുതിച്ചെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. നിശ്ചിതതീയതിക്കു വിലയത്രയും കൊടുത്തുതീർക്കാത്തപക്ഷം വലിയൊരു തുക പിഴകൂടി നൽകിക്കൊള്ളാമെന്നും ബോസ്കോഅച്ചൻ വാഗ്ദാനംചെയ്തിട്ടുണ്ടായിരുന്നു എന്നു ഓർക്കുമ്പോഴാണു് ഈ സന്ദർഭത്തിൽ അദ്ദേഹത്തിനുണ്ടായ കൃതജ്ഞതാഭാരം തെളിഞ്ഞുകാണുന്നതു്.

"മകനേ! നമ്മുടെ ദിവ്യകർത്താവിൻെറ ഔദാര്യത്തിനു ഒരതിരുമില്ല" എന്നത്രെ മമ്മാമാർഗരററു് ഈ അവസരത്തിൽ പ്രസ്താവിച്ചതു്.

ഏപ്രിൽമാസം
ജന്മദിനസമ്മാനങ്ങൾ

മുപ്പത്തൊമ്പതു ആൺകുട്ടികളുടേയും മുപ്പത്താറു പെൺകുട്ടികളുടേയും ജന്മദിനങ്ങളാണു് ഏപ്രിൽമാസത്തിലുള്ളതു്. സമ്മാനത്തിനു ചീട്ടികിട്ടിയവരുടെ പേരുകൾ താഴെ ചേർക്കുന്നു:

1. കണ്ടത്തിൽ പൗലോസു ജോസഫ്, മുട്ടം (നമ്പർ 17)
2. കെ. ഒ. മത്തായി കൊല്ലപ്പള്ളിൽ, രാമപുരം (നമ്പർ 28)
3. പി. റ്റി. റോസ പടർകുന്നേൽ, ചിറക്കടവു് (നമ്പർ 346)
4. ചിന്നമ്മ ജോസഫ് തിട്ടപ്പള്ളിൽ, വൈക്കം (നമ്പർ 308)

ജന്മദിനക്കാർക്കെല്ലാം വല്യച്ചൻെറ പൈതൃകമായ ആശീസ്സു്. അവർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള കാര്യം ബാലരംഗാംഗങ്ങളെ ഒരിക്കൽക്കൂടി ഓർപ്പിച്ചുകൊള്ളുന്നു.

ചെറുചോദ്യം

1. കെ. വി. കൊച്ചുപൈലോതു, ഒല്ലൂർ (319)

പീഡാനുഭവഭക്തി

2. ചാക്കോ തോമസ് കക്കാട്ടുവീട്, കോതമംഗലം (146)

വ്യാകുലമാതാവിൻഭക്തി

3. കെ. എം. ക്ലാരമ്മ, കുഴിയാംപ്ലാവിൽ, പനമററം (265)

ജപമാലഭക്തി

4. എൻ. എം. ത്രേസ്യാക്കുട്ടി, നമ്പേലിൽ, കല്ലൂർ (211)

ഉത്തരീയഭക്തി

പെസഹാവ്യാഴാഴ്ചയിലെ ആരാധനയിൽ. ജൂബിലി കൊണ്ടാടുന്ന നമ്മുടെ പരിശുദ്ധപിതാവായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പക്കുവേണ്ടി കുഞ്ഞുമക്കളെല്ലാം പ്രത്യേകം പ്രാർത്ഥിക്കുകയും, ഒരുമണിനേരത്തെ ആരാധന അവിടുത്തെ നിയോഗാർത്ഥം കാഴ്ചവയ്ക്കുകയും ചെയ്യണമെന്നു സസ്നേഹം ഓർപ്പിച്ചുകൊള്ളുന്നു

എന്നു സ്വന്തം വല്യച്ചൻ


## ചെറുപുഷ്പ പ്രേഷിതസഭ

ഈ സഭയിൽ സഹോദരന്മാരായി ചേർന്നു് അനാഥമന്ദിരങ്ങൾ, വ്യവസായശാലകൾ, സ്കൂളുകൾ, മിഷൻ പ്രവർത്തനങ്ങൾ, ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ ആദിയായ സമുദായോന്നമന സ്ഥാപനങ്ങളെ നടത്തി സ്വപരിത്യാഗപൂർണ്ണമായി പുണ്യപരിപൂർണ്ണതയേയും അന്യന്മാരുടെ ആത്മികവും ശാരീരികവുമായ ഉദ്ധാരണത്തേയും സാധിക്കുന്നതിനുള്ള ആഗ്രഹവും അതിനു വേണ്ടുന്ന പരിജ്ഞാനയോഗ്യതയുമുള്ള കത്തോലിക്കാ യുവാക്കന്മാരെ ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

സുപ്പീരിയർ ചെറുപുഷ്പാശ്രമം
മൂക്കന്നൂർ, അങ്കമാലി A. O. & P. O.

## THE SATHYADEEPAM
### ADVERTISEMENT RATES

| | | | | | |
|---|---|---|---|---|---|
| Casual advts. | Rs. | 3 | 0 | 0 | per inch |
| Flat rate up to 100 inches | Rs. | 2 | 8 | 0 | single column |
| 101 inches and above | Rs. | 2 | 0 | 0 | per insertion |
| Minimum charge | Rs. | 5 | 0 | 0 | per insertion |

INSIDE AND LAST
Full page Rs. 120
Half page Rs 70
For colour advertisements 100% extra

Adv. Manager

## വിജ്ഞാനവീഥി

By റവ. സി. റ്റി. കൊട്ടാരം, ബി. എ. എൽ. റ്റി., എൽ. ഡി. (റോം) എഫ്. ആർ. ഏ. എസ്സ്. (ലണ്ടൻ)

പ്രസാധകർ: കെയിംബ്രിഡ്ജ് പബ്ലിക്കേഷൻസ്:—
മതപരവും, മതേതരവുമായ വിഷയങ്ങളെ പുരസ്കരിച്ചുള്ള നിരവധി ഉപന്യാസങ്ങൾ — ഉൽകൃഷ്ടമായ വിജ്ഞാനത്തിലേക്കു ആനയിക്കുന്ന ഒരു ഉത്തമഗ്രന്ഥം. മേനികടലാസ്സ്. മനോഹരമായ ത്രിവർണ്ണക്കവർ.
വില. 1 രൂ. 12 ണ. ആവശ്യപ്പെടുക:—
1) കെയിംബ്രിഡ്ജ് പബ്ലിക്കേഷൻസ്, പൂഞ്ഞാർ
2) മദ്ധ്യസ്ഥൻ പ്രസ്സ്, ചങ്ങനാശ്ശേരി


## നിങ്ങൾക്കറിയാമോ?

1 ജൂബിലി എന്നാലെന്തു്?
2 പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ വൈദികനായതെന്നു്?
3 എന്നു മെത്രാനായി?
4 എന്നു കർദ്ദിനാളായി?
5 എന്നു മാർപ്പാപ്പായായി?
(ഉത്തരങ്ങൾ 10-ാം പേജിൽ)


വി: അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ സുഖക്കേടിനു കുറവു കിട്ടിയതിനു ഉപകാരസ്മരണ.

കളത്തിൽ ചാക്കൊ ജോർജ്ജ്
ചെമ്പ്ലാവ്

## റോയിസ്റ്റ
സാററിൻ സിൽക്കിൽ
കുർബാനക്കുപ്പായം
തയ്യാറുണ്ടു

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്കു് കൊളംബോ സാരിവർക്കു്, ബ്രോഡ്‌വെ-എറണാകുളം.

## കൃതജ്ഞത

ബ: അൽഫോൻസാമ്മയുടേയും ഫിലോമിനാ പുണ്യവതിയുടേയും സഹായത്താൽ അദ്ധ്യാപക ജോലിചെയ്യുവാൻ സാധിച്ചതിനു് ഉപകാരസ്മരണ.

എന്നു് P. V. M. വൈററില


## സൗജന്യവിതരണ ഫണ്ടു്

ഒരു ഗുണകാംക്ഷി ക. 3.



പരിശുദ്ധ പിതാവിൻെറ ക്രിസ്തുമസ് പ്രഭാഷണം ശ്രവിക്കുന്നതിനായി സന്നിഹിതരായിരിക്കുന്ന ജനങ്ങൾ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ എം. എ, പി എച്ച്. ഡി., ഡി ഡി., ഡി. സി. എൽ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ),6 രൂപ 8 ണ. (തപാലിൽ)

Vol. 22 || ERNAKULAM, MARCH 30, 1949 || No 32


# പരിശുദ്ധപിതാവിന്റെ പൗരോഹിത്യജൂബിലി

നമ്മുടെ പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ 1899-ൽ പുരോഹിതപട്ടം സ്വീകരിച്ച് നവപൂജ സമർപ്പിച്ചു. 1917-ൽ ജർമ്മനിയിലെ അപ്പസ്തോലിക്ക് നൺഷിയോയായി നിയമിക്കപ്പെട്ടപ്പോൾ തിരുമനസ്സുകൊണ്ട് മെത്രാൻപട്ടം സ്വീകരിച്ചു. ഇതിന്റെ രജതജൂബിലി 1942-ൽ കൊണ്ടാടപ്പെട്ടു. നൺഷിയോയെന്ന നിലയിൽ നിർവ്വഹിച്ച പ്രശസ്തങ്ങളായ സേവനങ്ങളെ അഭിനന്ദിച്ചുകൊണ്ടു തിരുമേനിയെ 1929-ൽ 11-ാം പീയൂസ് മാർപ്പാപ്പാ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തി. ഏതാനും മാസങ്ങൾക്കുശേഷം തിരുമേനിയെ മാർപ്പാപ്പാ തന്റെ സ്റ്റേറ്റ് സെക്രട്ടറിയായി നിയമിച്ചു. ഈ നിയമനം പ്രമാണിച്ചു തിരുമേനിക്കു മാർപ്പാപ്പാ നൽകിയ സ്വഹസ്തലിഖിതത്തിൽ അതിന്റെ കാരണങ്ങൾ ഇപ്രകാരം ചൂണ്ടിക്കാണിച്ചിരുന്നു: "ഈ നിയമനം നടത്തുവാൻ ഒന്നാമതായി നമ്മെ പ്രേരിപ്പിച്ചതു് അവിടുത്തേക്കുള്ള ഭക്തിയുടേയും പ്രാർത്ഥനയുടേയും ചൈതന്യത്തിൽ നമുക്കുള്ള വിശ്വാസമാണ്. പ്രസ്തുത ചൈതന്യം അവിടുത്തെമേൽ സ്വർഗ്ഗീയസഹായം സമൃദ്ധമായി ചൊരിയിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. മറ്റൊരു കാരണം ദൈവദത്തമായി അവിടുത്തേക്കു കൈവന്നിട്ടുള്ള അത്യുൽകൃഷ്ടങ്ങളായ അപദാനങ്ങളാണ്. അവയെ, ഇതുവരെ അങ്ങയെ ഏൽപ്പിച്ചിട്ടുള്ള ഉദ്യോഗങ്ങളിൽ, പ്രത്യേകിച്ചും ബവേറിയായിലേയും ജർമ്മനിയിലേയും നൺഷിയോ ഉദ്യോഗങ്ങളിൽ, ദൈവമഹത്വത്തിനും തിരുസ്സഭയുടെ സേവനത്തിനും വേണ്ടി അവിടുന്നു സവിശേഷം വിനിയോഗിക്കുകയും ചെയ്തിരിക്കുന്നു." വൈദികൻ, മെത്രാൻ, കർദ്ദിനാൾ എന്നീ നിലകളിൽ നാല്പതു വർഷക്കാലം നിർവ്വഹിച്ച വിവിധങ്ങളായ സേവനങ്ങളും, തത്ഫലമായി സമ്പാദിച്ച പരിചയജ്ഞാനവും ദൈവപരിപാലനയിൽ തിരുമേനിയെ ഏറ്റവും ഉൽകൃഷ്ടവും ഉത്തരവാദിത്വമേറിയതുമായ സ്ഥാനത്തേക്കുയർത്തുവാനുള്ള ഒരുക്കമായിരുന്നു. 11-ാം പീയൂസ് മാർപ്പാപ്പാ 1939 ഫെബ്രുവരി 10-ാം തീയതി ദിവംഗതനായി. ദുഷ്ടശക്തികൾ ലോകസമാധാനത്തെ ഭീഷണിപ്പെടുത്തുകയും, മനുഷ്യവർഗ്ഗത്തിന്റെ ഭാവി ത്രാസിൽ തൂങ്ങുകയാണോയെന്നു തോന്നുകയും ചെയ്ത അവസരമായിരുന്നു അതു്. തന്മൂലം പുതിയ മാർപ്പാപ്പായുടെ തെരഞ്ഞെടുപ്പിനു് അഭൂതപൂർവ്വകമായ പ്രാധാന്യം സർവ്വത്ര കല്പിക്കപ്പെട്ടു. ലണ്ടനിലെ "ഈവനിംഗ് സ്റ്റാൻഡേഡ്" എന്ന പത്രത്തിൽ മി. ഡഫ് കൂപ്പർ എഴുതിയിരുന്നതുപോലെ, "പ്രോട്ടസ്റ്റന്റ് നവീകരണത്തിനുശേഷം ഒരു പുതിയ മാർപ്പാപ്പായുടെ തെരഞ്ഞെടുപ്പു ലോകം മുഴുവനും ഇത്രവലരെ ഉൽക്കണ്ഠയോടുകൂടി കാത്തിരുന്നിട്ടില്ല." മാർച്ച് 2-ാം തീയതി കർദ്ദിനാൾ പച്ചേല്ലി മാർപ്പാപ്പായായി ഏകാഭിപ്രായത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ടു. അന്നു തിരുമേനിയുടെ 63-ാം ജന്മദിനവുമായിരുന്നു മാർച്ച് 12-ാം തീയതി പട്ടാഭിഷേകവും നടന്നു. അതിനാൽ ഇക്കഴിഞ്ഞ മാർച്ചിൽ തിരുമേനിയുടെ പാപ്പാസ്ഥാനാരോഹണത്തിന്റെ 10-ാം വർഷം തികഞ്ഞിരിക്കുകയാണ്. ഇത്ര സംഭവബഹുലവും സമർത്ഥവുമായ തിരുസ്സഭാസേവനത്തിനു് അടിത്തറയിട്ട പൗരോഹിത്യപട്ടത്തിന്റെ സുവർണ്ണജൂബിലിയാണ് ഈ ഏപ്രിൽ 2-ാം തീയതി കത്തോലിക്കാലോകമാസകലം കൊണ്ടാടപ്പെടുന്നതു്.

### തിരുമനസ്സിലെ വ്യക്തിവിലാസം

പാപ്പാധിപത്യത്തിനു് ആധുനികകാലത്തുണ്ടായിട്ടുള്ള ഔന്നത്യം അത്ഭുതപൂർവ്വകമാണെന്നു് ആരും സമ്മതിക്കും. ബാംഗ്ളൂർ മെത്രാൻ പി. തോമസ് തിരുമനസ്സുകൊണ്ട് വിദേശപര്യടനം കഴിഞ്ഞു മടങ്ങിയെത്തിയശേഷം "എക്സാമിനർ" പത്രത്തിൽ ഇപ്രകാരം എഴുതിയിരുന്നു: "ചിന്താശീലരായ ലക്ഷോപലക്ഷം ആളുകളുടെ മനസ്സിൽ, അവർ തിരുസ്സഭയ്ക്കു പുറമെയുള്ളവരായാലും, മാർപ്പാപ്പായുടെ സുശക്തമായ ആദ്ധ്യാത്മികസ്വാധീനബലം ഗുണഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയാണ്. ഏകദേശം 40 രാഷ്ട്രങ്ങൾക്ക്, ചൈനായും ലബനോനും ഉൾപ്പെടെ, വത്തിക്കാനുമായി നയതന്ത്രബന്ധങ്ങളുണ്ട്. പരിശുദ്ധപിതാവിന്റെ പ്രസ്താവങ്ങൾക്കു വിസ്തൃതമായ സ്വീകരണം ലഭിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ക്രിസ്തുമസ് ദിനത്തിൽ ഞാൻ ന്യൂയോക്കിലായിരുന്നു. ആ സുദിനത്തിൽ പ: പിതാവു കർദ്ദിനാൾ സംഘത്തോടു ചെയ്ത പ്രഭാഷണം മുഴുവനും പിറ്റേദിവസം "ന്യൂയോക്ക് ടൈംസ്" പത്രത്തിൽ ഞാൻ വായിച്ചു. അമേരിക്കയിൽ പ്രഥമസ്ഥാനമർഹിക്കുന്ന ആ പ്രതിദിനപത്രത്തിലേക്കു പ്രഭാഷണം മുഴുവൻ റോമയിലുള്ള അതിന്റെ ലേഖകൻ കേബിൾവഴി അയച്ചുകൊടുക്കുകയാണുണ്ടായതു്." പാപ്പാധിപത്യത്തിന്റെ ഈ സാർവ്വലൗകികഗണനയ്ക്കുള്ള ഒരു കാരണം ആധുനിക മാർപ്പാപ്പാമാരുടെ അനന്യസാധാരണമായ വ്യക്തിവിലാസമാകുന്നു. 13-ാം ലെയോ, 10-ാം പീയൂസ്, 15-ാം ബനദിക്തോസ്, 11-ാം പീയൂസ് എന്നീ മാർപ്പാപ്പാമാർ അവരവരുടെ ഭരണകാലങ്ങളിൽ ആവിർഭവിച്ച ലോകപ്രശ്നങ്ങൾക്കു ശരിയായ പരിഹാരമാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുത്തുകൊണ്ടു ലോകത്തിനാകമാനം മാർഗ്ഗദർശനം നൽകിയിരുന്നു. ആ തിരുമേനിമാരാൽ തിരുസ്സഭാകാര്യങ്ങളിലും രാജ്യകാര്യങ്ങളിലും പ്രവേശിപ്പിക്കപ്പെടുകയും, പടിപടിയായി ഉയർത്തപ്പെടുകയും ചെയ്തശേഷം ഒടുവിൽ അവരുടെ അനുഗാമിയായിത്തന്നെ തെരഞ്ഞെടുക്കപ്പെട്ട 12-ാം പീയൂസിൽ ആ മാർപ്പാപ്പാമാരുടെ സകല വ്യക്തിവിലാസങ്ങളും സമ്യക്കായി സമ്മേളിച്ചിരിക്കുകയാണ്. പാണ്ഡിത്യം, നിയമജ്ഞാനം, വാഗ്മിത്വം, രാജ്യതന്ത്രം, വിവിധഭാഷാജ്ഞാനം എന്നീ വിഷയങ്ങളിൽ അന്യാദൃശനായും, സർവ്വോപരി മഹാപുണ്യാത്മാവായും സകലലോകരും തിരുമേനിയെ വാഴ്ത്തിക്കൊണ്ടിരിക്കുന്നു. പത്രോസിന്റെ സിംഹാസനം ആരോഹണം ചെയ്തതുമുതൽ ഉദ്യോഗസംബന്ധമായ ജോലികളിൽ നേരിട്ടു ശ്രദ്ധപതിച്ച് യാതൊരിളവോ വിശ്രമമോ കൂടാതെ തിരുമനസ്സുകൊണ്ടു പ്രയത്നിച്ചുപോരുകയാണ്. ദിനംപ്രതി അനേകം രഹസ്യസന്ദർശനങ്ങൾ നൽകുന്നു; അതിനുപുറമെ ആഴ്ചയിൽ പല പരസ്യസന്ദർശനങ്ങളും നൽകുന്നുണ്ട്. അവ പലപ്പോഴും അനേകം മണിക്കൂറുകൾ ദീർഘിക്കുകയും, അതിനിടയിൽ അവിടുന്നു സന്ദർഭാനുസാരം പ്രസംഗിക്കുകയും ചെയ്യുന്നു. ആദ്യത്തെ രണ്ടു കൊല്ലങ്ങളിൽ ഇറ്റാലിയൻ ഭാഷയിൽ 84, ലത്തീനിൽ 18, ഫ്രഞ്ചിൽ അത്രയും തന്നെ, സ്പാനിഷിൽ 16, ജർമ്മനിൽ 5, ഇംഗ്ലീഷിൽ 5, പോർത്തുഗീസിൽ 1—ഇത്രയും പ്രസംഗങ്ങൾ നടത്തുകയുണ്ടായി. "മോശ തന്റെ കരങ്ങൾ ഉയർത്തിപ്പിടിച്ചിരുന്നപ്പോൾ ഇസ്രായേൽക്കാർക്കു യുദ്ധത്തിൽ വിജയവും, അവയെ താഴ്ത്തിയപ്പോൾ അവർക്ക് അപജയവുമുണ്ടായി"യെന്നു വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അതനുസരിച്ചുകൊണ്ടെന്നു തോന്നുമാറു് പരിശുദ്ധ പിതാവു തന്റെ ഹൃദയത്തെ സദാ സ്വർഗ്ഗത്തിലേക്കുയർത്തിപ്പിടിച്ചു ലോകത്തിന്റെമേൽ കരുണയുണ്ടാകണമെന്നു ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഏവംവിധം കാലത്തിനാവശ്യകമായ നാനാതരം മഹാഗുണങ്ങളാൽ സമലംകൃതനായ ഒരു മഹാത്മാവിനെ ഈ ഘട്ടത്തിൽ മാർപ്പാപ്പായായിത്തരുവാൻ തിരുവുള്ളമുണ്ടായ സർവ്വേശ്വരനു നമുക്കു പ്രത്യേകവിധത്തിൽ നന്ദിപറയാം.



കിരീടധാരിയായ പോപ്പുരാജൻ

### പ്രാർത്ഥിക്കാം

നരകവാതിലുകൾക്കു പ്രബലപ്പെടാൻ സാധിക്കാത്തവിധം തിരുസ്സഭയെ താങ്ങിക്കൊണ്ടിരിക്കുന്ന പാറയും, സ്വർഗ്ഗത്തിൽ പരിപൂർണ്ണമായും അംഗീകരിക്കത്തക്കവണ്ണം ഭൂമിയിൽ കെട്ടുകയും അഴിക്കുകയും ചെയ്യുന്ന വിധികർത്താവും, സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശനം നൽകാനോ തടയാനോ കഴിയുമാറു് അതിന്റെ താക്കോൽ വഹിക്കുന്ന വിചാരിപ്പുകാരനുമായ മാർപ്പാപ്പായുടെ ഉത്തരവാദിത്വത്തിന്റെ മാഹാത്മ്യം ആലോചിക്കുമ്പോൾ, ദൈവത്തിന്റെ നിരന്തരവും സമൃദ്ധവുമായ സഹായം അവിടുത്തേക്കെത്രമാത്രം ആവശ്യകമാണെന്നു കാണാം. നമ്മുടെ നിത്യരക്ഷ മാർപ്പാപ്പായുടെ മാർഗ്ഗദർശനത്തെ, കപ്പൽ യാത്രക്കാരുടെ സുരക്ഷിതത്വം കപ്പിത്താന്റെ മാർഗ്ഗദർശനത്തെയെന്നപോലെ, ആശ്രയിച്ചിരിക്കുന്നതിനാൽ പ്രസ്തുതസഹായം അവിടുത്തേക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കേണ്ടതു നമ്മുടെ കർത്തവ്യംമാത്രമല്ല, ആവശ്യവും കൂടിയാണെന്നും കാണാൻ കഴിയും. ഈ പ്രാർത്ഥന തനിക്കുവേണ്ടി തന്റെ മക്കൾ നടത്തണമെന്നു പരിശുദ്ധ പിതാവു പല സന്ദർഭങ്ങളിലും ആവശ്യപ്പെട്ടിട്ടുമുണ്ട്. ജൂബിലി പ്രമാണിച്ചു ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ സമുചിതമായ നിർദ്ദേശപ്രകാരം എല്ലാ ഇടവകകളിൽനിന്നും ഓരോ പ്രാർത്ഥനാപുഷ്പമഞ്ജരി പരിശുദ്ധ പിതാവിനു സമർപ്പിക്കുവാൻവേണ്ടി നാം അയച്ചുകൊടുത്തിട്ടുണ്ടല്ലോ. ആ മഞ്ജരിയിൽ നാം ഉൾപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനാകർമ്മങ്ങൾ ഏറ്റവും വിശ്വാസ്തതയോടും ഭക്തിയോടുംകൂടി നമുക്കു നിർവ്വഹിക്കാം; ജൂബിലിദിവസം ദേവാലയത്തിൽ നടത്തപ്പെടുന്ന പ്രാർത്ഥനാകർമ്മങ്ങളിൽ ഭക്തിതീക്ഷ്ണതയോടുകൂടി സംബന്ധിക്കാം; പരിശുദ്ധ പിതാവു കാലോചിതമായി നൽകിക്കൊണ്ടിരിക്കുന്ന നിർദ്ദേശങ്ങളെ നമ്മുടെ രഹസ്യവും പരസ്യവുമായ ജീവിതത്തിലെ സകല ഏടപാടുകളിലും അനുവർത്തിച്ചുകൊള്ളാമെന്നു ആ സുദിനത്തിൽ സർവ്വാത്മനാ നമുക്കു പ്രതിജ്ഞ ചെയ്കയും ചെയ്യാം.

## പ്രസാധകക്കുറിപ്പുകൾ

#### പ്രമാദാത്മകമായ വാർത്ത

മതപീഡനം നടന്നുകൊണ്ടിരിക്കുന്ന യൂറോപ്യൻ രാജ്യങ്ങളേയും കമ്മ്യൂണിസ്റ്റുകാർക്കു വിധേയമായിരിക്കുന്ന ചൈനയിലെ മിഷൻരംഗങ്ങളേയും ഉദ്ദേശിച്ചു പരിശുദ്ധകുർബാനയുടെ കാര്യത്തിൽ മാർപ്പാപ്പാതിരുമേനി നൽകിയ പ്രത്യേകാനുവാദങ്ങളെപ്പറ്റി ഒരു വാർത്ത ചില ഇംഗ്ലീഷ് പത്രങ്ങളിലും ചില മലയാളപത്രങ്ങളിലും ഏതാനും ദിവസങ്ങൾക്കു മുമ്പു പ്രസിദ്ധപ്പെടുത്തി കാണുകയുണ്ടായി. അത്യാവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ തിരുവസ്ത്രങ്ങളും ബലിപീഠവും മറ്റും കൂടാതെ, തിരുവോസ്തിമാത്രം ഉപയോഗിച്ചു കർബാനചൊല്ലാൻ മേല്പറഞ്ഞ രാജ്യങ്ങളിലെ വൈദികർക്ക് മാർപ്പാപ്പാതിരുമേനി അനുമതി നൽകിയിരിക്കുന്നു എന്നായിരുന്നു വാർത്തയുടെ ചുരുക്കം. അൾത്താര, തിരുവസ്ത്രങ്ങൾ ആദിയായ വസ്തുക്കൾ വിശുദ്ധബലിയുടെ സാരാംശത്തെ സ്പർശിക്കുന്നവയല്ലാത്തതിനാൽ ആവശ്യമെന്നു തോന്നിയാൽ അവയുടെ ഉപയോഗത്തിൽനിന്നു് ഒഴിവാകാൻ മാർപ്പാപ്പായ്ക്കു സാധിക്കും. തിരുസ്സഭ ഉണ്ടാക്കിയ നിയമങ്ങളെ തിരുസ്സഭയ്ക്കുതന്നെ റദ്ദാക്കുന്നതിനും വ്യത്യാസപ്പെടുത്തുന്നതിനും മറ്റും അധികാരമുണ്ടല്ലോ. പക്ഷെ ദിവ്യബലിക്കു അപ്പവും വീഞ്ഞും വേണമെന്നു മിശിഹാ നിശ്ചയിച്ചിട്ടുള്ളതാകയാൽ ബലിയുടെ സാധുതത്വത്തിനു അവ ആവശ്യമാണ്. അക്കാര്യത്തിൽ യാതൊരു വ്യത്യാസവും വരുത്താൻ തിരുസ്സഭയ്ക്കധികാരമില്ല എന്നു മാത്രമല്ല, വ്യത്യാസം വരുത്തിയാൽ ബലി സാധുവാകയുമില്ല. തൽക്കാരണത്താൽ, വീഞ്ഞുകൂടാതെ ഓസ്തികൊണ്ടുമാത്രം കർബാന ചൊല്ലാൻ അനുവദിക്കുന്നു (With bread alone instead of bread and wine) എന്ന വാർത്തയിൽ ഒരു പ്രമാദം ഉണ്ടായിരുന്നെന്നുള്ളതു സ്വയം വിദിതമായിരുന്നു.

#### റിപ്പോർട്ടരുടെ പിശക്

പ്രമാദത്തിനു ഹേതുഭൂതൻ ആരെന്നു കണ്ടുപിടിക്കുന്നതിനായി, ബോംബെയിലെ സഹായമെത്രാൻ റൈറ്റ് റവ. ഡോക്ടർ വലേരിയൻ ഗ്രേഷ്യസ് വിവരം ബോംബെയിലെ റൂട്ടർ ഏജൻസി വഴി റോമയിലെ അവരുടെ ഓഫീസിൽ അറിയിക്കയും, ഉടൻതന്നെ റൂട്ടർ "No Mass possible without wine" (വീഞ്ഞുകൂടാതെ കർബാന സാദ്ധ്യമല്ല) എന്നവാർത്ത കേബിൾ ചെയ്കയും ചെയ്തു. യഥാർത്ഥത്തിൽ തിരുസിംഹാസനം നൽകിയ അനുമതി, പുളിപ്പിക്കാത്ത അപ്പം (Unleavened bread) കിട്ടാത്തിടത്തു ഗോതമ്പുകൊണ്ടുള്ള സാധാരണ അപ്പം (Ordinary bread) ഉപയോഗിക്കുന്നതിനു മാത്രമാണ്. പക്ഷെ ആ വാർത്ത റിപ്പോർട്ടു ചെയ്ത ആൾ അയാളുടെ അജ്ഞതനിമിത്തം "വീഞ്ഞുകൂടാതെ," എന്നൊരു വ്യാഖ്യാനം സ്വമേധയാ കൂട്ടിച്ചേർത്തു.

### അടുത്തആഴ്ചയിൽ

ഏപ്രിൽ

3 ഞാ: നോമ്പ് 5-ാം ഞായർ

4 തി: ഇസിദോർ

5 ചൊ: വിൻസെന്റ് ഫെറർ

6 ബു: സെലസ്റ്റിൻ

7 വ്യാ: ജോസഫ് ഹെർമൻ

8 വെ: എ. ഭാ. കന്യകാമറിയത്തിന്റെ ഏഴു വ്യാകുലതകൾ

9 ശ: ഈജിപ്റ്റിലെ മറിയം

### വിജ്ഞാപനം

☞ അടുത്തയാഴ്ചയിൽ പത്രം ഉണ്ടായിരിക്കുന്നതല്ല. ഏപ്രിൽ 13-ാംനു കൂടുതൽ പേജുകളോടുകൂടി ഈസ്റ്റർ ലക്കം പുറപ്പെടുന്നതാണ്.

## പ്രാദേശികവാർത്തകൾ

—തിരുവിതാംകൂർ പ്രധാനമന്ത്രിയാൽ ഉൽഘാടനം ചെയ്യപ്പെട്ട ആലുവാ ജയഭാരതം പ്രസ്സ് ലിമിററഡിൻെറ ഒരു ഡയറക്ടറായി റവ. ഫാദർ ജി. സി ടിലാർ അവർകളെ കോഓപ്ററ് ചെയ്തിരിക്കുന്നതായറിയുന്നു. കമ്പനിവകയായി ഉടനെ "ജയഭാരതം" എന്നൊരു വാരിക ആരംഭിക്കുവാൻ ലൈസൻസ് ലഭിച്ചിട്ടുണ്ട്.

—ആലപ്പുഴ സെൻറ് ജോസഫ്സ് കാത്തലിക് യൂണിയൻ ഹാളിൽവച്ച് മാർച്ച് 19-ാംനു വൈസ് പ്രസിഡണ്ട് ശ്രീ സി ജെ. പൊന്നപ്പൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി ഹംഗേറിയൻ ഗവണ്മെൻറ് കർദ്ദിനാൾ മിൻസെൻറിക്കെതിരായി എടുത്ത നടപടികളെ പ്രതിഷേധിക്കുന്നതായി ഒരു പ്രമേയം പാസാക്കിയിരിക്കുന്നു.

—കാത്തലിക് ഫോർവേഡ് ക്ലബ്ബ് ആൻറ് ചെമ്പ്രി കാവന, വാഴക്കുളം എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം മീനം 7-ാംനു ക്ലബ്ബ് പ്രസിഡണ്ട് ശ്രീ വക്കീൽ എബ്രാഹം കല്ലറക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും കർദ്ദിനാൾ മിൻസെൻറിയുടെ അറസ്റ്റിനെയും ശിക്ഷയേയും പ്രതിഷേധിച്ചുകൊണ്ടും, പരിശുദ്ധ പിതാവിൻെറ ജൂബിലി ആഘോഷമായി കൊണ്ടാടുന്നതിനു തീരുമാനിച്ചുകൊണ്ടും മററു പ്രമേയങ്ങൾ പാസാക്കുകയുമുണ്ടായി.



പോപ്പുരാജൻെറ ഇൻഡ്യയിലെ പ്രതിനിധി മോസ്റ്റ് റവ. ഡോക്ടർ ലിയൊ പി. കിയർക്കൽസ്
(ഇൻററനാഷണൽ ഷോട്ടോ)

—ചെങ്ങന്നൂർ സെൻറ് തോമസ് ആശ്രമചാപ്പലിൽവച്ച് മീനം 12-ാംനു വെള്ളിയാഴ്ച പ്രഭാതംമുതൽ വി. കുർബാനയുടെ സന്നിധിയിൽ ത്രിദിനാപേക്ഷ, പതിമൂന്നുമണിക്കൂറാരാധന, ദിവ്യകാരുണ്യ വാഴ്വ്, പ്രദക്ഷിണം മുതലായ ഭക്തിപരമായ പരിപാടികൾ അനുഷ്ഠിക്കപ്പെടുന്നതാണ്. തദവസരത്തിൽ ഉച്ചഭാഷിണിയുടെ സഹായത്തോടുകൂടി സുപ്രസിദ്ധ വാഗ്മിയായ വെ. റവ. ഫാദർ പ്ലാസിഡ് ടി ഒ. സി. ഡി ഒരു ആദ്ധ്യാത്മികപ്രസംഗപരമ്പര നടത്തുന്നതാണ്.

—പാറയിൽ സെൻറ് മേരീസ് ലിജ്യൻ ആൻറ് സി. എ. സി. യുടെ ആഭിമുഖ്യത്തിൽ S. H. കോളേജിൽവച്ച് നടത്തിവരാറുള്ള ഏകാന്തധ്യാനം ഈ കൊല്ലവും പെസഹാവ്യാഴാഴ്ച ആരംഭിച്ച് ഉയിർപ്പുഞായറാഴ്ച അവസാനിക്കത്തക്കവിധം നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതായറിയുന്നു. സുപ്രസിദ്ധനായ ഫാദർ മാത്യു മങ്കുഴിക്കരിയവർകൾ ആയിരിക്കും ധ്യാനപ്രസംഗകൻ.

—പാലൂർപള്ളി ഇടവകയിൽ കൊല്ലംതോറും കഴിച്ചുവരാറുള്ള ജ്ഞാനധ്യാനം ഇക്കൊല്ലം മാർച്ച് 20 ാംനു സമാരംഭിക്കുകയും 5-ാംനു പതിമൂന്നുമണി ആരാധനയോടുകൂടി പര്യവസാനിക്കുകയും ചെയ്തിരിക്കുന്നു. റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ ഡി. ഡി. ആയിരുന്നു ധ്യാനപ്രസംഗകൻ.

—"ജീവിതാന്തസ്സ്" തിരഞ്ഞെടുക്കാനുള്ള യുവാക്കന്മാരെ ഉദ്ദേശിച്ച് ഒരു ധ്യാനം (Vocational Retreat) ഏപ്രിൽ 30 മുതൽ മേയ് 4 വരെയുള്ള തീയതികളിൽ തേവര സേക്രഡ് ഹാർട്ട് കോളെജിൽവച്ച് നടത്തപ്പെടുന്നതാണ്. റവ. ഫാദർ മാത്യു മങ്കുഴിക്കരി ആയിരിക്കും ധ്യാനപ്രസംഗകൻ. ബോർഡിംഗ് ഫീസ് 8 ക. അപേക്ഷകർ ഏപ്രിൽ 27-ാം നു-ക്കു മുമ്പായി ചീഫ് വാർഡൻെറ പേക്ക് അയക്കേണ്ടതാണ്.

—പ. പിതാവിൻെറ പൗരോഹിത്യ സുവർണ്ണജൂബിലി മൂവാററുപുഴ ടൗണിൽ ഏപ്രിൽ 3-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞ് 20-ഓളം പള്ളികളുടെ സഹകരണത്തോടുകൂടി അത്യാഡംബരപൂർവ്വം ആഘോഷിക്കുന്നതാണ്. അന്നേദിവസം നെററിപ്പട്ടം അണിഞ്ഞ ഗജവീരന്മാരുടെ അകമ്പടിയോടുകൂടിയും മററും വമ്പിച്ചതോതിൽ നടത്തപ്പെടുന്ന ഘോഷയാത്രയ്ക്കുശേഷം, കൊച്ചി നിയമസഭാ പ്രസിഡണ്ട് ശ്രീ എൽ. എം. പൈലി എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പൊതുയോഗത്തിൽ ശ്രീ സി. എൽ. ആൻറണി എം. എ. ശ്രീ എ. എം. മാണി എം. എ, ശ്രീ കെ. ടി. എബ്രാഹം എം. എ, റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി., എന്നിവർ പ്രസംഗിക്കുന്നതായിരിക്കും.

## കൊച്ചിവാർത്തകൾ

കൊച്ചി നിയമസഭയുടെ അടുത്ത സമ്മേളനം ഇടവം 3-ാംനു ആരംഭിച്ച് 7-ാംനു അവസാനിക്കുന്നതായിരിക്കും.

—വിദ്യാഭ്യാസവകുപ്പ് സെക്കൻററി ഡിപ്പാർട്ടുമെൻറിൽ 3—1—10—2—50 ക. ഗ്രേഡിലുള്ള സ്പെഷലിസ്റ്റ് അദ്ധ്യാപകർക്ക് 30—2—60 ക. ഗ്രേഡ് അനുവദിച്ചിരിക്കുന്നു.

—ഈയിടെ വെട്ടിക്കുറച്ച കണ്ടിൻജൻസി ഗ്രാൻറ് തിരികെ കൊടുക്കുവാൻ വിദ്യാഭ്യാസോപദേശകക്കമ്മിററി തീരുമാനിച്ചിരിക്കുന്നു.

## തിരുവിതാംകൂർ

—പബ്ലിക് സർവീസ് ഉപദേശകസമിതി എന്ന പേരിൽ ഒരു കമ്മിററി ആവശ്യമില്ലെന്നു ഗവൺമെൻറിനു ബോദ്ധ്യമായതിനാൽ പ്രസ്തുത കമ്മിററി പിരിച്ചു വിട്ടിരിക്കുന്നു.

—കൊച്ചി തിരുവിതാംകൂർ സംയോജനം സംബന്ധിച്ച് കേന്ദ്രഗവണ്മെൻറുമായി കൂടിയാലോചനകൾ നടത്തുവാൻ മെ. ടി. കെ. നാരായണപിള്ള, എ. ജെ. ജോൺ, വി ഒ. മർക്കോസ്, സി. നാരായണപിള്ള, ടി. എം. വറുഗീസ്, സി. കേശവൻ എന്നിവരെ കോൺഗ്രസ് പാർട്ടി എക്സിക്യൂട്ടീവ് അധികാരപ്പെടുത്തിയിരിക്കുന്നു.

—ശ്രീ പാവൂർ ടി. കെ. നാരായണപിള്ളയെ പാർട്ടിലീഡറായും ശ്രീ എ. ജെ. ജോണിനെ ഡെപ്യൂട്ടി ലീഡറായും മീനം 12-ാംനു കൂടിയ കോൺഗ്രസ് പാർട്ടി എക്സിക്യൂട്ടീവ് കമ്മിററി യോഗം വീണ്ടും തിരഞ്ഞെടുത്തിരിക്കുന്നു.

## ജൂബിലി മെമ്മോറിയൽ

## ദൈവപരിപാലന ഭവനം, ഇരിങ്ങാലക്കുട

മാർപ്പാപ്പാതിരുമനസ്സിലെ പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരകമായി അവശരും അഗതികളുമായ പുരുഷന്മാർക്കുവേണ്ടി മലബാർ മിഷനറി യൂണിയനിൽനിന്നും ഒരു "ദൈവപരിപാലന ഭവനം" (House of Providence for the Destitute) ഇരിങ്ങാലക്കുട പുൻസിപ്പൽ മൈതാനത്തിനു സമീപം സ്ഥാപിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത ഭവനത്തിൻെറ ആശീർവ്വാദവും ഉൽഘാടനവും ജൂബിലിദിനമായ ഏപ്രിൽ 2-ാംനു ഉച്ചതിരിഞ്ഞു 5-30നു തൃശ്ശൂർ മെത്രാൻ മൈററു റവ. ഡോക്ടർ ജോർജ് ആലപ്പാട്ട് പി എച്ച്. ഡി, ഡി ഡി., തിരുമനസ്സുകൊണ്ടു നിർവ്വഹിക്കുന്നതാണ്.

ജൂബിലി സ്മാരകമായി ഇപ്രകാരമൊരു ധർമ്മസ്ഥാപനം സമാരംഭിക്കുന്നതിനു ഞങ്ങൾക്കു പ്രോത്സാഹനവും സഹായസഹകരണങ്ങളും നൽകിക്കൊണ്ടിരിക്കുന്ന ഇരിങ്ങാലക്കുടയിലെ ഉദാരമതികളായ പൗരമുഖ്യരോടു ഞങ്ങൾക്കുള്ള നന്ദി ഏറെയും പ്രദർശിപ്പിച്ചുകൊള്ളുന്നു.

സ്ഥലസൗകര്യങ്ങൾ അനുവദിക്കുന്നിടത്തോളം രൂപതയിലെ എല്ലാ ഇടവകകളിൽനിന്നും അർഹരായവരെ സ്വീകരിക്കണമെന്നു ഞങ്ങൾ ഉദ്ദേശിക്കുന്നതിനാൽ നമ്മുടെ എല്ലാ വിൻസെൻറ് ഡി പോൾ സംഘങ്ങളുടേയും സജീവമായ സഹായസഹകരണങ്ങൾ ഉണ്ടാകുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

തോപ്പ് തൃശ്ശൂർ
23—3—49

സുപ്പീരിയർ
മലബാർ
മിഷനറി യൂണിയൻ

## വിനോദവീഥി

അദ്ധ്യാപകൻ: "ഭൂമി ഉരുണ്ടതാണെന്നു ള്ളതിനു തെളിവെന്ത്?"

ഇടിനാദംപോലെയുള്ള ചോദ്യം കേട്ട ഭയന്നുവിറച്ച കുട്ടി: "ഭൂമി ഉരുണ്ടതാണെന്നു ഞാൻ പറഞ്ഞില്ല സാർ."

* * *

"നഖം കടിക്കുന്നവർ ബലൂൺപോലെ വീർത്തുപോട്ടു"മെന്നു നേഴ്സ് ജോണിയോടു പറയുമായിരുന്നു. ഒരിക്കൽ അമേരിക്കൻ പ്രസിഡൻറു ടാഫ്റ്റ് അവൻെറ വീട്ടിൽ വന്നു. വളരെ വണ്ണമുണ്ടായിരുന്ന അദ്ദേഹം ഭക്ഷണം കഴിക്കുന്നതിനെ ജോണി ഔൽസുക്യത്തോടെ നോക്കിക്കൊണ്ടിരുന്നു. ഒടുവിൽ അവൻ ചോദിച്ചു: "അപ്പോൾ സാറു നഖം കടിക്കുമായിരുന്നു അല്ലേ?"

* * *

ബോസ്വെൽ: "സമുദായത്തിനു കവിയെക്കാൾ അറിവയ്പുകാരനെയാണു ആവശ്യമായിട്ടുള്ളതു. എന്തു തോന്നുന്നു, ഡോക്ടർ ജോൺസൺ?"

ജോൺസൺ: "അപ്രകാരം അഭിപ്രായപ്പെടാത്ത ഒരു നായെങ്കിലും ഈ പട്ടണത്തിലുണ്ടെന്നെനിക്കു തോന്നുന്നില്ല."

* * *

ഒരിക്കൽ ഒരു ഭരണാധികാരി തൻെറ രാജ്യത്തുള്ള ഭർത്താക്കന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി യോഗത്തിനിടയ്ക്കു അദ്ദേഹം ഇപ്രകാരം ആജ്ഞാപിച്ചു: "നിങ്ങളിൽ, ഭാര്യമാരോട് അനുസരണമുള്ളവർ ഒരു ഭാഗത്തു, അല്ലാത്തവർ മറെറാരുഭാഗത്തുമായി നിൽക്കുക." ഇതുകേട്ട ജനങ്ങളെല്ലാം ഭാര്യമാരെ അനുസരിക്കുന്നവരുടെ കൂട്ടത്തിലേക്കു തിങ്ങിക്കൂടി. ഒടുവിൽ ഒരാൾമാത്രം കൂട്ടത്തിൽനിന്നു അകന്നു നിൽക്കുന്നതു കണ്ടു അദ്ദേഹം ചോദിച്ചു: "താൻമാത്രമേ ഭാര്യയോടു അനുസരണമില്ലാത്ത ആളായിട്ടുള്ളു, അല്ലേ?"

അയാൾ: "തിരുമേനി, ഞാൻ വീട്ടിൽനിന്നു പോന്നപ്പോൾ, ആൾക്കൂട്ടത്തിൽ പോകരുതെന്നാണു എൻെറ ഭാര്യ പറഞ്ഞയച്ചിരിക്കുന്നതു."

## പുതിയ മെത്രാൻ

സേലത്തെ സെൻറ് ഫ്രാൻസിസ് സേവ്യർ സെമ്മിനാരിയിലെ റക്ടറായ വെരി റവ. ഫാദർ വി. എസ്. സെൽവനാഥർ അവർകൾ സേലത്തെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അദ്ദേഹമായിരിക്കും ആ രൂപതയിലെ പ്രഥമ ഏതദ്ദേശീയ മെത്രാൻ.

## കിരീടം

"ലാക്രാ"എന്ന ഫ്രഞ്ചുപത്രത്തിൻെറ ഭാരവാഹികളും വായനക്കാരുംകൂടി പരിശുദ്ധ പിതാവിനു അവിടുത്തെ ജൂബിലി പ്രമാണിച്ച് മാതാവിൻെറ തിരുസ്വരൂപത്തിൽ അണിയിക്കുന്നതിനായി രത്നഖചിതമായ ഒരു കിരീടം സമ്മാനിക്കുന്നതാണ്.



തിരുസിംഹാസന സഹായകനായ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റീനോസ് തിരുമനസ്സുകൊണ്ട്

## നിംബാസവം
## ദ്രാക്ഷാഘൃതം
## ശാരിബാതൈലം

അമിതചൂടിൽനിന്നു ധാതുക്കളെ സംരക്ഷിക്കയും രക്തത്തെ വർദ്ധിപ്പിക്കയും ശുദ്ധികരിക്കയും ചെയ്യുന്നു.
ക്ഷയിച്ചുപോയ ധാതുക്കളെ ഉടനെ വർദ്ധിപ്പിച്ച് ദേഹത്തെ പുഷ്ടിപ്പെടുത്തുന്നു.
പഞ്ചഭൂതശക്തികളെ സാമ്യമാക്കിക്കൊണ്ട് ആരോഗ്യത്തെ സ്ഥിരമാക്കുന്നു.

പഞ്ചഭൂതാത്മകമായ ദേഹത്തിൽ അഗ്നി, വായു, ആകാശം എന്നീ ഭൂതാംശങ്ങൾ വർദ്ധിക്കുമ്പോൾ മാത്രമാണ് സപ്തധാതുക്കളിൽ ഓരോന്നും ഉരുകിയും ദുഷിച്ചും വരണ്ടും നശിച്ച് ഓജഃക്ഷയ സംബന്ധമായ ഏമ്പക്കങ്ങൾ, മൂലക്കുരു, ശ്വാസ്ടംബ്ഠം, നേരിയ പനി, നെഞ്ചു പള്ള വേദന, ശോധനക്കുറവ്, ദുഃസ്വപ്നങ്ങൾ, നീർവീഴ്ച, കഴുത്തു പുറം കഴപ്പ്, ഉറക്കമില്ലായ്മ, ഇടയ്ക്കു ചുമ തുടങ്ങിയ ക്ഷയരോഗചിഹ്നങ്ങൾ തുടങ്ങുന്നതെന്ന തത്വങ്ങളെ ശ്രദ്ധയോടെ ചിന്തിക്കുവിൻ. ഇവ ബോദ്ധ്യമാകുമ്പോൾ പഞ്ചഭൂതാംശങ്ങളെ ക്രമപ്പെടുത്തുവാനുള്ള ഔഷധങ്ങളെ അന്വേഷിക്കുവിൻ

ഈ ലക്ഷ്യപ്രാപ്തിക്കുള്ള ഔഷധങ്ങൾ ലഭിക്കുന്നില്ലെങ്കിൽ ക്ഷയരോഗം ആരംഭിച്ച അനേകംപേരെ രക്ഷപ്പെടുത്തിയിട്ടുള്ള ഈ 3 ഔഷധങ്ങൾകൊണ്ടു പഞ്ചഭൂതാംശങ്ങളേയും അതുമൂലം ധാതുക്കളേയും സാമ്യമാക്കി നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുക്കാവുന്നതാണ്. എല്ലാം ഒന്നുപോലെ ഗണിക്കുന്നതു എപ്പോഴും ശരിയല്ല. ഉപയോഗക്രമങ്ങളും രോഗവിവരങ്ങളുമുള്ള ബുക്ക് മരുന്നോടുകൂടി കിട്ടും. 14 ദിവസത്തെ 3 മരുന്നിനുംകൂടിവില ക. 6—8—0 മാത്രം തൃശ്ശൂർ, എറണാകുളം, കൊച്ചി, തൃപ്പൂണിത്തുറ, ചാലക്കുടി, ഇരിങ്ങാലക്കുട, കാട്ടൂർ, ഒല്ലൂർ ഈ സ്ഥലങ്ങളിലെ മെഡിക്കൽഷാപ്പുകളിൽ അന്വേഷിക്കുക. വി. പി. യായി വേണ്ടവർ 2 ക. അഡ്വാൻസയക്കണം.

Prop: കാളത്തു പാവുണ്ണി ഔസേപ്പു വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി, നെല്ലായി P. O., പുതുക്കാട് R. S. (കൊച്ചിൻ സ്റ്റേററ്)

# പാപ്പാധിപത്യത്തിന്റെ പൗരാണികത്വം

(ജെ. കെ. വള്ളമററം, ബി. എ., എൽഎൽ. ബി.)

നിരവധി വൻകിടസാമ്രാജ്യങ്ങളുടെ ഉദയാസ്തമനങ്ങൾക്കു് സാക്ഷ്യംവഹിച്ചിട്ടുള്ള പ്രാചീനസ്ഥാപനമാണു് റോമാസിംഹാസനം. ഓട്ടോമൻ സാമ്രാജ്യത്തിന്റേയും മുഗൾസാമ്രാജ്യത്തിന്റേയും മാത്രമല്ല, ഹിററ്ലറിന്റെ നാസിജർമ്മനിയുടേയും മുസോലിനിയുടെ ഫാസിസ്റ്റ് ഇററലിയുടേയും അധഃപതനം പരിശുദ്ധ സിംഹാസനം ദർശിച്ചിരിക്കുന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം ചുരുങ്ങിച്ചുരുങ്ങി വരുന്നതും പരിശുദ്ധസിംഹാസനം കണ്ടുകൊണ്ടാണിരിക്കുന്നതു്. ഒരു ലൗകികശക്തിയെന്നനിലയിൽ പാപ്പാധിപത്യത്തിനുണ്ടായിരുന്ന മികച്ച സ്ഥാനം റോമാ ചക്രവത്തിമാർ അപഹരിച്ചെടുത്തുവെങ്കിലും, ധാർമ്മികശക്തിയെന്നനിലയിൽ അതിനുള്ള സ്ഥാനം ഇന്നും അജയ്യമായിത്തന്നെ നിലകൊള്ളുന്നു. ഈ നിലയിൽ, ലോകം ദർശിച്ചിട്ടുള്ള മറേറതു ശക്തിയെക്കാളും സാമ്രാജ്യത്തെക്കാളും പൗരാണികത്വം പാപ്പാധിപത്യത്തിനാണുള്ളതു്. ഈ മഹാസ്ഥാനം ലോകാവസാനത്തോളം നിലനിൽക്കുകയും ചെയ്യും.

സഭയ്ക്കും പാപ്പാധിപത്യത്തിനുംനേരെ കൈയുയർത്തിയ നീറോ, ഡയക്ലീഷ്യൻ തുടങ്ങി ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് മേധാവികൾവരെയുള്ളവരെ പരിശുദ്ധ സിംഹാസനം സധൈര്യം നേരിട്ടുകൊണ്ടാണിരിക്കുന്നതു്. ഈയിടെ ഇരിമ്പുമറയ്ക്കുള്ളിൽ അന്യായമായി അടയ്ക്കപ്പെട്ട കർദ്ദിനാൾ മിൻഡ്സെൻറിയുടെനേരെ ഹംഗേറിയൻ ഗവമ്മെണ്ടു സ്വീകരിച്ച നയം പരിശുദ്ധ സിംഹാസനത്തോടു് നേരിട്ടുള്ള ഒരു വെല്ലുവിളിയായിരുന്നു. ഈ വെല്ലുവിളിയെ നേരിടുന്നതിനു് പരിശുദ്ധ സിംഹാസനത്തോടൊപ്പം സ്വരമുയർത്തിയ മഹച്ഛക്തികൾ പാപ്പാധിപത്യത്തിന്റെ ധാർമ്മികശക്തിയെ പൊന്തിച്ചുകാണിക്കുകയാണു ചെയ്തതു്.

സുമാർ രണ്ടായിരം വർഷങ്ങൾക്കുമുമ്പു് പത്രോസാകുന്ന പാറയിൽ മിശിഹായുടെ ബലിഷ്ഠഹസ്തങ്ങൾകൊണ്ടുതന്നെ കെട്ടിപ്പടുത്ത ഈ സ്ഥാപനം ആദ്യവസാനം ലോകാലോകർക്കു് മണിദീപമായി പ്രശോഭിക്കും. ഈ സ്ഥാപനത്തിന്റെ മേലുള്ള നിയന്ത്രണാധികാരം ശ്ലീഹന്മാരും അവരുടെ പിൻഗാമികളായ പാപ്പാമാരുംവഴിയായി ഇതിന്റെ ഉടമസ്ഥനും അടിത്തറയും ആണിക്കല്ലുമായ മിശിഹാ കാലാകാലത്തോളം സഭയിൽ പ്രയോഗിച്ചുകൊണ്ടിരിക്കും. സഭയ്ക്കു സമാന്തരമായി ഉദയം ചെയ്തിട്ടുള്ള മററു സഭകൾക്കു് മിശിഹായുടെ പിന്തുടർച്ചാവകാശം ഇല്ലെന്നു മാത്രമല്ല അവ മിശിഹായുടെ പ്രഖ്യാപിത ആദർശത്തിനു് വിരുദ്ധമായിക്കൂടി രംഗപ്രവേശം ചെയ്തിട്ടുള്ളവയാണു്. ചില തൽപ്പരകക്ഷികളുടെ സ്വകാര്യലാഭത്തിനുവേണ്ടി രൂപമെടുത്ത ഈ മററു സഭകൾ പൗരാണികത്വത്തിൽ കത്തോലിക്കാസഭയെ അപേക്ഷിച്ചു് വളരെ പിന്നണിയിലാണു് നിൽക്കുന്നതു്. മാത്രമല്ല, സഭ വിശ്വാസത്തിൽ ഏകമായിരിക്കണമെന്ന മൗലികതത്വത്തെ അവഗണിക്കുക്കൂടി ഇവ ചെയ്തിരിക്കുന്നു. അക്കാരണത്താൽ ഈ സഭകൾക്കു് കത്തോലിക്കാസഭയുമായി യാതൊരുപൊരുത്തവുമില്ല. ആധുനികലോകത്തിന്റെ പരക്കം പാച്ചിൽ സർവ്വത്തിനേയും അട്ടിമറിക്കുകയാണു് ചെയ്യുന്നതെങ്കിലും റോമാസിംഹാസനം അചഞ്ചലമായിത്തന്നെ നിലകൊള്ളുന്നു. രാഷ്ട്രത്തിലും അതിന്റെ നേതാക്കന്മാരിലും വിശ്വാസം ക്ഷയിച്ച ലോകം അവസാനമായി ആശ്വാസം തേടുന്നതു് ഈ പൗരാണികസ്ഥാപനത്തിലാണു്. മഹാകവി ഡ്രൈഡൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ "പലപ്പോഴും, അന്ത്യസമയം അടുത്തുവെന്നു് വിചാരിച്ചെങ്കിലും, മരണമില്ലാത്ത ഏകസ്ഥാപനം" ഇതു മാത്രമാണു്. ബാല്യകാലംമുതൽക്കുതന്നെ സഭ നിരീശ്വരന്മാർ, മതവിരോധികൾ തുടങ്ങിയ ശത്രുക്കളോടു് പടപൊരുതിവന്നിട്ടുണ്ടു്. ഇതിലെല്ലാം അവൾ വിജയം വരിച്ചതുകൊണ്ടാണു് "അവൾ എല്ലാ സാമ്രാജ്യങ്ങളുടേയും മതസ്ഥാപനങ്ങളുടേയും ഉദയം ദർശിച്ചിരിക്കുന്നുവെന്നും, അവയുടെ അസ്തമനവും ദർശിക്കാതിരിക്കുവാൻ ഇടയില്ലെന്നു വിശ്വസിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ലെന്നും," സുപ്രസിദ്ധ പ്രോട്ടസ്റ്റൻഡ് ചരിത്രകാരനായ മെക്കാളെപ്രഭു പ്രസ്താവിച്ചതു്. കത്തോലിക്കാസഭയുടെ അധഃപതനത്തെ സ്വപ്നം കണ്ടുകൊണ്ടിരുന്ന നിരവധി പ്രോട്ടസ്റ്റൻറ്കാരെനിരാശപ്പെടുത്തുന്ന ഒരു പ്രസ്താവനയായിരുന്നു ഇതു്. കത്തോലിക്കാസഭയിലേക്കു് ദിനംപ്രതി തിരിച്ചുവരുന്ന നിരവധി അകത്തോലിക്കർ, സഭയുടെ ഈ ഉറപ്പിനെ പഞ്ചഭൂഖണ്ഡങ്ങൾക്കും മുണ്ടിക്കാണിക്കുകയാണല്ലോ ചെയ്യുന്നതു്.

മദ്ധ്യശതകങ്ങളിലാരംഭിച്ച മതനവീകരണപ്രസ്ഥാനത്തെ തുടർന്നു് പാപ്പാധിപത്യത്തിന്റെ സാമൂഹ്യശക്തി ലഘൂകരിക്കുന്നതിനു് തീവ്രശ്രമം ചെയ്തുവന്നിരുന്നു. 1870-നു് അടുത്തു് ഒൻപതാം പീയൂസ് മാർപ്പാപ്പാ പത്രോസിന്റെ സിംഹാസനം അലങ്കരിച്ചിരുന്ന കാലങ്ങളിലാണു്, ഈ ശ്രമം അതിന്റെ മൂർദ്ധന്യത്തിലെത്തിയതു്. ഒരു ലൗകികരാഷ്ട്രമെന്ന നിലയിലുള്ള സ്ഥാനം ഇതോടുകൂടി ഗണ്യമായി കുറഞ്ഞു. എന്നാൽ, ലീയോ 13-മന്റെ സ്ഥാനാരോഹണത്തോടുകൂടി, പേപ്പസി ലോകത്തിലെ ഏററവുംവലിയ ധാർമ്മികശക്തിയാണെന്നു് സഭാവൈരികൾപോലും സമ്മതിക്കേണ്ടിവന്നു. ഭൗതികാധികാരം നഷ്ടപ്പെട്ടതിനാൽ കത്തോലിക്കരിലും അകത്തോലിക്കരിലും കടന്നുകൂടിയിരുന്ന തെററിദ്ധാരണകളെ ഉന്മൂലനം ചെയ്യുന്നതിനു് പര്യാപ്തമായിരുന്നു, തിരുമനസ്സിലെ "The Christian Constitution of States" എന്ന ചാക്രികലേഖനം. സഭ ഏതാനും ക്രൈസ്തവരുടെ ഒരു സംഘം മാത്രമല്ലെന്നും, ദൈവപരിപാലനയാൽ ഭരിക്കപ്പെട്ടുവരുന്ന ഒരു വിശ്വരാഷ്ട്രമാണെന്നും, ചില വ്യവസ്ഥാപിതനിയമങ്ങൾക്കും തത്വങ്ങൾക്കും വേണ്ടി എന്നുംനിലകൊള്ളുന്നുവെന്നും, കാററുംകോളും അതിനെ ബാധിക്കയില്ലെന്നും ഇടയലേഖനത്തിൽ പ്രസ്പഷ്ടമാക്കിയിരുന്നു.

സഭയുടെ പ്രാബല്യം ലോകദൃഷ്ടിയിൽ ഏററവും കുറഞ്ഞിരുന്നയവസരത്തിൽ, ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റൺ പ്രസ്താവിച്ചതു് ഈ പ്രകാരമാണു്: "സംസ്കാരത്തിന്റെ മുന്നോടിയായി കത്തോലിക്കാസഭ കഴിഞ്ഞ 1500 വർഷങ്ങൾ ജൈത്രയാത്ര നടത്തിയിരിക്കുന്നു. അവളുടെ മഹത്വവും ഉന്നതിയും മാത്രമാണു് ലോകത്തിനു് അഭിമാനം കൊള്ളാനുള്ളതു്. അവളുടെ സന്താനങ്ങൾ, മറെറല്ലാ സഭകളുടെ സന്താനങ്ങളുംഒരുമിച്ചുകൂടിയതിനെക്കാൾ കൂടുതലുണ്ടു്. അവളുടെ പീഠങ്ങൾ ഏതൊരു മുക്കിലും സ്ഥാപിതമായിട്ടുണ്ടു്; അവളുടെ മിഷനറിമാർ മനുഷ്യാത്മാക്കളുള്ള ഏതൊരു വിഭാഗത്തിലുമുണ്ടു്. ക്രിസ്തീയത്വത്തോളം പഴക്കമുള്ളതും, മനുഷ്യസമുദായത്തോളം വിശാലമായതുമായ ഈ അത്ഭുതസ്ഥാപനം, 20 നൂററാണ്ടുകൾക്കുശേഷവും, നവമായും ഉജ്ജ്വലത്തായും പന്തക്കുസ്താദിനത്തിൽ ജ്വലിച്ച അഗ്നിക്കു് തുല്യമായ വിശ്വാസത്തിലും നിലകൊള്ളുന്നു." ഒരു പ്രോട്ടസ്റ്റൻറ് ഭരണാധിപന്റെ ഈ തുറന്ന പ്രസ്താവന, പാപ്പാധിപത്യത്തിന്റെമേൽ ചന്ദ്രഹാസമിളക്കുന്ന ആധുനികശക്തികളുടെ ദൃഷ്ടിയിൽ പെട്ടിരുന്നുവെങ്കിൽ! സാമുദായികമായും രാഷ്ട്രീയമായും സാമ്പത്തികമായും ലോകത്തെ അഭിമുഖീകരിച്ചുവരുന്ന ദുർഘടപ്രശ്നങ്ങൾക്കു് പ്രതിവിധി കണ്ടുപിടിക്കുന്നതിനു് പ്രാപ്തമായ ഏകശക്തി പാപ്പാധിപത്യമാണു്. ഈ തത്വം ലോകം ഇന്നു കൂടുതൽ കൂടുതലായി അംഗീകരിച്ചുവരികയാണു്. ലോകസമാധാനസ്ഥാപനശ്രമങ്ങളിൽ മാർപ്പാപ്പായുടെ സഹകരണം അമേരിക്കാ, ഇംഗ്ലണ്ടു് മുതലായ അകത്തോലിക്കാ രാജ്യങ്ങൾപോലും ആവശ്യപ്പെടുന്നതു് ഇതിനു ഉദാഹരണമാണല്ലോ. നിരവധി ദുർഘടപ്രശ്നങ്ങൾ തിരുമനസ്സിലെ മാദ്ധ്യസ്ഥത്തിൽ ദിവസംതോറും പരിഹരിക്കപ്പെട്ടുവരുന്നുണ്ടു്. കത്തോലിക്കാസഭയും പാപ്പാധിപത്യവും നാമാവശേഷമാക്കുന്നതിനു് കമ്മ്യൂണിസ്റ്റുകാർ എന്തെല്ലാം ശ്രമങ്ങൾചെയ്താലും, ലനിന്റെ അന്ത്യകാലത്തെ പ്രവചനത്തിന്റെ ഒരു ഭാഗം യഥാർത്ഥമാവുകതന്നെചെയ്യും. അദ്ദേഹം പ്രവചിച്ചിരുന്നു: "ഒരു നൂറാണ്ടുകൾക്കുശേഷംരണ്ടുതരത്തിലുള്ള ഗവമ്മെൻറു മാത്രമെ ഉണ്ടായിരിക്കയുള്ളു; അതു് സോവിയററ് രീതിയിലുള്ള ഗവമ്മെൻറായിരിക്കും; അതുപോലെ, ഒരേ ഒരു മതം മാത്രമെ ഭൂഖണ്ഡത്തിൽ കാണുകയുള്ളു; അതു് കത്തോലിക്കാ മതമായിരിക്കും." സഭയ്ക്കും പാപ്പാധിപത്യത്തിനുമെതിരായി അവസാന നിമിഷംവരെ പൈശാചികമായി പടപൊരുതിയ ഒരു സർവ്വാധിപതിയുടെ ഈ പ്രവചനം കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി നിറവേറും!



1948 സെപ്റ്റംബർ 5-ാംനു- കത്തോലിക്കാപ്രവത്തനസംഘത്തിലെ ബാലികാവിഭാഗത്തിന്റെ 30-ാംവാർഷികം ആഘോഷിക്കുവാൻ റോമയിലെത്തിയിരുന്ന വിവിധരാജ്യക്കാരായ ബാലികമാരോടു്, കോരിച്ചൊരിയുന്ന മഴയെപ്പോലും അവഗണിച്ചുകൊണ്ടു് പരിശുദ്ധ പിതാവു പ്രസംഗിക്കുന്നതു്.

## Supranational Vs International

Enter now into the broad field of international politics. Year after year, in Washington, London, Geneva, and Lausanne, the representatives of the great nations gather together in a really earnest desire to bind all people together in the bond of unity and peace. But year after year their treaties fail—and why? Because they have nothing outside the nations themselves to bind them. A man cannot wrap up a package if he is part of the package; a man cannot pack his valise if he is one of the articles that goes into the valise. In like manner nations cannot tie themselves into a league if they are parts of the league. And if they are parts of the league their treaties merely mean obeying someone else's politicians and if we will not obey our own politicians, then heaven knows we will not obey someone else's politicians. There is only one thing in the world which can tie together all the nations of the world in the bond of peace, and that is something outside the nations themselves. But there is one thing in the world which is not only international but also supranational and that is the Church whose vicar is the father of all Christendom, and whose only force is the moral force of the justice and righteousness of Christ. As James Brown Scott, the secretary of the Carnegie Endowment for International Peace, has said:

"A dispute laid before the state of Vatican for decision would be free from the suggestion of material force to compel its acceptance; would be disconnected from any idea of territorial aggrandizement; would have a presumption of justice in its behalf because the state itself is a recognition of justice, and the decision, whatever it may be, is bound to be in comformity with the moral code of the centuries, and be dominated, by a spiritual conception of things which temporal judges may sometimes be without." *Fu ton J. Sh en*

## പോപ്പുരാജമംഗളം

(ററി. വി. അഗസ്റ്റിൻ)

"വഞ്ചിഭൂമിപതേ" എന്നമട്ടു്

പോപ്പുരാജൻ ജയിക്കേണം
നൽപുകൾ പൂംചാത്തോടെന്നും (പോ
വൈദികനായമ്പതാണ്ടായ്,
ബോധനോത്സ കരയാന്നു (പോ
വർണ്ണനാതീതം വിശിഷ്ട
സ്വർണ്ണജൂബിലിക്കർഹനാം (പോ
ത്യാഗപവേദിയിലനന്ത
യാഗമർപ്പിച്ചുള്ള വന്ദ്യ (പോ
ക്രിസ്തുവിൻ സമാധാന ശ്രീ
പാരിതലത്തിൽ വർദ്ധിപ്പിക്കും (പോ
ക്രിസ്തുരാജ പ്രാതിനിദ്ധ്യം
സ്തുത്യർഹം വഹിച്ചു മേലും (പോ
പാവന സിംഹാസനത്തിൽ
പത്രോസിന്റെ പിൻഗാമിതാൻ
(പോ
ക്രിസ്തുരാജ്യം ഭൂവിലേററം
വിസ്തൃതമാക്കി വിശുദ്ധ (പോ
ദേവദേവൻ ക്രിസ്തുരാജൻ
കൈവരുത്തീടും മംഗളം (പോ

## നിങ്ങൾക്കറിയാമോ?

(7-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 സന്തോഷാവസരം എന്നാണു് അക്ഷരാർത്ഥം. ഏതെങ്കിലും ഒരു വിശേഷ സംഭവത്തിനുശേഷം 25 50 എന്നിങ്ങനെ കൊല്ലങ്ങൾ കഴിയുമ്പോൾ ജൂബിലികൾ ആഘോഷിക്കാറുണ്ടു്. അതിന്റെ പ്രധാനപ്പെട്ട ഒരുദ്ദേശം ദൈവത്തിനു് നന്ദിപറയുക എന്നതാണു്. തിരുസ്സഭ ഔദ്യോഗികമായി കൊണ്ടാടുന്ന ജൂബിലികളുടെ അവസരങ്ങളിൽ ചില പ്രത്യേകബന്ധവിമോചനങ്ങളും കല്പിച്ചനുവദിക്കാറുണ്ടു്. 2. 1899 ഏപ്രിൽ 2-ാംനു- 3. 1917-ൽ 4. 1929-ൽ 5. 1939 മാർച്ച് 1--ാംനു-

## ചോദ്യോത്തരപംക്തി

**ചോ:** "സത്യദീപം 30-ാം ലക്കത്തിലെ "നിങ്ങൾക്കറിയാമോ?" എന്ന ചോദ്യാവലിയിൽ, അന്തോണി വർഷാവസാനപരീക്ഷയ്ക്കു നോക്കിയെഴുതിയ കാര്യം വക്കി കൂട്ടുകാരോടു പറഞ്ഞതു തെററായിപ്പോയി എന്നു എഴുതിയിരിക്കുന്നു. വക്കി പറഞ്ഞതു പരമാർത്ഥമല്ലേ? ആകയാൽ അതു പറഞ്ഞതിൽ എന്താണു് തെററു്?"

**ഉ:** വക്കി പറഞ്ഞതു പരമാർത്ഥമാണെന്നിരുന്നാലും അന്തോണിക്കു് അതുവഴി മാനനഷ്ടം വരുന്നതിനാൽ അതു തെററുതന്നെ. വി. തോമസ് അക്വിനാസു് സമർത്ഥിക്കുന്നതുപോലെ, ഒരുവൻറ സൽപ്പേരു ലൗകികസമ്പാദ്യങ്ങളിൽവച്ചു ഏററവും ശ്രേഷ്ഠമാണു്. ആകയാൽ അതു നശിപ്പിക്കുന്നതു പാപവുമാണു്. "ധനസമൃദ്ധിയെക്കാൾ സൽപ്പേരാണു് ആശാസ്യമായിട്ടുള്ളതു്" എന്നു വേദപുസ്തകം (Prov. 22, 1) സാക്ഷിക്കുന്നുണ്ടു്. ആകയാൽ ന്യായമായ കാരണംകൂടാതെ ആ സൽപ്പേരിനു ഭംഗം വരുത്തുന്നതു തീർച്ചയായും പാപമായിരിക്കും.

മററൊരാളുടെ സൽപ്പേരിനു രണ്ടുതരത്തിൽ ഹാനിവരുത്താം. (1) യഥാർത്ഥത്തിൽ അയാൾക്കുള്ള കുററം ഇതരരെ അറിയിച്ചുകൊണ്ടു്. (2) അയാൾക്കില്ലാത്ത കുററം അയാളിൽ ആരോപിച്ചുകൊണ്ടു്. ഇവയിൽ ആദ്യത്തേതിനെ ഇംഗ്ലീഷിൽ Detraction എന്നും രണ്ടാമത്തേതിനെ Calumny എന്നും വിളിക്കുന്നു. ഇവയിൽ രണ്ടാമത്തേതു മാത്രമല്ല ആദ്യത്തേതുപോലും നിഷിദ്ധമാണെന്നു മുകളിൽപ്പറഞ്ഞ ന്യായത്തിൽനിന്നു വ്യക്തമാകുന്നു.

മററൊരാൾക്കു സാരമായ മാനനഷ്ടം വരുത്തുകയാണെങ്കിൽ അതു ഗൗരവമായ പാപമായിരിക്കും. പക്ഷേ മാനഭംഗം സാരമായതാണോ എന്നു നിർണ്ണയിക്കുന്നതിനു്, അപവാദം പറയുന്ന ആളുടേയും അതു കേൾക്കുന്ന ആളുടേയും അപവാദത്തിനു വിഷയമാകുന്ന ആളുടേയും സ്ഥിതികൾ പരിഗണിക്കേണ്ടിയിരിക്കുന്നു. താദൃശസാഹചര്യങ്ങളെ അടിസ്ഥാനമാക്കി കത്തോലിക്കാധർമ്മശാസ്ത്രജ്ഞന്മാർ താഴെപ്പറയുന്ന വിധികൾ നൽകുന്നു:

1. മററൊരാൾ ചെയ്ത ഗൗരവമായ പാപം വെളിപ്പെടുത്തുന്നതു് ചില സാഹചര്യങ്ങളിൽ ലഘുവായ പാപംമാത്രമേ ആകുന്നുള്ളു. പ്രത്യുത, ചിലപ്പോൾ ലഘുവായ കുററം വെളിപ്പെടുത്തുന്നതും ഗൗരവമായ കുററമായെന്നു വരാം. ഉദാഹരണമായി, ദുർമ്മാർഗ്ഗിയെന്നു പരക്കെ അറിയപ്പെടുന്ന ഒരാൾ ചെയ്ത ഗൗരവമായ ഒരു പാപം വെളിപ്പെടുത്തുന്നതു സാധാരണമായി ലഘുവായ പാപമേ ആകുന്നുള്ളൂ. നേരെമറിച്ചു് ജനങ്ങൾക്കു മതിപ്പുള്ള ഒരു സന്യാസിയെപ്പററി അദ്ദേഹം കള്ളഭക്തനാണെന്നു പറകയാണെങ്കിൽ അതു ഗൗരവമായ പാപമാകും.

2. കുററകരമല്ലാത്ത (സ്വാഭാവികമായ) ന്യൂനതകൾ വെളിപ്പെടുത്തുന്നതു ലഘുവായ പാപമേ ആകുകയുള്ളൂ. ഉദാ: ഒരുവൻ ഭോഷൻ ആണെന്നു പറയുന്നതു്.

3. മററൊരാളുടെ കുററം പരോക്ഷമായിമാത്രം വെളിപ്പെടുത്തുന്നതായാലും ചിലപ്പോൾ അതു ഗൗരവമായ പാപമാകാം. എന്തെന്നാൽ അത്തരം പ്രസ്താവം കേൾവിക്കാരുടെ ഹൃദയത്തിൽ സാരമായ സംശയം ജനിപ്പിക്കുന്നതിനു കാരണമായേക്കാം. ഉദാ: "അയാളെപ്പററി ചില കാര്യങ്ങൾ ഞാൻ കേട്ടു. അവ ഞാൻ പറയുകയാണെങ്കിൽ അയാൾ എന്നെ വച്ചേക്കുകയില്ല. അതുകൊണ്ടു പറയുന്നില്ല."

4. ഒരാൾക്കു ഒരു വിഷയത്തിൽ ഖ്യാതി നഷ്ടപ്പെട്ടിട്ടുണ്ടെന്നുവരികിലും, മററൊരുവിഷയത്തിൽക്കൂടി അതു നഷ്ടപ്പെടുത്തുന്നതിനു നാം ഇടയാക്കുകയാണെങ്കിൽ, ആ നഷ്ടത്തിൻറ തോതനുസരിച്ചു് ഗൗരവമോ ലഘുവോ ആയ പാപമാകും. വിഷയാസക്തനെന്നു അറിയപ്പെടുന്ന ആളെപ്പററി, അയാൾ സ്വമാതാവിനെ ഉപദ്രവിക്കുന്നവനാണെന്നുള്ള ഒരു രഹസ്യകുററം പരസ്യമാക്കുന്നതു പാപമാണു്.



1948 സെപ്റ്റംബർ 12-ാംനു വി. പത്രോസിൻറ ദേവാലയാങ്കണത്തിൽ തടിച്ചുകൂടിയിരുന്ന കത്തോലിക്കാ പ്രവർത്തന സംഘാംഗങ്ങളെ മാർപ്പാപ്പാതിരുമേനി ആശീർവ്വദിക്കുന്നു.

5. രഹസ്യം കാക്കുമെന്നു നമുക്കു ബോധ്യമുള്ള വിവേകമതിയായ ഒരാൾക്കു മററാരാളുടെ കുററം വെളിപ്പെടുത്തുന്നതു സാധാരണമായി ഗൗരവമായ പാപമാകയില്ല. കാരണം അതുവഴിയായി ഒരാളുടെ ദൃഷ്ടിയിൽ മാത്രമേ മാനം നഷ്ടപ്പെടുന്നുള്ളു. പക്ഷേ രഹസ്യം പാലിക്കുന്ന വ്യക്തികളെ കണ്ടുകിട്ടാനാണു പ്രയാസം.

6 രഹസ്യം പാലിക്കുമെന്നു ബോധ്യമുള്ള വിവേകമതിയായ ഒരാളോടു അപരനിൽനിന്നു നമുക്കനുഭവിക്കേണ്ടിവന്ന വിഷമത, നമ്മുടെ സ്വന്തം സമാശ്വാസത്തിനുവേണ്ടി, പറയുന്നതു തീർച്ചയായും ഗൗരവമായ പാപമല്ല. ഒരു പക്ഷേ ലഘുവായ പാപംതന്നെ ആകാൻ ഇടയില്ല.

7. അന്യരുടെ കുററങ്ങൾ മററുള്ളവരിൽനിന്നു കേൾക്കാനിടവന്നതാണെങ്കിൽ, ആ വിവരംകൂടി വിശദമാക്കുന്ന പക്ഷം ശ്രോതാക്കൾ വിശ്വസിച്ചില്ലെന്നുവരാം. പ്രസ്തുതസാഹചര്യങ്ങളിൽ അവ വെളിപ്പെടുത്തുന്നതു ഗൗരവമായ പാപമാകയില്ല. ശ്രോതാക്കൾ അവ വിശ്വസിക്കുമെങ്കിൽ ഗൗരവമായ പാപമാകുന്നതാണു്—സംഗതി ഗൗരവമായതാണെങ്കിൽമാത്രം.

8. വ്യക്തികളെക്കുറിച്ചെന്നതുപോലെ സമൂഹങ്ങളെക്കുറിച്ചും (ഉദാ: സന്യാസസഭ, മഠം മുതലായവ) അപവാദങ്ങൾ പരത്തുന്നതു് സാഹചര്യങ്ങൾ അനുസരിച്ചു് ഗൗരവമോ ലഘുവോ ആയ പാപമാകാവുന്നതാണു്.

ന്യായമായ കാരണത്താൽ, മററൊരാൾ യഥാർത്ഥത്തിൽ ചെയ്ത തെററു്, അഥവാ അയാളുടെ സ്വഭാവദൂഷ്യം വെളിപ്പെടുത്താവുന്നതാണു്. നീതിയുക്തമായ ലക്ഷ്യപ്രാപ്തിക്കു ആവശ്യമായതിൽ കവിഞ്ഞു് യാതൊന്നും വെളിപ്പെടുത്താൻ പാടില്ല. ഇല്ലാത്തകുററങ്ങൾ വകഞ്ഞുകെട്ടി പറയുന്നതു (Calumny) യാതൊരു സാഹചര്യത്തിലും നീതീകരിക്കാവുന്നതല്ല. മേൽപ്പറഞ്ഞ ന്യായത്താൽ കോടതിയിൽ സാക്ഷിപറയുമ്പോൾ മററൊരാൾ യഥാർത്ഥത്തിൽ ചെയ്ത പാതകത്തേയും അയാളുടെ സ്വഭാവദൂഷ്യങ്ങളേയും വെളിപ്പെടുത്താം. വൈദിക പട്ടം സ്വീകരിക്കാൻ പോകുന്ന ആളിൽ സാരമായ എന്തെങ്കിലും ന്യൂനത ഉണ്ടെങ്കിൽ, അതു പൊതുഗുണത്തെ ലാക്കാക്കി മെത്രാനെ അറിയിക്കാം. രാജ്യത്തിൻറ നന്മയെ ഉദ്ദേശിച്ചു്, നിയമസഭാസ്ഥാനാർത്ഥികളായി നില്ക്കുന്നവരുടെ സാമർത്ഥ്യക്കുറവിനേയും മററും പററി പരസ്യമായി പ്രതിപാദിക്കാം.

കോടതി ഒരാളെ ശിക്ഷയ്ക്കു വിധിച്ചു കഴിഞ്ഞാൽ, നിയമപ്രകാരം അയാളുടെ അപരാധം പരസ്യമായി പരിഗണിക്കാവുന്നതുകൊണ്ടു് അതു പ്രസിദ്ധപ്പെടുത്തുന്നതിനു വിരോധമില്ല. മററെതെങ്കിലും വിധത്തിൽ പരസ്യമായി ഭവിച്ചിട്ടുള്ള കുററങ്ങളും വെളിപ്പെടുത്താവുന്നതാണു്.

പരദൂഷണം ശ്രവിക്കുന്നതും പാപകരമാണു്.

"വരുമിഹസുജനാപവാദപാപം
പരനുരചെയ്തതു കേട്ടുനില്പവർക്കും"

എന്നുണ്ടല്ലോ. പരദൂഷണം ശ്രവിക്കുന്നതുവഴി അതു പറയുന്നയാളെ പ്രോത്സാഹിപ്പിക്കുകയായിരിക്കും നാം ചെയ്യുന്നതു്. മാത്രമല്ല, പരദൂഷണം ശ്രവിക്കുന്നതു് അതിനു വിഷയമാകുന്ന ആളോടുള്ള വിദ്വേഷംകൊണ്ടാണെങ്കിൽ അതു പ്രത്യേകിച്ചും പാപകരമായി ഭവിക്കും.

## ലോകൈക സമാധാനദൂതൻ

(2-ാം പേജ് തുടർച്ച)

ഇങ്ങനെ ലോകം ദുർല്ലഭമായി ദാഹിച്ചുകൊണ്ടിരിക്കുന്ന സമാധാനത്തെ പുനഃസ്ഥാപിക്കുവാൻ ആയുർവ്യയം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ലോകമഹാരഥനാണു് 12-ാം പിയൂസ് മാർപ്പാപ്പാ; സമാധാനസമ്പാദനത്തിനായി മററാരേയുംകാൾ നിരന്തരമായും നിഷ്കാമമായും പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു ലോകമഹോപകാരിയാണവിടുന്നു്; സമാധാനപരിശ്രമങ്ങളുമായി മറേറതു ലോകനേതാവിനേയുംകാൾ കൂടുതൽ താദാത്മ്യം പ്രാപിച്ചിട്ടുള്ള ലോകവന്ദ്യനാണവിടുന്നു്; സമാധാനസ്ഥാപനത്തിൽ മാനവസമുദായത്തിനു സമർത്ഥനേതൃത്വം നല്കുവാൻ പോന്ന ജന്മായത്തവും ഉദ്യോഗായത്തവുമായ സകല സൽഗുണങ്ങളും, യോഗ്യതകളും, പ്രാപ്തിവിശേഷങ്ങളും ഒത്തിണങ്ങിയ ലോകൈകസമാധാനദൂതനാണവിടുന്നു്. അവിടുത്തെ കനകജൂബിലി മഹാമഹം കത്തോലിക്കർക്കു മാത്രമല്ല, സമാധാനമോഹികളായ ഏവർക്കും ഒരു മംഗളമഹോത്സവമാണു്.

## 6000 ഗായകന്മാർ

ജൂബിലി ദിവസമായ അടുത്ത ഞായറാഴ്ച പ. പിതാവു് സെൻറു് പീറേറഴ്സ് ദേവാലയത്തിൽ ദിവ്യബലി അർപ്പിക്കുമ്പോൾ 6000 പേർ വിശുദ്ധ ഗീതങ്ങൾ ആലപിക്കുന്നതാണു്. തിരുമേനി അന്നേദിവസം രണ്ടു ബലി അർപ്പിക്കുന്നതായിരിക്കും. തദവസരത്തിൽ കർദ്ദിനാളന്മാരും നയതന്ത്രപ്രതിനിധികളും ഇററാലിയൻ പ്രഭുക്കന്മാരും സന്നിഹിതരായിരിക്കുന്നതാണു്.


## എറണാകുളത്തെ ഏകാന്തധ്യാനം

സെൻറ് വിൻസെൻറ് ഡി പോൾ സംഘം
എറണാകുളം കോൺഫറൻസ് 14-ാം വർഷം

മാന്യരെ,

പ്രസ്തുത സംഘത്തിൻറ ആഭിമുഖ്യത്തിൽ ആണ്ടുതോറും മലയാളത്തിൽ നടത്താറുള്ള ഏകാന്തധ്യാനം ഈ കൊല്ലവും പതിവനുസരിച്ചു സെൻറ് ആൽബർട്ട്സ് കോളെജ്ഹാളിൽവച്ചു നടത്തുന്നതാണു്.

ധ്യാനം 1949 ഏപ്രിൽ 13-ാംനു- ക്കു് മേടം 1-ാംനു- ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു ഉയിർപ്പു ഞായറാഴ്ച രാവിലെ അവസാനിക്കുന്നതാണു്. ദിവ്യശ്രീ ഫാദർ ജോസഫ് തോട്ടകത്തു് ബി. എ. ബി. ററി. അവർകൾ (സെൻറ് ആൽബർട്ട്സ് കോളെജ് വൈസ് പ്രിൻസിപ്പാൾ) ധ്യാനപ്രസംഗങ്ങൾ നടത്തുന്നതാണു്.

ധ്യാനച്ചിലവു ആളൊന്നുക്കു് 10 ക. യാണു്. ഓരോരുത്തർ അവരവരുടെ ശയ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണു്. ധ്യാനത്തിൽ സംബന്ധിക്കാനാഗ്രഹിക്കുന്നവർ കാലേകൂട്ടി വിവരം താഴെ കാണുന്ന മേൽവിലാസത്തിൽ അറിയിപ്പാനപേക്ഷ. വിവരം സ്നേഹിതന്മാരെയും അറിയിപ്പാറാകണം.

എന്നു് പ്രസിഡണ്ടു്
സെൻറ് വിൻസെൻറ് ഡി പോൾ സംഘം
എറണാകുളം കോൺഫറൻസ്
ബാനർജി റോഡ്—എറണാകുളം

എറണാകുളം
28—3—49

പ്രഭാഷണം

# രക്തബാങ്ക്

"എന്നാൽ ആഗതനായ മിശിഹാ താൻ പ്രവർത്തിച്ച നന്മകളുടെ പ്രധാനാചാര്യനായിത്തീർന്നു. കൈകളുടെ പണിയല്ലാത്തതും സൃഷ്ടികളിൽനിന്നുള്ളതല്ലാത്തതുമായി വലിയതും പൂർണ്ണവുമായ കൂടാരത്തിൽ അങ്ങുന്നു പ്രവേശിച്ചു. കോലാട്ടുകളുടേയൊ കാളക്കിടാങ്ങളുടേയൊ രക്തത്തോടുകൂടിയല്ല അങ്ങുന്നു പ്രവേശിച്ചതു്. പിന്നെയൊ, സ്വന്തരക്തത്തോടുകൂടിയാണു് വിശുദ്ധ സ്ഥലത്തു് ഒരിക്കൽ പ്രവേശിക്കയും എന്നന്നേക്കുമുള്ള രക്ഷ സാധിക്കയും ചെയ്തതു്. എന്തെന്നാൽ കോലാട്ടുകളുടേയും കാളക്കിടാങ്ങളുടേയും രക്തവും പശുക്കിടാവിന്റെ ഭസ്മവും അശുദ്ധന്മാരായിരുന്നവരുടെമേൽ തളിക്കപ്പെടുകയും അതു് അവരുടെ ശരീരത്തിന്റെ ശുദ്ധിക്കായി അവരെ വിശുദ്ധീകരിക്കയും ചെയ്തിരുന്നുവെങ്കിൽ, പവിത്രാത്മാവുമൂലം തന്നെത്തന്നെ ദൈവത്തിനു് കറയില്ലാതെ സമർപ്പിച്ച മിശിഹായുടെ രക്തം ജീവനുള്ള ദൈവത്തിനു് ശുശ്രൂഷചെയ്‌വാനായി നമ്മുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളിൽനിന്നു് എത്രയധികമായി വിശുദ്ധീകരിക്കും! ഇതിനാൽ—വിളിക്കപ്പെട്ടവർ നിത്യാവകാശത്തിന്റെ വാഗ്ദാനം പ്രാപിക്കത്തക്കവണ്ണം, ആദ്യനിയമം ലംഘിച്ചവർക്കു അങ്ങുന്നു സ്വന്ത മരണത്താൽ രക്ഷയായിത്തീർന്നതുകൊണ്ടു്—അങ്ങുന്നു പുതിയ നിയമത്തിലെ മദ്ധ്യസ്ഥനായിത്തീർന്നു." (പൗലോസ് ശ്ലീഹാ: ലേഖനം: എബ്രാ. IX, 11—15)

രോഗശമനത്തിനായി രക്തം കുത്തിവയ്ക്കുന്നതു് ഇന്നു സർവ്വസാധാരണമാണു്. എന്നാൽ ഈ ചികിത്സാക്രമത്തിന്റെ ചരിത്രം ആശയുടേയും നിരാശയുടേയും രസാവഹമായ ഒരു സമ്മേളന ചരിത്രമാണു്. ആദ്യമായി ഒരു മൃഗത്തിൽനിന്നു മറ്റൊരു മൃഗത്തിലേക്കു രക്തം പകർന്നുനോക്കി; പിന്നീടു് മൃഗത്തിന്റെ രക്തം മനുഷ്യനിലേക്കും പകർന്നുനോക്കി. എന്നാൽ ഈ പരീക്ഷണങ്ങളെല്ലാം ഭീമമായ പരാജയത്തിൽ കലാശിക്കുകയാണുണ്ടായതു്. ജോൺ ബ്രണ്ടൻ എന്ന ഇംഗ്ലീഷ് ഡോക്ടറാണു് 1818-ൽ ഒരു മനുഷ്യന്റെ രക്തം മറ്റൊരുവനിലേക്കു പരീക്ഷണാർത്ഥം പകർന്നുനോക്കിയതു്. എങ്കിലും പറയത്തക്ക വിജയം അദ്ദേഹത്തിനു ലഭിച്ചില്ല. ഇതിനെത്തുടർന്നു പലരും പരീക്ഷിച്ചുനോക്കിയിട്ടും വിശ്വാസപൂർവ്വം ചെയ്യാവുന്ന ഒരു ചികിത്സയാണിതെന്നു സധൈര്യം ആരും അഭിപ്രായപ്പെട്ടില്ല. എന്നാൽ 1907-ൽ ജാൻസ്കി എന്ന നോർവീജിയൻ ഡോക്ടർ മനുഷ്യരക്തത്തെ നാലുതരമായി തിരിച്ചു. ഒരാളിൽ ഒരു തരത്തിലുള്ള രക്തമേ ഉണ്ടായിരിക്കയുള്ളുവെന്നും ഏതെങ്കിലും ഒരുതരം രക്തമുള്ള ഒരാൾക്കു് അതേതരം രക്തമുള്ള ആളിൽനിന്നുമാത്രമേ രക്തം പകരുവാൻ പാടുള്ളുവെന്നും അദ്ദേഹം കണ്ടുപിടിച്ചു. തൽഫലമായി വലിയ വിജയങ്ങൾ ഈ ചികിത്സാക്രമത്തിൽ അനുഭവപ്പെട്ടു. എന്നാൽ അപകടഘട്ടങ്ങളിൽ ഉചിതവർഗ്ഗത്തിൽപ്പെട്ട രക്തമുള്ള ആളെ അവിടെ കൊണ്ടുവന്നു രക്തമെടുത്തു് കുത്തിവെക്കുക എല്ലായ്പോഴും സാദ്ധ്യമല്ലല്ലോ. താമസിച്ചാൽ അപായവും സംഭവിച്ചേക്കാം. പലർക്കും അപകടം സംഭവിച്ചിരിക്കുമ്പോൾ കുറെയധികം രക്തവും ആവശ്യമായിവരാം. അതിനാൽ വിവിധതരത്തിലുള്ള രക്തങ്ങൾ വെവ്വേറെ ശേഖരിച്ചു വെക്കേണ്ടതായ ആവശ്യം നേരിട്ടു. കൂടുതൽ ഗവേഷണങ്ങളുടെ ഫലമായി രക്തത്തിലെ വെളുത്ത പ്ലാസ്മമാത്രം സംഭരിച്ചാൽ മതിയെന്നും ഇതു കുത്തിവച്ചാൽ മുഴുവൻരക്തവും കുത്തിവച്ച ഫലമുണ്ടാകുമെന്നും രക്തത്തിന്റെ തരഭേദം നോക്കാതെ ആരിലും കുത്തിവെക്കാമെന്നും കണ്ടുപിടിച്ചു. രക്തം ശേഖരിച്ചുവയ്ക്കാനുള്ള ഈ പുതിയ ഏർപ്പാടിനാണു് "രക്തബാങ്കു്" (Blood Bank) എന്നു പറയുന്നതു്. ഓരോരുത്തരും മിച്ചമുള്ള പണം ബാങ്കിൽ നിക്ഷേപിക്കുന്നതുപോലെ, മിച്ചമുള്ള രക്തം രക്തബാങ്കിൽ കൊടുക്കുന്നു. അവിടെ അതെല്ലാംകൂടി അനേകരുടെ ജീവനെ രക്ഷിക്കുവാൻ പര്യാപ്തമായിത്തീരുന്നു. പണ്ഡിറ്റ്നെഹ്റു നിരവധിപ്രാവശ്യം രക്തദാനം ചെയ്തിട്ടുണ്ടു്. കൽക്കട്ടയിലെ ഒരു തൊഴിലാളി 139 പ്രാവശ്യം രക്തദാനം ചെയ്തിട്ടുള്ള ഒരു മനുഷ്യസ്നേഹിയാണത്രെ.

ക്രിസ്തുവിന്റെ രക്തബാങ്കിനെപ്പറ്റിയും നമുക്കിവിടെ അല്പം ചിന്തിച്ചുനോക്കാം. രക്തസമർപ്പണം പാപപരിഹാരാർത്ഥമായി എല്ലായ്പ്പോഴും കരുതപ്പെട്ടിട്ടുണ്ടു്. വി. ശ്ലീഹാ പറയുന്നു: "നിയമമനുസരിച്ചു് ഏതു വസ്തുവും രക്തത്താലാണു് ശുദ്ധീകരിക്കപ്പെടുന്നതു്. രക്തച്ചൊരിച്ചിൽകൂടാതെ പാപമോചനവുമില്ല" (Heb. xI-22). രക്തബലികൾക്കു അതിസ്വാഭാവികമായ ഒരു ശക്തിയുണ്ടു്. ആചാര്യാഗമത്തിൽ യഹോവ അരുളിച്ചെയ്യുന്നു: "ജഡത്തിന്റെ ജീവൻ രക്തത്തിലാണു് സ്ഥിതിചെയ്യുന്നതു്. പരിഹാരാർത്ഥം നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി അർപ്പിക്കപ്പെടുന്നതിനു അതു ഞാൻ നിങ്ങൾക്കു നൽകിയിരിക്കുന്നു" (ആചാര്യ vii-II). സകല ബലികളിലും അർപ്പിതവസ്തു ബലിചെയ്യുന്നവന്റെ സ്ഥാനം വഹിക്കുന്നു. മനുഷ്യന്റെ ജീവൻ ദൈവത്തിനായിട്ടുള്ളതാണല്ലോ. എന്നാൽ ആത്മബലി അസാദ്ധ്യമാകയാൽ മറ്റൊരുബലിവസ്തു തൽസ്ഥാനത്തു അർപ്പിക്കുന്നതിനു് നാം നിർബന്ധിതരായിത്തീരുന്നു. പഴയനിയമത്തിൽ കോലാടുകളുടേയും കാളക്കിടാങ്ങളുടേയും രക്തത്തോടുകൂടിയാണു് പ്രധാനാചാര്യൻ അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ചു ബലിയർപ്പിച്ചിരുന്നതു്.

എന്നാൽ അനന്തനന്മസ്വരൂപനായ ദൈവത്തോടു മനുഷ്യൻ ചെയ്തിട്ടുള്ള ദ്രോഹം പരിഹരിക്കുവാൻ മൃഗങ്ങളുടേയൊ മനുഷ്യന്റെതന്നെയൊ രക്തം പര്യാപ്തമല്ലായിരുന്നു. അനന്തമായ ഒരു പരാധത്തിനു അനന്തമായ ഒരു പരിഹാരംതന്നെ വേണമല്ലോ. ഇതു ദൈവത്താൽമാത്രമേ സാദ്ധ്യമാകയുള്ളു. അതുകൊണ്ടാണു് ദൈവംതന്നെ മനുഷ്യനായവതരിച്ചതു്. നമുക്കു "മേല്പട്ടക്കാരനായി പരിശുദ്ധനും നിർദ്ദോഷിയും നിർമ്മലനും പാപികളിൽനിന്നു വേർതിരിഞ്ഞവനുമായ ഒരാളെയത്രെ വേണ്ടിയിരുന്നതു്" (Heb. Vi-26). ഇപ്രകാരം ദൈവത്തിന്റെ അനന്തനന്മക്കനുയോജ്യവും, അങ്ങേ സംപ്രീതനാക്കുവാൻ ഏററവും പര്യാപ്തവും, പരിശുദ്ധിയിൽ അദ്വിതീയവുമായ ഒരു ബലിയുടെ അർപ്പകനാണു ക്രിസ്തു. "ബലിയും വഴിപാടും നീ ഇഷ്ടപ്പെട്ടില്ല. എന്നാൽ എനിക്കു നീ ശരീരത്തെ ഒരുക്കി. പാപത്തെക്കുറിച്ചുള്ള ഹോമബലികളും നിനക്കിഷ്ടപ്പെട്ടില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു." (Ps. 39) ഇപ്രകാരം ആഗതനായ ക്രിസ്തു രക്തംചിന്തിക്കൊണ്ടു സ്വയം ബലിയർപ്പിച്ചു. "അവിടുന്നു് നമ്മുടെ പാപങ്ങൾ നിമിത്തം മുറിവേല്പിക്കപ്പെട്ടു ......അവിടുത്തെ മുറിവുകൾമൂലം നാം സുഖം പ്രാപിക്കയും ചെയ്തു......നമ്മുടെ എല്ലാവരുടേയും പാപങ്ങളെ കർത്താവു് അവിടുത്തെമേൽ ചുമത്തി......അവിടുന്നു് അനേകരുടെ പാപങ്ങളെ വഹിച്ചു" (ഇസ. liii-5.) "നിങ്ങൾക്കായി ചിന്തുവാനിരിക്കുന്ന എന്റെ രക്തത്തിലുള്ള പുതിയ നിയമത്തിന്റെ കാസ ഇതാകുന്നു." (ലൂക്ക XXII-20)



1948 ഡിസംബർ 8-ാംനു, അമലോത്ഭവമാതാവിന്റെ തിരുനാൾദിനത്തിൽ, പരിശുദ്ധ പിതാവു് "അഞ്ഞൂസ് ദേയി" ആശീർവ്വദിക്കുന്നു.

ഇപ്രകാരം ദൈവമായ ക്രിസ്തു സ്വന്തംരക്തം ചിന്തിക്കൊണ്ടു വിശുദ്ധസ്ഥലത്തു് ഒരിക്കൽമാത്രം പ്രവേശിച്ചു് എന്നന്നേക്കുമുള്ള മനുഷ്യരക്ഷ സാധിച്ചു. ഒരിക്കൽ മാത്രമാണു രക്തം ചിന്തിക്കൊണ്ടു കാൽവരിയിൽ മരിച്ചതെങ്കിലും അങ്ങേ അമൂല്യരക്തം ഇന്നും എന്നന്നേക്കും എല്ലാ മനുഷ്യർക്കും ഉപയുക്തമാകത്തക്കവിധത്തിൽ ഒരു വിശുദ്ധ "രക്തബാങ്കു്" ആയി നിലകൊള്ളുന്നു. അമിതമായ രക്തനഷ്ടം നിമിത്തം അപകടത്തിലായവർക്കു രക്തം കുത്തിവെച്ചാൽ ഉടനെ രോഗശമനം ലഭിക്കുന്നതുപോലെ പാപങ്ങൾവഴിയായി ആദ്ധ്യാത്മികജീവനു് അപകടവും ഹാനിയും സംഭവിക്കുമ്പോൾ മിശിഹായുടെ ദിവ്യരക്തബാങ്കിൽ നിന്നു ആവശ്യമുള്ള രക്തമെടുത്തു് കുത്തിവെച്ചാൽ നമുക്കു ആദ്ധ്യാത്മികമായി സുഖംപ്രാപിക്കാവുന്നതാണു്. എത്രകടുത്ത പാപികൾക്കായാലും, മരിച്ചു് വളരെനാൾ കഴിഞ്ഞിട്ടുള്ള ആത്മാക്കൾക്കായാലും മിശിഹായുടെ അമൂല്യരക്തം പകർന്നാൽ ഉടനടി ഫലം സിദ്ധിക്കും. രക്തം ചിന്താതെ പാപമോചനമില്ല; എന്നാൽ മിശിഹാ നമുക്കുവേണ്ടി തന്റെ ദിവ്യരക്തം ചിന്തി സംഭരിച്ചുവെച്ചിട്ടുണ്ടു്; കാലാകാലത്തോളം മനുഷ്യർക്കു് ഇതുപയോഗിക്കാവുന്നതാണു്.

എന്നാൽ ഈ രക്തബാങ്കിൽനിന്നു രക്തം ലഭിക്കുവാൻ ഏഴുതരം ചെക്കുകളാണുള്ളതു്—ഏഴു കൂദാശകൾ. മാമ്മോദീസ, കുമ്പസാരം, കുർബാന സ്വീകരണം തുടങ്ങിയ സകല കൂദാശകളും മിശിഹായുടെ രക്തംവഴിയായി നമുക്കു് ആത്മവിശുദ്ധീകരണവും വരപ്രസാദജീവനും പ്രദാനം ചെയ്യുന്നു. രക്തത്തിൽ ഓരോരുത്തന്റെയും സ്വഭാവം അടങ്ങിയിട്ടുണ്ടെന്നാണല്ലൊ വെയ്പു്. അങ്ങനെയെങ്കിൽ മിശിഹായുടെ രക്തം തുടരെത്തുടരെ നമ്മിലേക്കു പകർന്നുകൊണ്ടിരുന്നാൽ നമുക്കും മിശിഹായുടെ സ്വഭാവം ക്രമേണ കരഗതമാകുകയില്ലേ? ക്രിസ്തുവിന്റെ രക്തമല്ലേ നമ്മുടെ ധമനികളിൽക്കൂടി ഓടിക്കൊണ്ടിരിക്കുന്നതു്? ഈ നോമ്പുകാലത്തു് അടുത്തടുത്ത കൂദാശാസ്വീകരണങ്ങൾ വഴിയായി ഈ ദിവ്യരക്തം നമ്മിലേക്കു പകർത്തുക. പീഡാനുഭവഞായറാഴ്ചയായ ഇന്നു് ക്രൂശിതരൂപത്തിൻമുമ്പാകെ മുട്ടുകുത്തി ആ നിർമ്മല ശരീരത്തിൽനിന്നു ഒഴുകുന്ന രക്തത്താൽ അഭിഷിക്തരാകുവാൻ ശ്രമിക്കുക. പരിതാപവും ശരണവുമായ ഹൃദയത്തോടെ നമുക്കും അപേക്ഷിക്കാം: "കർത്താവേ, എന്റെ ദുഷ്ടതയിൽനിന്നു ഇനിയും എന്നെ കഴുകേണമെ; എന്റെ പാപത്തിൽനിന്നു എന്നെ വിശുദ്ധീകരിക്കേണമെ ......ശുദ്ധമുള്ള ഹൃദയത്തെ എന്നിൽ നീ സൃഷ്ടിക്കുക." (ps. 50.)

(ജെ. ചെമ്മണൂർ)

— —

## ആ തോട്ടക്കാരൻ

എൻ. യു. ജോസഫ്, ഇടപ്പള്ളി

(പാന)

i

ആലസ്യം വിട്ടൊരായിരം നന്മലർ
നാലുഭാഗത്തും നില്ക്കുന്നു ഭംഗിയിൽ

തുമണം വഹിച്ചായവ വാട്ടമ-
റ്റാമയം നീക്കി നില്ക്കുന്നു ഭംഗിയിൽ

ആഞ്ഞുനിന്നു പറിച്ചു ഭുജിക്കുവാ-
നാകുംവണ്ണം കിടക്കുന്നു തേങ്കനി

മാതളത്തിൻ ചെറുശിഖരങ്ങളിൽ,
മാകന്ദത്തിന്റെ ശാഖാഗണങ്ങളിൽ,

സജ്ജലംകൊണ്ടു സർവ്വം നനച്ചൊരു
ശുദ്ധവാഹിനി തുള്ളിത്തുളുമ്പുന്നു.

കാംക്ഷപോൽ പഴംതിന്നു ജലംകുടി-
ച്ചാനന്ദിച്ചുമരുവുന്നു പക്ഷികൾ

കാകളി, കുളർവാരി, നറുമണം,
കാലഭേദങ്ങളേശാത്തപൂവനം

എന്നുമെന്നും വസന്തം തടവുമീ-
സുന്ദരമലർക്കാവെത്ര പാവനം!

അത്ഭുതപ്പെട്ടുപോകുന്നു ഞാൻ കട-
ന്നല്പനേരമിത്തോട്ടത്തിൽ നില്ക്കവെ.

ii

ചിത്തമേ, പിടയ്ക്കായ്കനിൻ കാവലാൾ
ബദ്ധകൗതുകമാഗമിപ്പൂ ദൂരം

സൽപ്പഥം വേർതിരിക്കുവാൻ വെയ്ക്കുമ-
ത്തൃപ്പദങ്ങളെത്താണു വണങ്ങുക!

കൈതവം പൂരളാതൊരാലിംഗനം-
ചെയ്യുവാൻ നീട്ടിടുന്നു കരാഞ്ചലം

സ്നേഹമൂറും കടാക്ഷങ്ങളാലതാ
മാടി മാടി വിളിക്കുന്നു ചെല്ലുക

"സർവ്വവും നിനക്കുള്ളതാ"ണെന്നു സൽ-
ഭാവപൂർണ്ണമായ് കാട്ടുന്നിതാനനം.

ശീതളാമലച്ഛായാതലങ്ങളിൽ
ക്ലേശമാറുവാനോതുന്നു നന്മൊഴി.

നെഞ്ചകം കുളർപ്പിക്കുന്ന മാതിരി
ചെഞ്ചുണ്ടിങ്കലായ് തഞ്ചുന്നു പുഞ്ചിരി

സ്വീകരിച്ചു സുരസുഖമൂട്ടുവാൻ
കൈകൾ നീട്ടുമ "പ്പാപ്പാ" ജയിക്കട്ടേ!

കൂടുകെട്ടിക്കുത്തുറലപൂർവ്വകം
കൂടിടുന്നവർക്കാത്മസംപ്രീണനം;

സാധിപ്പിക്കുമത്തോപ്പിന്റെ പാലകൻ
മേൽക്കുമേൽ വിജയിക്കണം ദൈവമേ!

# 12–ാം പീയൂസ് തിരുമനസ്സിലെ
# സാമുദായികസേവനങ്ങൾ

(ഡോക്ടർ എൽ. ജെ. ചിററൂർ പി എച്ച്.ഡി., ഡി. ഡി.)

അൻപതുകൊല്ലങ്ങൾക്കുമുമ്പു് ഉയിർപ്പുതിരുനാളിൽ നടന്ന മഹാസംഭവം. നിത്യനഗരത്തിലെ ഒരു പ്രഭുകുടുംബത്തിൽപ്പെട്ട എവുജേനിയോ പച്ചെല്ലിയുടെ ആദ്യകുർബാന. ഇന്നാകട്ടെ കത്തോലിക്കാലോകമൊന്നാകെ അതിന്റെ കനകജൂബിലി ആഘോഷിക്കുന്നു.

ആദ്യത്തെ പതിനെട്ടുകൊല്ലങ്ങൾ ഒരു സാധാരണവൈദികനായി ഇടവകജോലിയിലും സഭാനിയമത്തിന്റെ അദ്ധ്യാപനത്തിലും കഴിച്ചുകൂട്ടിയശേഷം അത്യുന്നത കാർഡിനൽ ഗസ്പാരി തിരുമനസ്സിലെ വലംകൈയായി കാനൻനിയമസംഹിതയുടെ രൂപവൽക്കരണത്തിൽ സഹായിച്ചുകൊണ്ടു് വത്തിക്കാനിലെ അന്തേവാസിയായിത്തീർന്നു.

ആദ്യത്തെ ലോകമഹായുദ്ധകാലത്താണു് ബനഡിക്ട് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു പച്ചെല്ലി തിരുമേനിയെ മെത്രാൻസ്ഥാനത്തേക്കുയർത്തി ജർമ്മനിയിലെ "നൺഷ്യോ" ആയി നിയമിച്ചതു്. യുദ്ധസംബന്ധമായ ദുരിതങ്ങളുടേയും വിപ്ലവങ്ങളുടേയും കാലത്തു് സ്വന്തം കടമ നിർവ്വഹിക്കുന്നതിനു സാമാന്യമായ ധൈര്യവും നയചാതുരിയും അദ്ദേഹം പ്രകടമാക്കി. ഈ സാമർത്ഥ്യത്തിൽ സന്തുഷ്ടനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു കാർഡിനൽ സ്ഥാനം നൽകുകയും സ്റ്റേയിററു് സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു.

കഴിഞ്ഞ പത്തു കൊല്ലങ്ങളായി സാർവ്വത്രികസഭയുടെ പരമാധികാരിയായി ഭരണം നടത്തുന്ന തിരുമനസ്സിലെ സംഭവബഹുലമായ ജീവിതത്തിലേക്കു് ഒരു വിഹഗവീക്ഷണം പോലും ഇതുപോലൊരു ചെറുലേഖനത്തിൽ സാദ്ധ്യമല്ല.

യുദ്ധത്തിനൊരുങ്ങിക്കൊണ്ടിരുന്ന ഒരു ലോകത്തെയാണു് അവിടുന്നു് അഭിമുഖീകരിക്കേണ്ടിവന്നതു്. സമാധാനം പാലിക്കുന്നതിനു് അവിടുന്നു മുറവിളിച്ചെങ്കിലും രാഷ്ട്രങ്ങൾ അങ്ങേ സ്വരം ചെവിക്കൊണ്ടില്ല. ശാശ്വതസമാധാനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളും വ്യവസ്ഥകളും മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് നിർദ്ദേശിച്ചു. ലോകം അതു സ്വീകരിക്കാൻ സന്നദ്ധമായില്ല. യുദ്ധാനന്തരവും ഓരോ രാജ്യത്തിലും നടമാടുന്ന പീഡനങ്ങളും ഭീതിയും ക്രമരഹിതമായ സ്ഥിതിയും പരിശുദ്ധ പിതാവിനു് വേദനാജനകമാണു്. തിരുമനസ്സുകൊണ്ടു് നിരാശനാകാതെ തുടർന്നു പ്രവർത്തിക്കുന്നു. ഉടൻ ഫലം സിദ്ധിക്കുന്നില്ലെങ്കിലും മാനവകുലത്തിന്റെ ഹൃദയവേദിയിൽ സന്മാർഗ്ഗികതയുടെ ചില രേഖകൾ എങ്കിലും അടയാളപ്പെടുത്താൻ അവിടുത്തേക്കു കഴിഞ്ഞിട്ടുണ്ടു്. ക്രൈസ്തവചൈതന്യവും നീതിബോധവും ഉയരുന്നതിനു് തിരുമനസ്സിലെ പ്രസ്താവനകൾ സഹായിച്ചിട്ടുണ്ടു്. ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിൽ അവിടുന്നു പ്രകടമാക്കിയ ഔദാര്യവും വാത്സല്യവും ലോകത്തിന്റെ ഹൃദയത്തെ ആകർഷിക്കുന്നതിനു് പര്യാപ്തമായിട്ടുണ്ടു്.

ഇന്നു ലോകചിന്തകരെ ഏററമധികം അലട്ടിക്കൊണ്ടിരിക്കുന്നതു് സാമുദായികപ്രശ്നങ്ങളും സാമ്പത്തികവ്യവസ്ഥിതിയുമാണു്. തൊഴിലാളികളെന്നും മുതലാളികളെന്നും ഉള്ള ഒരു ചേരിതിരിവും, വിടവുവർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളും, വൈരാഗ്യം വളർത്തുന്നതിനു് ചിലർ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന കൗശലങ്ങളും ഭാവിയെപ്പററി ആശങ്ക ജനിപ്പിക്കുന്നവയാണു്. ആരുതന്നെ പിടിച്ചാലും പിൻതിരിയുകയോ നിശ്ചലമാകുകയോ ചെയ്യാത്തവിധത്തിൽ വന്നുകൊണ്ടിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതിയിലെ വ്യതിയാനവും ഉൽക്കണ്ഠാജനകമാണു്. ക്രിസ്തുമതത്തിലെ സനാതനസത്യങ്ങളുടെ പ്രകാശത്തിൽ ഈ പ്രശ്നങ്ങളെ കാണിച്ചുകൊണ്ടു് അവസരോചിതം അവിടുന്നു് നൽകുന്ന നിർദ്ദേശങ്ങൾ അവിടുത്തെ വ്യക്തിമാഹാത്മ്യത്തെ പ്രകടമാക്കുകയും സഭയുടെ സ്ഥാനം ലോകദൃഷ്ടിയിൽ ബഹുമാന്യമാക്കുകയും ചെയ്യുന്നു.

ജനീവാ കോൺഫറൻസിലേക്കു പോകുന്ന അമേരിക്കൻ പ്രതിനിധികളോടു് അവിടുന്നു അരുളിച്ചെയ്തു: "തൊഴിലാളി പ്രശ്നങ്ങളെ സംബന്ധിച്ചു് എത്ര അവഗാഢമായ ശ്രദ്ധയാണു് സഭയ്ക്കുള്ളതു് എന്നതിനു ചരിത്രം സാക്ഷ്യം നൽകും. സാമ്പത്തികജീവിതം സഭയുടെ പരിധിയിൽ നേരിട്ടുവരുന്നതുകൊണ്ടല്ല, എന്നാൽ സാമുദായികങ്ങളും സാമ്പത്തികങ്ങളും ആയ കാര്യങ്ങളിൽനിന്നും സന്മാർഗ്ഗത്തെ മാററിയെടുക്കുക സാദ്ധ്യമല്ല. അഭേദ്യങ്ങളായ സന്മാർഗ്ഗികനിയമങ്ങളെ പ്രഖ്യാപനം ചെയ്യുന്നതിനുള്ള അവകാശം സഭയുടേതാണു്. ഇന്നത്തെ വാദപ്രതിവാദങ്ങൾക്കും ഉപരിയായി ദീപസ്തംഭങ്ങൾപോലെ അവ ഉയർന്നുനില്ക്കണം. സാമുദായികങ്ങളായ പ്രശ്നങ്ങൾക്കു് ഔഷധം കണ്ടെത്തുന്ന ഏതു പരിശ്രമങ്ങളിലും അവയുടെ പ്രകാശം പ്രസരിക്കണം.



1948 ഡിസംബർ 15–ാംനു ഇററാലിയൻ റിപ്പബ്ളിക്കൻ പ്രസിഡണ്ടായ സിഞ്ഞോർ എയിനവുഡിയുടെ സന്ദർശനാവസരത്തിൽ പ. പിതാവു് അദ്ദേഹത്തോടു സംസാരിച്ചുകൊണ്ടു നില്ക്കുന്നു. മാർപ്പാപ്പാതിരുമേനിയുടെ കൈയിലിരിക്കുന്നതു് എയിനവുഡി സമ്മാനിച്ച ഒരു "പാത്രം" ആണു്.

"നീതിമാനായ ഒരു തൊഴിലാളി അവന്റെ നിലയെ ഉയർത്തുവാൻ ആഗ്രഹിക്കുന്നതു് മററുള്ളവരുടെ സ്വാതന്ത്ര്യത്തെ ചവിട്ടിമെതിച്ചുകൊണ്ടല്ല. അവന്റേതുപോലെതന്നെ അവരുടെ സ്വാതന്ത്ര്യവും അവനു പരിശുദ്ധമാണു്. എന്നാൽ അവന്റെ മനസ്സാക്ഷിക്കും അന്തസ്സിനും അനുസരിച്ച വിധത്തിൽ അവനും കുടുംബവും കാലയാപനം ചെയ്യുന്നതിനാവശ്യമായവ പരാശ്രയംകൂടാതെ സുരക്ഷിതമാക്കുന്നതിനുള്ള നീതിയുക്തമായ അഭിലാഷം അവനിലുണ്ടു്. പാരതന്ത്ര്യപ്പെടുത്തരുതാത്ത അവന്റെ അവകാശങ്ങൾക്കുവേണ്ടി സഭ എപ്പോഴും വാദിക്കുന്നതാണു്. രാഷ്ട്രീയാധികാരം കൈവശമാക്കുന്ന ന്യൂനപക്ഷങ്ങളുടെ ധാർഷ്ട്യത്തിൽനിന്നു് അവനെ സംരക്ഷിക്കുവാൻ സഭ പരിശ്രമിക്കും."

നിയമങ്ങൾ രൂപവൽക്കരിച്ചുകൊണ്ടു് തൊഴിലാളിയുടെ അവശതകൾക്കു പരിഹാരം അന്വേഷിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അവിടുന്നു് സ്പഷ്ടമാക്കുന്നുണ്ടു്. സാമുദായികനില ഏതു തരത്തിലായാലും, എല്ലാവരിലും ഉള്ള മനുഷ്യത്വത്തോടു ബഹുമാനം അത്യന്താപേക്ഷിതമാണു്. രണ്ടാമതായി മാനവകുലത്തിന്റെ ഐക്യബോധം നശിപ്പിക്കരുതു്. ദൈവത്തിന്റെ സർവ്വശക്തിയാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെല്ലാം ഒരു കുടുംബാംഗങ്ങൾ എന്ന ഭാവേന വർത്തിക്കണം. മൂന്നാമതായി ഓരോ വ്യക്തിക്കും ഉണ്ടാകാവുന്ന ലാഭനഷ്ടങ്ങളെക്കാൾ കാര്യമായി പൊതുനന്മയെ പരിഗണിക്കണം. ഓരോരുത്തരും എല്ലാവരേയും സേവിക്കുന്നതിനുള്ള അവസരം അന്വേഷിക്കാൻ സന്നദ്ധരാകണം. ഈ നിർദ്ദേശങ്ങൾ സ്വീകരിക്കയും ഇതേ ചൈതന്യത്തോടെ എല്ലാവരും പ്രവർത്തിക്കയും ചെയ്യുന്നെങ്കിൽ, തൊഴിലാളികളുടെ സ്ഥിതി നന്നാകാതിരിക്കയില്ല.

ആദ്ധ്യാത്മികമായുള്ള ഈ മാനസാന്തരം ഉളവാകുന്നതിനു് രാഷ്ട്രത്തിന്റെ ശക്തികൊണ്ടു് സാദ്ധ്യമല്ല. ഇതു മതത്തിന്റെ പരിശുദ്ധമായ കടമയാണു്. മതത്തിലും സന്മാർഗ്ഗത്തിലും അധിഷ്ഠിതമായ രാഷ്ട്രത്തിനു് സാഹചര്യങ്ങൾ ശരിപ്പെടുത്തിക്കൊണ്ടു് തൊഴിലാളിയുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ സാധിക്കും.

ഭിന്നിച്ചു പരസ്പരം അകന്നും പോകുന്ന തൊഴിലാളികളെയും മുതലാളികളെയും തമ്മിൽ ബന്ധിക്കുന്ന ശൃംഖലയായിട്ടാണു് തൊഴിലിനെ പരിശുദ്ധ പിതാവു് വിഭാവനം ചെയ്യുന്നതു്. ജനതയ്ക്കു് ആവശ്യമുള്ള സാധനങ്ങൾ ഉൽപാദിപ്പിക്കുന്നതിനായി എല്ലാമനുഷ്യരും ഓരോവിധത്തിൽ സഹകരിക്കുന്നു. ചിലർ പണം മുടക്കുന്നു; ചിലർ ബുദ്ധി ഉപയോഗിക്കുന്നു; മററു ചിലർ ശാരീരികശക്തി ഉപയോഗിക്കുന്നു. ഈ വിധത്തിൽ തൊഴിലിനെ ദർശിച്ചുകൊണ്ടു് സഹകരിക്കുകയോ ഫലം അനുഭവിക്കുകയോ ചെയ്യുന്ന ഘടകങ്ങളെ സംയോജിപ്പിക്കയാണാവശ്യം. ഇതു് നവജീവൻ പ്രദാനം ചെയ്യും; രാഷ്ട്രത്തേയും ജനതയേയും ബന്ധിക്കയും ചെയ്യും.

വിതരണം പ്രയാസമേറിയ ഒരു പ്രശ്നമാണെങ്കിലും ഇന്നു് അതിനെക്കാൾ കൂടുതലായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതു് ഉല്പാദനമാണു്. ഉല്പാദനം ക്രമവൽകൃതമാകണം. ഈ കാര്യത്തിൽ രാഷ്ട്രത്തിനും വളരെയധികം ചെയ്യുവാനുണ്ടു്. ലെയോ XIII, പീയൂസ് XI, ഈ മാർപ്പാപ്പാമാർ രാഷ്ട്രത്തിന്റെ ചുമതലകളെ വിശകലനം ചെയ്തു് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പീയൂസ് XII തിരുമേനിയും ആവർത്തിച്ചു് ഉദ്ബോധിപ്പിക്കുന്നു. ഓരോരുത്തനും അവനവന്റെ ഇഷ്ടംപോലെ ചെയ്യുന്നതിനു് അനുവദിച്ചിരുന്ന നയം (Laissez faire) മാറുന്ന അവസരത്തിൽ നേരെ എതിരായി രാഷ്ട്രത്തിന്റെ ഏകാധിപത്യത്തിൽ നിപതിക്കാതെ നോക്കേണ്ടതും ആവശ്യമാണു്. രാഷ്ട്രത്തിന്റെ പ്രവർത്തനവും സേവനവും എപ്പോഴും സഹായകരൂപത്തിൽ ആയിരിക്കണം. വ്യക്തികളുടേയും കുടുംബങ്ങളുടേയും പ്രവർത്തനത്തേയും തൊഴിലിനേയും സംരക്ഷിക്കുന്നതായിരിക്കണം ആദർശം

ഭൗതികോല്പന്നങ്ങൾ രാജ്യങ്ങൾ തമ്മിൽ മാററംചെയ്യുന്നതിനെ സംബന്ധിച്ചും അവിടുന്നു പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്. ഇന്നു ക്രൈസ്തവോപവിയുടെ ഫലമായി സമൃദ്ധമായ രാജ്യങ്ങളിൽനിന്നു് ദുരിതമനുഭവിക്കുന്ന രാജ്യങ്ങളിലേക്കൊരു പ്രവാഹം നടക്കുന്നുണ്ടു്. സാധാരണ സ്ഥിതിഗതികളിൽ സമൃദ്ധോല്പാദനത്തിന്റെ ഫലമായി രാജ്യങ്ങൾ തമ്മിൽ നടത്തേണ്ട വിഭവങ്ങളുടെ കൈമാററം എങ്ങനെ ഓരോ രാജ്യത്തിന്റെയും ശ്രേയസ്സിനു് കാരണമായിത്തീരും എന്നോർമ്മിപ്പിക്കുന്നു.

സാമ്പത്തികജീവിതത്തിൽ അവശ്യം അനുസരിക്കേണ്ട വ്യവസ്ഥകളെ പരിശുദ്ധ പിതാവു് സ്പഷ്ടമാക്കുന്നുണ്ടു്. എല്ലാവരുടേയും സാംസ്കാരികവും ആദ്ധ്യാത്മികവുമായ ജീവിതത്തിനു് ആവശ്യമുള്ള ഭൗതികസഹായങ്ങൾ എല്ലാ വ്യക്തികൾക്കും ലഭ്യമാകണം. സ്വാതന്ത്ര്യം കൂടാതെ ഈ ജീവിതം സാദ്ധ്യമല്ലാത്തതിനാൽ, സാമ്പത്തികവും സാമുദായികവും ആയ സാഹചര്യങ്ങൾ സ്വാതന്ത്ര്യത്തെ സുരക്ഷിതമാക്കണം. ഓരോ രാജ്യത്തെ സംബന്ധിച്ചിടത്തോളം അതിലെ അംഗങ്ങൾക്കെല്ലാം അനുഭവവേദ്യമാകുന്ന വിഭവസമൃദ്ധിയെ ലാക്കാക്കി പ്രവർത്തിക്കയും അന്യരാജ്യങ്ങളോടു് കഴിയുന്നത്ര സാഹോദര്യേന വർത്തിക്കയും ചെയ്യണം. അവനവന്റെ ഉപയോഗം അവകാശമാണെന്നോ സ്വാർത്ഥലാഭത്തിനുവേണ്ടി മററുള്ളവരുടെ അവകാശങ്ങളെ ലംഘിക്കാമെന്നോ ഉള്ള തെററായ ധാരണകൾ നീക്കേണ്ടതും അവശ്യം തന്നെ.

യന്ത്രങ്ങളുടെ സഹായത്തോടെ നടത്തുന്ന വൻകിടവ്യവസായങ്ങൾ വർദ്ധിച്ചതുനിമിത്തം ചെറിയ തോതിലുള്ള തൊഴിലാളികൾ അവഗണിക്കപ്പെടുന്നുണ്ടു്. അവരുടെ കാര്യത്തിലും പ്രത്യേകപരിഗണന ഉണ്ടാകേണ്ടതാണെന്നു് മാർപ്പാപ്പാതിരുമേനി റോമായിലെ ചെറുതൊഴിലാളികളെ സ്വീകരിച്ചുകൊണ്ടു് പ്രസ്താവിക്കയുണ്ടായി

എപ്പോഴും ക്രൈസ്തവോപവിക്കു സ്ഥാനമുണ്ടു്. സാമുദായികവ്യവസ്ഥിതി ഏററം ന്യായപൂർവ്വമായിരിക്കുന്ന അവസരത്തിൽ തന്നെയും യഥാർത്ഥമായ ക്രൈസ്തവചൈതന്യത്തോടെ ആതുരരെ സംരക്ഷിക്കുന്നതിനും, ദരിദ്രരെ സഹായിക്കുന്നതിനും, അവശർക്കു് ആലംബമായിരിക്കുന്നതിനും അവിടുന്നു് എല്ലാവരേയും ആഹ്വാനം ചെയ്യുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും ലോകം സ്വീകരിച്ചെങ്കിൽ സമാധാനം കണ്ടെത്തുമായിരുന്നു.

വിമർശനവീഥി

# പാപ്പാധിപത്യനിഷേധകർ നിഷ്പക്ഷാന്വേഷകരല്ല

പാപ്പാധിപത്യത്തിൻെറ യാഥാർത്ഥ്യം വേദപുസ്തകത്തിലും സഭാപാരമ്പര്യത്തിലും സഭാചരിത്രത്തിലുമാണല്ലോ കിടക്കുന്നതു്. തന്മൂലം അതു കണ്ടുപിടിക്കുവാനാഗ്രഹിക്കുന്നവർ പ്രസ്തുത മൂന്നു രംഗങ്ങളിലും നിഷ്പക്ഷമായ അന്വേഷണം നടത്തേണ്ടിയിരിക്കുന്നു. പാപ്പാധിപത്യത്തിൽ വിശ്വസിക്കുന്നവർ ജന്മനാൽത്തന്നെ കത്തോലിക്കരാണെന്നും, ജന്മനാൽ കത്തോലിക്കരല്ലാത്തവർ പാപ്പാധിപത്യത്തിൽ വിശ്വസിക്കുന്നവരല്ലെന്നും പറയുന്നതു് അവാസ്തവമാണ്. അക്രൈസ്തവമതങ്ങളിലും അകത്തോലിക്കാമതങ്ങളിലും ജനിച്ചവരുന്ന് അനേകം പണ്ഡിതന്മാർ അവരുടെ പഠനത്തിൻെറയും പരിശോധനയുടേയും ഫലമായി പാപ്പാധിപത്യത്തിൽ വിശ്വസിക്കുന്നവരായിത്തീർന്നിട്ടുണ്ട്. അന്യമതങ്ങളിൽനിന്നു മാനസാന്തരപ്പെട്ടു കത്തോലിക്കാസഭയിൽ പ്രവേശിച്ചിട്ടുള്ള പണ്ഡിതന്മാരായ ആളുകളെല്ലാം ഈ വസ്തുതയ്ക്കു ദൃഷ്ടാന്തങ്ങളാണ്. കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ സാക്ഷ്യങ്ങളുദ്ധരിച്ച പണ്ഡിതൻ—അർണോൾഡു് ലൺ—തന്നെ ഈ ദൃഷ്ടാന്തങ്ങളിലൊന്നാണ്. അവിശ്വാസത്തിൽനിന്നു സുദീർഘമായ പഠനത്തിൻെറയും പരിശോധനയുടേയും ഫലമായി, യുക്തിയുടെ ശാസനയാൽ മാത്രം പ്രേരിതനായിട്ടാണ് താൻ ആദ്യം ക്രിസ്തീയവിശ്വാസത്തിലേക്കും, അനന്തരം കത്തോലിക്കാവിശ്വാസത്തിലേക്കും പിന്തിരിഞ്ഞതെന്നു് അദ്ദേഹംതന്നെ സാക്ഷീകരിക്കുന്നുണ്ടല്ലോ. തത്വശാസ്ത്രജ്ഞനായ ജോഡിനോടും, പ്രകൃതിശാസ്ത്രജ്ഞനായ ഹാൽഡേയിനോടും, വേദശാസ്ത്രജ്ഞനായ ഫാദർ നോക്സിനോടും, ചരിത്രശാസ്ത്രജ്ഞനായ കോൾട്ടനോടും അദ്ദേഹം ലേഖനങ്ങൾവഴി നടത്തിയതും, തദനന്തരം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയതുമായ സുദീർഘവാദപ്രതിവാദങ്ങൾതന്നെ പ്രസ്തുതസാക്ഷ്യത്തെ സ്ഥിരീകരിക്കുന്നുണ്ട്.

ലണ്ണിൻെറ നിഷ്പക്ഷാന്വേഷണം

കത്തോലിക്കാസഭയിലേക്കുള്ള തൻെറ മാനസാന്തരത്തെ വിവരിച്ചും അതിനു തന്നെ പ്രേരിപ്പിച്ച ന്യായങ്ങളെ വിശദീകരിച്ചും അദ്ദേഹം രചിച്ചിട്ടുള്ള "Now I see" എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൽ പാപ്പാധിപത്യത്തിൻെറ അടിസ്ഥാനന്യായങ്ങളെപ്പററി നാലഞ്ചധ്യായങ്ങളിൽ അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. വിശുദ്ധ പത്രോസിനെ തിരുസ്സഭയുടെ തലവനായി നിയമിച്ചുകൊണ്ടു് ക്രിസ്തു അരുളിച്ചെയ്തതായി കത്തോലിക്കർ ആശ്രയിക്കുന്ന വാക്യങ്ങൾ, പത്രോസാകുന്ന പാറയുടെ മേൽ താൻ തൻെറ സഭയെ പണിയുമെന്നും സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ പത്രോസിനു താൻ കൊടുക്കുമെന്നും പത്രോസ് ഭൂമിയിൽ കെട്ടുകയും അഴിക്കുകയും ചെയ്യുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടുകയും അഴിക്കപ്പെടുകയും ചെയ്യുമെന്നും അവിടുന്നു വാഗ്ദാനം ചെയ്തതും, പത്രോസ് തൻെറ സഹോദരന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ അവിടുന്നു ആജ്ഞാപിച്ചതും, തൻെറ ആടുകളേയും കുഞ്ഞാടുകളേയും മേയ്ക്കുവാൻ പത്രോസിനെ അവിടുന്നു നിയോഗിച്ചതുമായ വാക്യങ്ങളാണല്ലോ. ഇവയെ ഉദ്ധരിച്ചുകൊണ്ടു് ലൺ പറയുന്നതിങ്ങനെയാണ്: "കത്തോലിക്കർക്കെതിരായ വാദപ്രതിവാദങ്ങളിൽ ഞാൻ വ്യാപൃതനായിരുന്ന കാലത്തുപോലും ഈ വാക്യങ്ങൾക്കു പ്രോട്ടസ്റ്റൻറുകാർ നൽകുന്ന വ്യാഖ്യാനം എനിക്കു സ്വീകാര്യമായിരുന്നില്ല. ദൈവം ജീവതുല്യമായ പ്രശ്നങ്ങളിൽ നമ്മെ വഴിതെററിക്കുവാൻ പാടുള്ളതല്ലല്ലോ. ക്രിസ്തു ഉപമകളിൽ സംസാരിച്ചിട്ടുണ്ട്. എന്നാൽ അവിടുന്നു് ഉപമകൂടാതെ തെളിച്ചു സംസാരിച്ചിട്ടുള്ളപ്പോൾ ആ വാക്കുകളുടെ പ്രത്യക്ഷമായ അർത്ഥമാണ് തീർച്ചയായും സ്വീകരിക്കപ്പെടേണ്ടതു്; അല്ലാതെ ഏതെങ്കിലും പ്രത്യേകമായ അഭിപ്രായത്തോടു യോജിച്ചിരിക്കുവാൻ വേണ്ടി നിർമ്മിക്കപ്പെട്ടതാണെന്നു സകല വിധേനയും തോന്നാവുന്ന ദുർഗ്രഹങ്ങളായ വ്യാഖ്യാനങ്ങളല്ല സ്വീകരിക്കേണ്ടതു്. പത്രോസിനെ സംബന്ധിച്ചുള്ള പ്രസ്തുത വാക്യങ്ങളുടെ പ്രത്യക്ഷമായ അർത്ഥം സ്വീകരിക്കുന്നതിൽ യുക്തിവിരുദ്ധമായി ഒന്നുമില്ലെന്നു തീർച്ചയാണ്. നേരെമറിച്ചു്, ബിഷപ്പു് ലൈററ്ഫൂട്ടു് മുതലായ മഹാപണ്ഡിതന്മാർ വളരെ വിപുലമായ ന്യായങ്ങളോടുകൂടി നൽകുന്ന അർത്ഥം സ്വീകരിക്കുന്നതിൽ യുക്തിയില്ല; അവരുടെ ന്യായങ്ങൾ കത്തോലിക്കാസഭയുടെ ഏററവും പ്രമാണപ്പെട്ട പ്രസ്തുതവാക്യങ്ങളിൽ പ്രോട്ടസ്റ്റൻറു വ്യാഖ്യാനം കുത്തിച്ചെലുത്തുവാൻ ശ്രമിക്കുകയാണു ചെയ്യുന്നതു്."

റോമായുടെ ആധിപത്യം

വിശുദ്ധപത്രോസിൻെറ അനുഗാമികൾ റോമാമാർപ്പാപ്പാമാരാണെന്നും, അവർക്കാണു് ക്രൈസ്തവസഭയിൽ പരമാധിപത്യമുണ്ടായിരുന്നതെന്നുമുള്ള വസ്തുതയും ലൺ അസന്നിഗ്ദ്ധമായി സമ്മതിക്കുന്നുണ്ട്. വിശുദ്ധന്മാരായ ഇഗ്നാസിയൂസ്, ഇറനേവൂസ് മുതലായ ആദിമപിതാക്കന്മാരുടെ കൃതികളിൽ ആ വസ്തുതയ്ക്കു പ്രത്യക്ഷങ്ങളായ സാക്ഷ്യങ്ങളുണ്ടെന്നും അദ്ദേഹം സമ്മതിക്കുന്നു. തന്മൂലം പാപ്പാധിപത്യത്തിനെതിരായി "പഴഞ്ചൻ അഭിപ്രായക്കാരായ പ്രോട്ടസ്റ്റൻറുകാർ ആദിമപിതാക്കന്മാരുടേയും ആദിമസഭയുടേയും സാക്ഷ്യങ്ങളെ ആധാരമാക്കി പുറപ്പെടുവിക്കുന്ന വാദങ്ങൾക്കു യാതൊരു നിലയുമില്ലെന്നാണ്" അദ്ദേഹം പ്രസ്താവിക്കുന്നതു്. തൻെറ ഈ അനുമാനത്തിനു സ്ഥിരീകരണമായി ഒരു ആംഗ്ലിക്കൻ പണ്ഡിതവൈദികൻെറ ഗ്രന്ഥത്തെ അദ്ദേഹം വായനക്കാർക്കു ശുപാർശചെയ്യുകയും ചെയ്യുന്നു. ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ റിസർച്ച്‌വകുപ്പിൽ ഡോക്ടർബിരുദത്തിനായി റവ. ഹെർബർട്ടു് സ്കാട്ടു് എന്ന ആംഗ്ലിക്കൻ വൈദികൻ എഴുതിസമർപ്പിച്ചതും, അതിൽ പ്രകടിതമായ പാണ്ഡിത്യത്താൽ സർവ്വകലാശാല അംഗീകരിച്ചതുമായ "പൗരസ്ത്യസഭകളും പാപ്പാധിപത്യവും" എന്നഗ്രന്ഥമാണതു്. അതിൽ നടത്തിയിരിക്കുന്ന നിഷ്പക്ഷപരിശോധനയുടെ ഫലത്തെ ലൺ സംക്ഷിപ്തമായി ചൂണ്ടിക്കാണിക്കുന്നതിങ്ങനെയാണ്: "റോമായുടെ പരമാധിപത്യത്തിനാധാരം അവളുടെ ആദ്ധ്യാത്മികമായ പ്രാധാന്യമല്ല, പ്രത്യുത അവളുടെ ഭൗതികമായ പ്രധാന്യമാണെന്നുള്ള സിദ്ധാന്തത്തെ ഡോക്ടർ സ്കാട്ടു് ഫലപ്രദമായി ഖണ്ഡിച്ചിരിക്കുന്നു. ഇഗ്നാസിയൂസ്, ഇറനേവൂസ്, ഡെന്നിസ്, അത്തനാസിയൂസ്, ക്രീസോസ്തോമൂസ് മുതലായി പൗരസ്ത്യസഭയിലെ മഹാവിശുദ്ധന്മാരുടെ സുദീർഘമായ പരമ്പര വിശുദ്ധപത്രോസിനേയും അനുഗാമികളേയും വിശ്വാസസംബന്ധമായ കാര്യങ്ങളിൽ പരമാധികാരമുള്ള വിധികർത്താക്കന്മാരായി അംഗീകരിച്ചിരുന്നുവെന്നു് ഡോക്ടർ സ്കാട്ടു് നമ്മോടു പറയുന്നു."

ഡാനിയേലിൻെറ കൃത്രിമങ്ങൾ

വേദപുസ്തകത്തിലേയും സഭാപാരമ്പര്യത്തിലേയും സഭാചരിത്രത്തിലേയും സാക്ഷ്യങ്ങളും നടപടികളും പരിശോധിച്ചിട്ടുള്ള അസംഖ്യം അകത്തോലിക്കാപണ്ഡിതന്മാർ പാപ്പാധിപത്യത്തിൻെറ യാഥാർത്ഥ്യം ഗ്രഹിക്കുകയും പാപ്പാധിപത്യത്തിനു കീഴ്പെട്ടു് കത്തോലിക്കാസഭയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, പിന്നെയെന്തുകൊണ്ടാണ് പല അകത്തോലിക്കരും പാപ്പാധിപത്യത്തിനെതിരായി എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നതെന്നുള്ള ചോദ്യം ഇവിടെ സംഗതമാണല്ലോ. അതിനുള്ള മറുപടി അവരുടെ എഴുത്തുകളിലും പ്രസംഗങ്ങളിലും കാണാവുന്നതാണ്. പാപ്പാധിപത്യത്തെപ്പററിയുള്ള അവരുടെ പഠനവും പരിശോധനയും നിഷ്പക്ഷമല്ലെന്നു് അവയിൽനിന്നു സ്പഷ്ടമായി തെളിയുന്നുണ്ട്. അനേകം ഉദാഹരണങ്ങൾ ഇതിനു ചൂണ്ടിക്കാണിക്കാൻ കഴിയും. കേരളീയർക്കു് പരിചയപ്പെട്ട ഒരു ദൃഷ്ടാന്തം ഇവിടെ പറയാം.

"പാപ്പായുടെ ആധിപത്യം" എന്ന നാമത്തിൽ കുറെക്കൊല്ലങ്ങൾക്കുമുമ്പു് മി. കെ. എൻ. ഡാനിയേൽ ഒരു ഗ്രന്ഥം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയതും, അതിൽ അദ്ദേഹം സാക്ഷ്യങ്ങളുദ്ധരിക്കുന്നതിൽ ചെയ്തിട്ടുള്ള നാനാതരം കൃത്രിമങ്ങളെ "സത്യദീപം" ദൃഷ്ടാന്തങ്ങളുദ്ധരിച്ചു വെളിപ്പെടുത്തിയതും അതിനെത്തുടർന്നു ദീർഘമായ വാദപ്രതിവാദം നടന്നതും അവസാനത്തിൽ അതു "ഡാനിയേൽ—ചാക്കോ" അപകീർത്തിക്കേസിൽ കലാശിച്ചതും വായനക്കാരിൽ ചിലരെങ്കിലും ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. കേസു് വിചാരണകഴിച്ച ചെങ്ങന്നൂർ ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതി വിധിപ്രസ്താവിച്ചതു് പ്രതിഭാഗത്തുനിന്നു് ആരോപിക്കപ്പെട്ട കൃത്രിമങ്ങൾ വാദിയായ മി. ഡാനിയേൽ തൻെറ ഗ്രന്ഥത്തിൽ ചെയ്തിട്ടുണ്ടെന്നാണ്. അദ്ദേഹം പ്രസ്തുത ഗ്രന്ഥം രചിച്ചതു് നിഷ്പക്ഷമനോഭാവത്തോടുകൂടിയല്ലെന്നു് വിധിയിൽ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുമുണ്ട്. വിധിയിലെ ആ ഭാഗം ഇവിടെ ഉദ്ധരിക്കാം. ഒരു കത്തോലിക്കാഗ്രന്ഥകാരൻെറ സാക്ഷ്യമുദ്ധരിച്ചതിൽ തനിക്കു പ്രതികൂലമായ ഭാഗം വിട്ടുകളഞ്ഞതിനെപ്പററിയുള്ള ആരോപണത്തിനു മി. ഡാനിയേൽ പറഞ്ഞ മറുപടിയും അതിൻെറ വിമർശനവും കോടതിയുടെ വിധിയിൽ കൊടുത്തിരിക്കുന്നതിങ്ങനെയാണ്:

"അതിനുള്ള വാദിയുടെ മറുപടി വാദിയുടെ സ്വന്തവാക്കുകളിൽത്തന്നെ ചേർക്കുന്നു: 'വാദിക്കനുകൂലമായിട്ടുള്ള പ്രതിയുടെ ഒരു സമ്മതം വാദിവക്കീൽ എടുത്തുകാണിക്കുമ്പോൾ വാദിക്കെതിരായ ഭാഗങ്ങൾ വാദിയുടെ മൊഴിയിൽ വിട്ടുകളഞ്ഞതു് എന്തുകൊണ്ടെന്നു ചോദിക്കുന്നതിക്കവർ വക്കീലന്മാരുടെ കൂട്ടത്തിൽ കാണുകയില്ലെന്നാണു് എൻെറ പക്ഷം.' ഈ അഭിപ്രായം വാദിയുടെ മനസ്ഥിതിയെ പ്രത്യക്ഷപ്പെടുത്തുന്നു. ഒരു ചരിത്രാന്വേഷകനോ ഒരു സത്യാന്വേഷിക്കോ അനുയോജ്യമല്ലാത്ത വിധത്തിലുള്ളതും ദൂഷിച്ചതുമായ യുക്തിയാണ് ഇവിടെ പ്രകടിതമായിട്ടുള്ളതു്."

ഇങ്ങനെ നിഷ്പക്ഷമല്ലാത്ത സത്യാന്വേഷികൾക്കു യോജിക്കാത്ത മനസ്ഥിതിയോടുകൂടിയാണ് പല അകത്തോലിക്കാ പണ്ഡിതന്മാരും പാപ്പാധിപത്യത്തിൻെറ യാഥാർത്ഥ്യത്തെപ്പററി അന്വേഷണം നടത്തിയിട്ടുള്ളതു്. അതുകൊണ്ടാണ് അവർക്ക് ആ യാഥാർത്ഥ്യം കണ്ടുപിടിക്കുവാൻ സാധിക്കാതെപോയിട്ടുള്ളതു്. അവർ യാഥാർത്ഥ്യം കണ്ടുപിടിക്കണമെന്നു് ഉദ്ദേശിച്ചല്ല, പിന്നെയോ പാപ്പാധിപത്യം അയഥാർത്ഥമാണെന്നു സ്ഥാപിക്കണമെന്നു് ഉദ്ദേശിച്ചാണ് ഗ്രന്ഥമെഴുതുന്നതു്. അതുമാത്രമോ? കത്തോലിക്കാ ഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങൾ ഉദ്ധരിക്കുമ്പോൾ അവർപോലും പാപ്പാധിപത്യം തെററിദ്ധരിച്ചിട്ടുള്ളവരാണെന്നു കാണിക്കുവാൻ വേണ്ടി ഉദ്ധരണങ്ങളിൽ പല കൃത്രിമങ്ങൾ ചെയ്യുന്നുമുണ്ട്. ഇങ്ങനെയുള്ള അന്വേഷണത്തിൻെറ ഫലമായിട്ടാണ് പാപ്പാധിപത്യത്തെ നിഷേധിച്ചുള്ള ഗ്രന്ഥങ്ങളെഴുതി ജനതാമദ്ധ്യത്തിൽ പല അകത്തോലിക്കാപണ്ഡിതന്മാരും പ്രചരിപ്പിക്കാറുള്ളതു്. അർനോൾഡു് ലൺ വാദപ്രതിവാദത്തിൽ തൻെറ എതിരാളിയായിരുന്ന ഡോക്ടർ കോൾട്ടൺ, കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ചരിത്രം പഠിപ്പിച്ചിരുന്ന ആ പണ്ഡിതൻ, പാപ്പാധിപത്യത്തിനെതിരായി സാക്ഷ്യങ്ങളുദ്ധരിച്ചതിൽ ചെയ്തിരുന്ന പലതരം കൃത്രിമങ്ങൾ എടുത്തുകാണിച്ചിട്ടുണ്ട്. അതിനെപ്പററി ഇനിയൊരവസരത്തിൽ.



ടെട്ടു കൈകാലുകളും നഷ്ടപ്പെട്ട ഒരനാഥബാലൻ "മാർപ്പാപ്പാ ദീർഘായുഷ്മാനായിരിക്കട്ടെ" എന്നെഴുതുന്നതു് മാർപ്പാപ്പാതിരുമേനി സശ്രദ്ധം വീക്ഷിക്കുന്നു.

## വിദ്യാലയത്തിൽ ജപമാല

ലനാക്ക്ഷയറിലെ സെൻറ് മേരീസ് പ്രൈമറിസ്കൂളിൽ 700 കുട്ടികൾ അവരുടെ അദ്ധ്യാപകന്മാരുമൊരുമിച്ച് അനുദിനം ജപമാല ചൊല്ലുകയും ഫാത്തിമാമാതാവിനു് പ്രത്യേക പ്രാർത്ഥനകൾ സമർപ്പിക്കയും ചെയ്തുവരുന്നു. ജപമാലയുടെ ഒന്നാം രഹസ്യം കാലത്തു ചൊല്ലും. അടുത്ത രണ്ടു രഹസ്യങ്ങളും ഉച്ചയ്ക്കു സ്കൂൾ വിടുന്നതിനുമുമ്പായും നാലാമത്തേതു് ഉച്ചകഴിഞ്ഞു വന്നതിനുശേഷവും അഞ്ചാമത്തേതു് വൈകുന്നേരം സ്കൂൾ വിടുന്നതിനുമുമ്പായും ചൊല്ലിവരുന്നു.

പ്രഹസനം

# അടവുകൾ

(ജി. സി. ടീലാർ)

(ഇരുവർ ഇരുന്നു സംഭാഷിക്കുന്നു)

റക്കോസി—ഇത്രവലിയ ഒരാൾക്കൂട്ടത്തെ അഭിമുഖീകരിച്ച് ഇതിനുമുമ്പു ഞാൻ പ്രസംഗിച്ചിട്ടില്ലെന്നു തോന്നുന്നു. താങ്കളുടെ സാമർത്ഥ്യത്തിൻെറ ഒരു വിളംബരമായി ഞാൻ ഇതെടുക്കും. ഹംഗറിയിൽ ഇതെങ്ങനെ സാധിച്ചു എന്നെന്നോടൊന്നു പറയുമോ?

അർപ്പാട്ട് സക്കാസിററസ്— അങ്ങ്, ആദ്യം എനിക്കെഴുതിയിരുന്നതു് 20,000 ആളുകളെങ്കിലും മീററിംഗിനു് ഉണ്ടായിരിക്കണമെന്നാണല്ലൊ. ഞാൻ അതു സമ്മതിച്ചു്, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും രാജിവച്ചു് ഞാൻ ജനങ്ങളോടു പ്രസംഗിക്കാൻ പോകുന്നു എന്നു പ്രചരണവേല നടത്തി.

റക്കോസി—കൊള്ളാം. താങ്കൾ ബഹുസമർത്ഥൻതന്നെ. കമ്മ്യൂണിസ്റ്റ്കാരുടെ അടവുകൾ താങ്കളെ ആരും പഠിപ്പിക്കേണ്ടതില്ല. ഞാൻ പിന്നീടെഴുതിയിരുന്നതു 40 000 എന്നല്ലേ?

അ. സക്കാ—അതേ; മറെറാരു ചെറിയ വിദ്യ ഞാൻ പ്രയോഗിച്ചു അപ്പോൾ. അതു ഫലിക്കയും ചെയ്തു.

റക്കോ—അതെന്തായിരുന്നു, ആ വിദ്യ?

അ. സക്കാ—കമ്മ്യൂണിസ്റ്റ് നേതാവും വൈസ്പ്രസിഡൻറുമായ മി റക്കോസിതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും രാജിവച്ചിട്ടു് ജനങ്ങളോടു പ്രസംഗിക്കുവാൻ പോകുന്നു എന്നു ഞാൻ പരസ്യം ചെയ്തു.

റക്കോ—ഭേഷ്, അപ്പോൾ കിട്ടിയോ 40,000?

അ. സക്കാ— 40,000 അല്ല. 50,000 ആണ് അങ്ങയുടെ പേരുകേട്ടപ്പോൾ ഇളകിയതു്.

റക്കോ— ആകട്ടെ; അവസാനത്തെ വിദ്യ എന്തായിരുന്നു?

അ. സക്കാ—അങ്ങ് 1 00,000 എന്നെഴുതിയപ്പോൾ ഞാൻ അല്പം കുഴഞ്ഞുപോയി. ഹംഗറിയിൽ ഒരാൾക്കു മാത്രമേ ഇത്രവലിയ ഒരു ജനക്കൂട്ടം പ്രതീക്ഷിക്കുവാൻ കഴിയൂ.

റക്കോ— ആരാണതു്?

അ. സക്കാ—മിൻസെൻറി കർദ്ദിനാൾ പ്രസംഗിക്കുന്നു എന്നുകേട്ടാൽ ഓടിക്കൂടുന്ന ജനങ്ങൾക്കു കണക്കില്ല. അത്രവലിയ മതിപ്പാണ് അദ്ദേഹത്തെപ്പററി ജനങ്ങൾക്കുള്ളതു്.

റക്കോ—കർദ്ദിനാൾ മിൻസെൻറി തന്നെ പ്രസംഗിക്കുവാൻ പോകുന്നു എന്നു താങ്കൾ വ്യാജവാർത്ത പ്രചരിപ്പിച്ചിരുന്നു, അല്ലേ?

അ. സക്കാ—അതുതന്നെ ഞാൻ ചെയ്തു. അതാണ് ഇത്രവലിയ ഒരു ജനക്കൂട്ടം അങ്ങയുടെ പ്രസംഗം ശ്രവിക്കുവാനുണ്ടായിരുന്നതു്.

റക്കോ—മി. അർപ്പാട്ട് സക്കാസിററസ്, താങ്കളുടെ ബുദ്ധിവൈഭവം അത്ഭുതകരംതന്നെ. ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിനു് താങ്കൾ ഏററം വലിയ താങ്ങാണെന്നു സഖാവു മൊളോത്തോഫിനെ അറിയിക്കുവാൻ ഞാൻ അമാന്തിക്കയില്ല. സോഷ്യലിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി എന്ന സ്ഥാനത്തുനിന്നും ഹംഗറിയിലെ പ്രസിഡണ്ടായി ഉയരുവാൻ താങ്കൾക്കു യോഗമുണ്ടെന്നു ഞാൻ തീർത്തു പറയുന്നു. എനിക്കു് ഒരുകാര്യംകൂടി അറിയണമെന്നുണ്ടു്. മിൻസെൻറി കർദ്ദിനാളിനെ ജനങ്ങൾ ഇത്രമാത്രം ആദരിക്കുന്നതെന്തുകൊണ്ടു്?

അ. സക്കാ—അതിൻെറ കാരണങ്ങൾ പലതാണു്. ഒരു പാവപ്പെട്ട കർഷകകുടുംബത്തിൽ അദ്ദേഹം ജാതനായി; 1892 മാർച്ചു് 29-ാംനു-. 1915-ൽ അദ്ദേഹം ഒരു വൈദികനായി സെമിനാരിയിൽനിന്നും പുറത്തുവന്നു. നിരാശ്രയർക്കു വേണ്ടിയായിരുന്നു അദ്ദേഹത്തിൻെറ ജീവിതം. കർദ്ദിനാളായ ശേഷവും അദ്ദേഹം വേഷംമാറി സാധാരണ ജനങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്നു. ഭക്ഷണപാനീയങ്ങളോ വസ്ത്രമോ ഇല്ലാത്ത ഒരുത്തനെ കണ്ടുമുട്ടിയാൽ അദ്ദേഹം ആ മനുഷ്യൻെറ മേൽവിലാസം കുറിച്ചെടുത്തിട്ടു് സ്ഥലംവിടും. കുറേ ദിവസങ്ങൾ കഴിയുമ്പോൾ പേരുവയ്ക്കാത്ത ഒരെഴുത്തും കുറേ പണവും അയാൾക്കു കിട്ടും. ഇതാണു് കർദ്ദിനാൾ മിൻസെൻറി. കഴിഞ്ഞകൊല്ലം അദ്ദേഹം സ്വദേശമായ സെഹിമിൻസെൻറ് എന്ന ഗ്രാമത്തിൽ പോയി സ്വമാതാവിനോടുകൂടി കുറെ നാൾ താമസിച്ചു. അവിടെ അദ്ദേഹം ഒരു കൃഷീവലൻെറ വസ്ത്രങ്ങൾ ധരിച്ചു് തൻെറ പാവപ്പെട്ട അമ്മയെ വയലിലെ ജോലിയിൽ സഹായിക്കുകയുണ്ടായി.

റക്കോ—കർദ്ദിനാളെപ്പററിയുള്ള താങ്കളുടെ പ്രശംസകൾ അല്പം അതിരുകടന്നുപോയിരിക്കുന്നു എന്നു പറയാതിരിക്കുവാൻ തരമില്ല. ഒരു കമ്മ്യൂണിസ്റ്റ്കാരൻ പഠിച്ചിരിക്കണം ലോകം ഗണിക്കുന്ന ഏതു നല്ല പ്രവൃത്തിയെയും ദുർവ്യാഖ്യാനം ചെയ്യുവാൻ. അവിടെയാണു് അടവിൻെറ വിജയം.

അ. സക്കാ—ഞാൻ അതു് അഭ്യസിക്കാഞ്ഞിട്ടു പറഞ്ഞതല്ല. സത്യം ഗ്രഹിച്ചിട്ടു വേണമല്ലോ അതിനെ കുഴിച്ചുമൂടുവാനുള്ള ആയുധമെടുക്കുവാൻ.

റക്കോ—എന്നാൽ എൻെറ പ്രസ്താവന ഞാൻ പിൻവലിച്ചുകൊള്ളുന്നു. ആകട്ടെ, ഇന്നത്തെ എൻെറ പ്രസംഗം?

അ. സക്കാ—പ്രസംഗകല ഇത്ര വിദഗ്ദ്ധമായി പ്രകടിപ്പിക്കുവാൻ ലോകത്തിൽ മററാർക്കാണു കഴിയുക? ഇടിമുഴക്കങ്ങൾകൊണ്ടാണു് അതു ആരംഭിച്ചതുതന്നെ.

റക്കോ—ഒരു പുതിയരീതി അവസരംനോക്കി ഞാൻ അവലംബിച്ചു എൻെറ പ്രസംഗം എങ്ങനെയാണു് ജനങ്ങളിൽ ചെന്നടിച്ചതു്?

അ സക്കാ—അതു നൂറുശതമാനം വിജയിച്ചിരിക്കുന്നു. അതിൻെറ മുമ്പൂരം ഒരൊററ മനുഷ്യനും മറക്കുവാൻ സാദ്ധ്യമല്ല.

റക്കോ—എന്നാൽ താങ്കളുടെ ഓർമ്മശക്തി ഞാനൊന്നു പരീക്ഷിക്കട്ടെ.

അ. സക്കാ—ഇതാ കേട്ടുകൊള്ളൂ: "എൻെറ ജനങ്ങളേ, ഇതാ ഒരു പുതിയ ദൈവം നിങ്ങളുടെ അടുക്കലേക്കു വന്നിരിക്കുന്നു. ദേവാലയങ്ങളിൽക്കൂടിയും അൾത്താരത്തിരികളിൽക്കൂടിയുമല്ല അവൻെറ തീക്കണ്ണുകൾ ജ്വലിക്കുന്നതു്. വിശുദ്ധന്മാരുടെ ചവിട്ടു പടങ്ങൾ സ്വർണ്ണക്കൂടുകളിൽ ഇട്ടു് അലങ്കരിക്കുമ്പോഴല്ല അവൻെറ കണ്ണുകൾ തെളിയുന്നതു്. വിശ്വാസികളുടെ ചുംബനം കൊണ്ടു തേഞ്ഞുപോയ ഒരു കൽപ്രതിമയല്ല ഈ പുതിയ ദൈവം. അവൻ സ്വർഗ്ഗത്തിലുമല്ല. അവൻ വിദൂരത്തിലോ, മറഞ്ഞോ ഇരിക്കുന്നില്ല. പുതിയ ദൈവം ഭൂമിയിലും രക്തത്തിലും നിന്നു ജനിച്ചിരിക്കുന്നു. അവൻ ചവിട്ടുമ്പോൾ ഇടിമുഴക്കമുണ്ടാകയും ലോകം കിഴക്കുമുതൽ പടിഞ്ഞാറുവരെ വിറയ്ക്കുകയും ചെയ്യുന്നു. ഇതാകുന്നു ചെമ്പൈവം. അവൻെറ താഡനത്തിൽ സീൻനദി ഭയപ്പെട്ടു് ഇരുകരകളെയും ഭേദിക്കുന്നു; ജെറിക്കോയെപ്പോലെ വെസ്റ്റ്മിനിസ്റ്റർ ഞെട്ടുന്നു. അവൻെറ ചെന്നിഴൽ അററ്ലാൻറിക്ക് മഹാസമുദ്രത്തെ തരണം ചെയ്തു് അമേരിക്കൻ പ്രസിഡൻറിൻെറ വാസസ്ഥലമായ വൈററ്ഹൗസിൻെറ ഭിത്തികളിൽ ചെന്നു പതിക്കുന്നു. ഹോശാന—പുതിയ ദൈവത്തിനു്—" ഇതു കേട്ട ജനങ്ങൾ ഒരു പുതിയദൈവത്തെ കണ്ടു എന്നാണു തോന്നുന്നതു്.

റക്കോ—താങ്കളുടെ ഓർമ്മശക്തി വിസ്മയകരംതന്നെ; പ്രസംഗത്തിലെ ഒററ അക്ഷരംപോലും തെററിയിട്ടില്ല. താങ്കളുടെ സേവനത്തിനുള്ള സമ്മാനം അനതിവിദൂരമായ ഭാവിയിൽ. ഞാൻ ഇപ്പോൾ പോകട്ടെ. നമ്മുടെ ശത്രുക്കളെ ഒന്നടങ്കം നശിപ്പിക്കുവാനുള്ള തന്ത്രങ്ങളിൽക്കൂടിയാണു് നാം ഇനി നീങ്ങേണ്ടതു്.

അ. സക്കാ—റെയിൽവേസ്റ്റേഷൻവരെ ഞാനുംകൂടി വരുന്നു.

റക്കോ— ഭേഷ്, ഭേഷ്, നമുക്കൊന്നിച്ചുപോകാം. (ഇരുവരും മറയുന്നു)

രംഗം 2

(ഹംഗറിയിലെ പ്രീമിയർ മി. ഡോബി ഏതാനും ചിലതെല്ലാം എഴുതിക്കൊണ്ടിരിക്കുന്നു എഴുത്തു നിറുത്തി അദ്ദേഹം കാളിംഗ്ബെൽ അടിക്കുന്നു. സെക്രട്ടറി പ്രവേശിക്കുന്നു മേശപ്പുറത്തു കിടക്കുന്ന ഒരു പത്രം പൊട്ടിക്കുമ്പോൾ കാണുന്നു രണ്ടുപടങ്ങൾ—മിൻസെൻറി കർദ്ദിനാൾ ജയിലിൽ പോകുന്നതിനുമുമ്പുംപോയതിനുശേഷവും എടുത്ത ഫോട്ടോകൾ.)

എല്ലാനിറത്തിലും സാറിൻ സിക്കർ
മുത്തുക്കുടകൾ തയ്യാറുണ്ടു്
കൊളമ്പോ സാരിവക്ക്സ്, ബ്രോഡ്വെ, എറണാകുളം

FREE INDIA BANK LIMITED
H. O. Kottayam, Travancore
(Incorporated under Travancore Companies Act—
Liability of Members Limited.)
Branches:—
Changanacherry Kidangoor Kothamangalam
Kottayam Nedumkunnam Palai
Ponkunnam. Ramapuram. Ullala.
FIXED DEPOSITS received at rates varying from 4%—6%
interest per annum.
6% CASH CERTIFICATES issued.
CHEQUES, DRAFTS & BILLS accepted
All interests payable Half Yearly.
BANKING BUSINESS OF ALL KINDS UNDERTAKEN.
Chairman: Mr. V. C. George B. A L. T.
Managing Director: Vakil Mr. Mathew J. Mattom.
Secretary: Mr. Mathew J. Kaithakary

ഡോബി—ഇങ്ങോട്ടു തരു അതു്. (സെക്രട്ടറി കൊടുക്കുന്നു പടങ്ങൾ രണ്ടും കണ്ടു ഡോബി ഞെട്ടുന്നു)

ഡോബി—ഗവമ്മെൻറിൻെറ മേൽ ചെളിവാരിഎറിയുന്ന ഈ പടം എങ്ങനെ പുറത്തു പോയിഎന്നറിയാമോ?

സെക്രട്ടറി—ജനകീയ കോടതിയിൽ വച്ചു് ആരോ സ്നാപ്പ് എടുത്തതായിരിക്കണം.

ഡോബി—ആരായാലും അന്വേഷിച്ചു വിവരം അറിയണം. നമ്മെ കളങ്കപ്പെടുത്തുവാൻ ആരോ കരുതിക്കൂട്ടിച്ചെയ്ത ഒരു ചതിപ്രയോഗമാണിതു്. ("പ്രതിഷേധങ്ങൾ" എന്ന ശീർഷകം കണ്ടു് പ്രീമിയർ വീണ്ടും ഞെട്ടുന്നു കടലാസ് സെക്രട്ടറിയെ ഏല്പിച്ചിട്ടു്) താങ്കൾ "പ്രതിഷേധങ്ങൾ" വായിക്കുക നാം അറിയേണ്ട ചില കാര്യങ്ങൾ അതിലുണ്ടു്. കഴിയുമെങ്കിൽ പ്രതിഷേധം പുറപ്പെടുവിച്ചവരെ ഒതുക്കാമോ എന്നും നോക്കണം.

(സെക്രട്ടറി വായിച്ചുതുടങ്ങുന്നു)

സെക്ര—ഡെയിലി മെയിൽ

ഡോബി—"ഡെയിലി മെയിൽ" എന്തു പറയുന്നു? മിൻസെൻറി അറസ്റ്റിനെപ്പററി.

സെക്ര— വായിക്കുന്നു) ബുഡാപ്പെസ്റ്റിലെ ജനകീയ കോടതിയുടെ മുമ്പാകെ കർദ്ദിനാൾ മിൻസെൻറി കുററം ഏററുപറഞ്ഞു എന്നതു് പശ്ചിമലോകത്തെ അത്ഭുതംകൊള്ളിക്കുന്ന ഒരു വാർത്തയാണു്. 20 കൊല്ലമായി കിഴക്കൻ യൂറോപ്പിൽ നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ കോടതിയുടെയും കുററസമ്മതത്തിൻെറയും വിചിത്രമായ ശൃംഖലയിൽ ഒരു കണ്ണികൂടി ചേർക്കപ്പെട്ടിരിക്കുന്നു ഇതു മൂലം—

ഡോബി—"ഡെയിലി മെയിൽ" താമസിയാതെ ഡോബിഗവമ്മെൻറിൻെറ ശക്തി അറിയും. അടുത്തതു വായിക്കൂ

സെക്ര—"ഡെയിലി ടെലെഗ്രാഫ്" —വിസ്താരസമയത്തു് പത്രപ്രതിനിധികൾക്കു പ്രവേശനമനുവദിക്കുന്നതിൽ ഹംഗേറിയൻ ഗവമ്മെൻറു കാണിച്ച സങ്കുചിതത്വവും നിയന്ത്രണത്തിലുള്ള കാർക്കശ്യവും ശ്രദ്ധാർഹമായിരിക്കുന്നു. വിദേശപത്രപ്രതിനിധികൾ ബുഡാപ്പെസ്റ്റിൽ ഹാജരാകുന്നതിനെ തടസ്സപ്പെടുത്തിയതും ഗവമ്മെൻറിൻെറ പാർശ്വവർത്തികളെമാത്രം പ്രവേശിപ്പിച്ചതും സംശയങ്ങളെ വർദ്ധിപ്പിച്ചിരിക്കുന്നു—

ഡോബി—അതുകളയൂ. ഇനിയത്തതു്.

സെക്ര—"ഡെയിലി എക്സ്പ്രസ്" —കർദ്ദിനാൾ മിൻസെൻറിയുടെ വിചാരണയിൽ സംബന്ധിക്കുന്നതിനു് ബ്രിട്ടൻെറയും അമേരിക്കയുടെയും പ്രതിനിധികളെ അനുവദിക്കാഞ്ഞതിനെ പ്രതിഷേധിച്ചുകൊണ്ടു് മി. ബെവിൻ ഹംഗേറിയൻ ഗവമ്മെൻറിനയച്ച കത്തു് വളരെ സന്ദർഭോചിതമായിരിക്കുന്നു—

ഡോബി—ആ എഴുത്തു ഞാൻ ചവററുകൊട്ടയിൽ തള്ളി അമേരിക്കയും ബ്രിട്ടനും മുതലാളിത്തഗവമ്മെൻറുകളാണു്. അതുകൊണ്ടു് അവരുടെ പ്രതിനിധികളെ സ്വീകരിച്ചില്ല എന്നു മാത്രം. ഇനി അടുത്തതു വായിക്കൂ

സെക്ര—"വെസ്റ്റേൺ ഡെയിലി പ്രെസ്" —കത്തോലിക്കാസഭയ്ക്കും ക്രൈസ്തവലോകത്തിൻെറ സമഗ്രതയ്ക്കും മാത്രമല്ല; മതപരവും രാഷ്ട്രീയവുമായ ആശയങ്ങൾക്കും പ്രകാശനങ്ങൾക്കും മനുഷ്യസ്വാതന്ത്ര്യം അനുവദിക്കുന്ന സകല രാഷ്ട്രങ്ങളുടെയും മൗലികപ്രമാണങ്ങൾക്കും ഏററം ഗുരുതരമായ ഒരപമതിയാണു് മിൻസെൻറി കർദ്ദിനാളിൻെറ നാസികീയവിസ്താരംമൂലം ഹംഗേറിയൻ ഗവമ്മെൻറു വരുത്തിവച്ചിരിക്കുന്നതു്—

ഡോബി—കത്തോലിക്കാസഭ! ക്രൈസ്തവലോകം! രാഷ്ട്രങ്ങൾ! കൊള്ളാം. ഇതെല്ലാം തകരുന്ന ഒരു സമയം വരുന്നു എന്നു് "വെസ്റ്റേൺ ഡെയിലി പ്രെസ്" കരുതിക്കൊള്ളട്ടെ. ആകട്ടെ; ഇനിയുമുണ്ടോ പ്രതിഷേധങ്ങൾ?

സെക്ര—ഉണ്ടു്. "ദി സ്റ്റാർ" —കർദ്ദിനാൾ മിൻസെൻറിയുടെ വിസ്താരത്തിലും ശിക്ഷയിലും അടങ്ങിയിരിക്കുന്ന നീതിന്യായത്തെ ലോകം ചോദ്യം ചെയ്യുന്നുവെങ്കിൽ ഹംഗേറിയൻ ഗവമ്മെൻറിനു് അതേപ്പററി പരിഭവിക്കാനില്ല—

ഡോബി—"സ്റ്റാർ" പ്രകാശിപ്പിക്കുമെന്നു ഞാൻ ഓർത്തു പക്ഷേ അതും മുതലാളികളെ കൂട്ടുപിടിച്ചിരിക്കയാണു്. ഇനിയുമുണ്ടോ?

സെക്ര —"ഡെയിലി മിറർ"— അധികാരത്തിലെത്തിയ കിരാതത്വവും ചിന്താസ്വാതന്ത്ര്യത്തിൻെറ പേരിൽ ഒരു രക്തസാക്ഷിയെ നിർമ്മിച്ചിരിക്കുന്നു—

ഡോബി— ചിന്താസ്വാതന്ത്ര്യം! അതനുവദിക്കേണ്ടതു് ആർക്കാണെന്നു് എനിക്കറിയാം. അടുത്തതു്.

സെക്ര—"യോർക്ക്ഷെയർ പോസ്റ്റ്"—പ്രസിദ്ധപ്പെടുത്തിക്കാണുന്ന തരത്തിലുള്ള കുററസമ്മതം പീഡനത്തിൻെറ കൊടിൽകൊണ്ടു വലിച്ചെടുത്തതല്ലയോ എന്നു ബലമായി ഞങ്ങൾ സംശയിക്കുന്നു. അതിൽ വിസ്മയവുമില്ല. വളരെ കാലമായി ഹംഗറി, റുമേനിയ, ബൽഗേറിയ മുതലായ രാജ്യങ്ങളിൽ രാഷ്ട്രീയതടവുകാരെ മർദ്ദിക്കുന്നതു് ഒരു പോലീസ് പരിപാടിതന്നെ ആയിത്തീർന്നിട്ടുണ്ടു്—

ഡോബി—അതു കളയൂ അടുത്തതു്.

സെക്ര—"ന്യൂക്രോണിക്കിൾ"—റോമൻ കത്തോലിക്കരുടെ ഇടയിൽ മാത്രമല്ല എല്ലാ ക്രിസ്തീയവിഭാഗക്കാരുടെ ഇടയിലും കർദ്ദിനാളിൻെറ തടവിനെയും

# Sathya Deepam

Vol. 22 Ernakulam March 30, 1949 No. 32

വിസ്താരത്തെയുംപററി വലുതായ ഉൽക്കണ്ഠയുണ്ട്—

ഡോബി—ഇനിയത്തേതു് എല്ലാം വായിച്ചതല്ല. നമ്മെ അനുകൂലിക്കുന്ന വല്ലവരുമുണ്ടെങ്കിൽ അതാണു കേൾക്കേണ്ടതു്.

സെക്ര—"ലണ്ടൻ ടൈംസ്"—ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രം ക്രിസ്ത്യൻ സാമ്രാജ്യത്തോടു ചെയ്തതിൽ ഏററം ഗൗരവാവഹമായ ഒരു കൃത്യമാണിതു്—

"ഒസ്സെർവത്തോരെ റൊമാനോ"—സാൻഹെഡ്റിൻ സംഘത്തിൻെറ വിദ്വേഷത്തിനും ഹേറോദേസിൻെറ അവഹേളനത്തിനും പീലാത്തോസിൻെറ പാതകത്തിനും തുല്യമായിരിക്കുന്നു ഈ സംഭവം—

"ഇന്നസൻറ് പത്രം"—കർദ്ദിനാൾ മിൻസെൻറി നിയമപരമായും മനസ്സാക്ഷിപ്രകാരവും നിരപരാധിയാണെന്നു ഞങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു—

ഡോബി—അതെവിടെയുള്ള പത്രം?

സെക്ര—തിരുവിതാംകൂറിൽ.

ഡോബി—അതു ഭൂഗോളത്തിൻെറ ഏതുഭാഗത്തു്?

സെക്ര—ഇൻഡ്യയിൽ, ഹിമാലയത്തിനു താഴെ.

ഡോബി—അവിടത്തെ ഭാഷഏതു്?

സെക്ര—മലയാളം. പത്രാധിപർ തർജ്ജിമ ചെയ്തു് ഇങ്ങോട്ടയച്ചിരിക്കയാണു്.

ഡോബി—പത്രാധിപർ ആരു്?

സെക്ര—ഒരു ഈഴവൻ എന്നു കാണുന്നു.

ഡോബി—ഈഴവൻ എന്നുവച്ചാൽ?

സെക്ര—ബ്രഹ്മാവിൻെറ പാദത്തിൽനിന്നും ജനിച്ച എന്നു വിശ്വസിക്കുന്ന ഒരുകൂട്ടം ഹിന്ദുക്കൾ എന്നാണു് നിർവ്വചനമെന്നു തോന്നുന്നു.

...യ പ്രജാസ്വാതന്ത്ര്യനിഹനകൃത്യങ്ങൾ അതിൻെറ പാരമ്യത്തിൽ എത്തിയിരിക്കുന്നതാണു് ഈ അറസ്റ്റ്—

മി. ഫ്രാസ്സർ: വലിയ ആശങ്കയോടുകൂടി മാത്രമേ ഈ അറസ്റ്റിനെയും വിസ്താരത്തെയും പരിഗണിക്കാൻ സാധിക്കൂ—

പേപ്പൽ പ്രതിനിധി ഇൻഡ്യാ: മതമർദ്ദനത്തിൻെറ കാലം കഴിഞ്ഞിട്ടില്ല എന്നാണു് കർദ്ദിനാൾ മിൻസെൻറിയുടെ അറസ്റ്റ് നമുക്കറിവുതരുന്നതു്—

സ്പെൽമൻ ന്യൂയോർക്ക്: ക്രൂരമർദ്ദനവും കൈവിഷവും കർദ്ദിനാൾ മിൻസെൻറി തിരുമേനിയെ മനുഷ്യശക്തിക്കതീതമായ സഹനരംഗത്തു് എത്തിച്ചിരിക്കുന്നു—

ഡോബി—ദൂരെക്കളയൂ അതെല്ലാം. ഏതായാലും നമ്മുടെ പ്രവൃത്തിയെ നീതീകരിക്കുവാൻ ഒരുപായം കണ്ടുപിടിക്കണം. താങ്കൾക്കു് എന്തുതോന്നുന്നു?

സെക്ര—കർദ്ദിനാളിനു് അനേകലക്ഷം രൂപായുടെ സ്വത്തുക്കൾ ഉണ്ടായിരുന്നുവെന്നും അതു സഭയ്ക്കു വേണ്ടി വിട്ടുകൊടുക്കുവാൻ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് അവശ്യപ്പെട്ടിട്ടു് കൊടുക്കായ്കയാലാണു് ശിക്ഷിക്കപ്പെട്ടതെന്നും ഒരു പ്രസ്താവന പുറപ്പെടുവിച്ചാൽ നന്നായിരിക്കുമെന്നു തോന്നുന്നു.

...സെക്ര—മറവുസ്ഥലങ്ങളിൽ തീർച്ചയായും.

ഡോബി—എന്നാൽ അങ്ങനെതന്നെ ചെയ്യൂ. കർദ്ദിനാളിനു സ്വന്തമായി രണ്ടേകാൽ ലക്ഷം ഏക്കർ ഭൂമി ഹംഗറിയിലും ആയിരക്കണക്കിനു് ഏക്കർ ആസ്ട്രേലിയായിലുമുണ്ടു്. ലക്ഷക്കണക്കിനു ഡോളർ അദ്ദേഹം അമേരിക്കൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടു് എന്നുകൂടി എഴുതിവിട്ടേക്കണം. കണക്കു കേൾക്കുമ്പോൾ ആളുകൾ ദൃഢമായി വിശ്വസിച്ചുകൊള്ളും.

(ഇരുവരും മറയുന്നു) (തുടരും)

## പിൻവലിച്ചു

കർദ്ദിനാൾ മിൻസെൻറിയോടുകൂടി അറസ്റ്റുചെയ്യപ്പെട്ട 5 പേർ മാർച്ച് 1-ാംനു അവരുടെ "കുററസമ്മതം" ബുഡാപ്പെസ്റ്റിലെ കോടതിയിൽവച്ചു് പിൻവലിച്ചിരിക്കുന്നു. പൊലീസിൻെറ ഭീഷണി നിമിത്തമാണു് പ്രസ്തുത ഏററുപറച്ചിലുകൾക്കു് അവർ ഒപ്പിട്ടതെന്നു് അവർ പ്രസ്താവിച്ചു. നാണയങ്ങളെ അനധികൃതമായി കൈകാര്യംചെയ്യുന്നതിൽ കർദ്ദിനാളിനെ സഹായിച്ചു എന്ന കുററമാണു് അവരുടെമേൽ ചാർജ്ജ്ചെയ്യപ്പെട്ടിരിക്കുന്നതു്. വിസ്താരത്തിനുമുമ്പാണു് കുററസമ്മതത്തിൽ അവർ ഒപ്പിട്ടുകൊടുത്തതു്. ഒരുമാസക്കാലം കാരാഗൃഹവാസം അനുഭവിച്ചതുനിമിത്തമുണ്ടായ അസ്വസ്ഥതയും അനാരോഗ്യവും മനസ്സിൻെറ ബലഹീനതയും നിമിത്തമാണു് പൊലീസിൻെറ ഭീഷണികൾക്കു് അവർ വഴിപ്പെടാനിടയായതെന്നു് ഇപ്പോഴവർ തുറന്നു പറഞ്ഞിരിക്കുന്നു.

# ഇന്ത്യയിലെ കത്തോലിക്ക വൈദിക മേലദ്ധ്യക്ഷന്മാർ

(1937—ലെ ഒരു ചിത്രം)



മുൻനിരയിൽ ഇരിക്കുന്നവർ:— 1. കൊച്ചി ബിഷപ്പ് 2. ചിററഗോംഗ് ബിഷപ്പ് 3. മംഗലാപുരം ബിഷപ്പ് 4. വിശാഖപട്ടണം ബിഷപ്പ് ഡോക്ടർ പീററർറൊസാലിയൻ (മരിച്ചു) 5. ആഗ്രാ ആർച്ചുബിഷപ്പ് 6. ഡൽഹി-സിംലാ ആർച്ചുബിഷപ്പ് 7. കൽക്കട്ടാ ആർച്ചുബിഷപ്പ് 8. ഗോവാ പാത്രിയർക്കീസ് 9. ഡലഗാദപ്പസ്തോലിക്ക ഡോ. ർ ലിയൊ പി. കീയെർക്കെൽസ് 10. മദ്രാസ് ആർച്ചുബിഷപ്പ് 11. എറണാകുളം ആർച്ചുബിഷപ്പ് 12. തിരുവനന്തപുരം ആർച്ചുബിഷപ്പ് 13. വരാപ്പുഴ ആർച്ചുബിഷപ്പ് 14. ബോംബെ ആർച്ചുബിഷപ്പ് 15. പോണ്ടിച്ചേരി ആർച്ചുബിഷപ്പ് 16. മൈലാപ്പൂർ ബിഷപ്പ് 17. നാഗപ്പൂർ ബിഷപ്പ്. രണ്ടാം നിരയിൽ നിൽക്കുന്നവർ: 1. തിരുവല്ലാ അഡ്മിനിസ്റ്റ്രേററരായിരുന്ന മോണ്: സക്കറിയാസ് വാച്ചാപറമ്പിൽ 2. ഡാക്കാ ബിഷപ്പ് 3. മൈസൂർ ബിഷപ്പ് 4. ഗോവാപാത്രിയർക്കീസിൻെറ ആക്സിലിയറി ബിഷപ്പ് 5. തൂത്തുക്കുടി ബിഷപ്പ് 6. നെല്ലൂർ ബിഷപ്പ് 7. ലാഹോർ ബിഷപ്പ് 8. കാഫറിസ്ഥാൻ—കാശ്മീർ പ്രീഫെക്ററ് അപ്പസ്തോലിക്ക 9. ജബൽപ്പൂർ പ്രീഫെക്ററ് അപ്പസ്തോലിക്ക 10. അജ്മീർ ബിഷപ്പ് 11. തൃശ്ശൂർ ബിഷപ്പ് 12. ചങ്ങനാശേരി ബിഷപ്പ് 13. ഗാൽസി ബിഷപ്പ് 14. പാററ്നാ ബിഷപ്പ് 15. കോട്ടയം ബിഷപ്പ് 16. തിരുവല്ലാ അഡ്മിനിസ്റ്റ്രേററർ മാർ സെവേരിയാസ്. മൂന്നാം നിരയിൽ നിൽക്കുന്നവർ: 1. ബല്ലാരിമിഷൻ സുപ്പീരിയർ 2. ഹൈദ്രബാദ് ബിഷപ്പിൻെറ പ്രതിനിധി 3. കൊല്ലം ബിഷപ്പ് 4. സേലം ബിഷപ്പ് 5. റാഞ്ചി ബിഷപ്പ് 6. തിരുവനന്തപുരം ബിഷപ്പ് 7. കറാച്ചി മിഷൻ സുപ്പീരിയർ 8. ഇൻഡോർ പ്രീഫെക്ററ് അപ്പസ്തോലിക് 9. ബസ്വാഡാ അഡ്മിനിസ്റ്റ്രേററർ അപ്പസ്തോലിക് 10. കുംഭകോണം ബിഷപ്പ് 11. തൃശ്ശിനാപ്പള്ളി ബിഷപ്പ് 12. കോഴിക്കോട്ടു ബിഷപ്പ് 13. ഷില്ലോങ്ങ ബിഷപ്പ് 14. കോഴിക്കോട്ട് അഡ്മിനിസ്റ്റ്രേററർ അപ്പസ്തോലിക്ക 15. കൃഷ്ണനഗർ അഡ്മിനിസ്റ്റ്രേററർ അപ്പസ്തോലിക്ക 16. കാറാച്ചി എക്ലീസ്യാസ്റ്റിക്കൽ സുപ്പീരിയർ.

N. B. 1937 ലേതിൽനിന്നും, കൊച്ചി, വിശാഖപട്ടണം, ഡാക്കാ, മൈസൂർ, ലാഹോർ, റാവൽപ്പിണ്ടി, തൃശ്ശൂർ, പാററ്നാ, കറാച്ചി, കൃഷ്ണനഗർ, കോഴിക്കോട്ട്, ഇൻഡോർ, ബസ്വാഡാ എന്നീ വൈദികമണ്ഡലങ്ങളിൽ ഭരണമാററം ഉണ്ടായിട്ടുണ്ടു്.

"എക്കണോമിസ്റ്റ് ലണ്ടൻ"

ഡോബി—കൊള്ളാം, അതു വായിക്കൂ. ഭൗതികവാദം പുലർത്തുന്ന ഒരു ലണ്ടൻപത്രമാണതു്. അതു നമ്മെ അനുകൂലിക്കും.

സെക്ര—വായിക്കാം. ചിന്താസ്വാതന്ത്ര്യത്തിന്മേൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രം നടത്തുന്ന ഒരു കൈയേററമെന്ന നിലയിൽ ഹംഗറിയിലെ കത്തോലിക്കർമാത്രമല്ല, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന യൂറോപ്പിലെയും അമേരിക്കയിലെയും ആളുകൾക്കും പ്രാധാന്യമുള്ളതാണു് മിൻസെൻറി കർദ്ദിനാളിനെ സംബന്ധിച്ച നടപടികൾ—

ഡോബി—പ്രതീക്ഷിച്ചതരത്തിലല്ലല്ലൊ അതിൻെറ പോക്കു്. ആരോ പണം കൊടുത്തു് എഴുതിച്ചതാണു്. നമുക്കു് അനുകൂലമായി അഭിപ്രായപ്പെട്ടിരിക്കുന്നവർ ആരുമില്ലേ?

സെക്ര—"ദേശാഭിമാനി" എന്നൊരു പത്രമുണ്ടു്.

ഡോബി—ഹോ ഹോ, ..... ദൂരെക്കളയൂ അതു്.

സെക്ര—ഇനി മഹാന്മാരുടെ പ്രസ്താവനകൾ ഉണ്ടു്.

ഡോബി—എന്തുമഹാന്മാർ! ഓ, കേൾക്കട്ടെ.

സെക്ര — ഫിലാഡൽഫിയായിലെ ഒാവേർണി പറയുന്നു: ഈ അറസ്റ്റ് ഗർഹണീയവഞ്ചനയും അപരാധവുമാണു്—

ആസ്ട്രേലിയായിലെ ഗിൽറോയി: ഇതു് പൈശാചികമായ ഒരു സഭാമർദ്ദനംതന്നെ—

ബെൽജിയത്തിലെ വാൻറോസി: ഇതു് കമ്മ്യൂണിസ്റ്റ് നിഷ്ഠുരതയുടെ ഘോരോദാഹരണംമാത്രം—

കർദ്ദിനാൾ റൊഡ്റിഗ്വസ്: ഈ അറസ്റ്റ് ഒരു മഹാപാതകമാണു്—

മിസ്സസ് റൂസ്‌വെൽററ്: ഈ അറസ്ററും വിധിയും ഒരു വിഡ്ഢിത്ത കലാപ്രകടനമാണു്—

മി. റോബർട്ട് ലോവെൽററ്: ഹംഗേറിയൻ ഗവമ്മെൻറിൻെറ ദീർഘമാ...

ഡോബി—കൊള്ളാം. അതു തരക്കേടില്ല. പക്ഷേ അവ വിശ്വസിക്കുവാൻ ആളുണ്ടാകുമോ?

സെക്ര—ധാരാളം പേരുണ്ടാകും. അച്ചടിയിൽ കാണുന്നതെല്ലാം അപ്പടി വിശ്വസിക്കുന്നവരാണു് സാധാരണജനങ്ങൾ. "ളോഹയുടെ മറപിടിച്ചുകൊണ്ടു് കള്ളക്കമ്മട്ടവും കരിഞ്ചന്തയും നടത്തി ജനങ്ങളെ കൊള്ളയടിച്ച മിൻസെൻറി കർദ്ദിനാൾ" എന്ന ശീർഷകത്തിൽനമുക്കുവിജയംനേടാമായിരിക്കും.

ഡോബി—ഹംഗറിയിൽ അതു ഫലപ്പെടുമോ?

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam